www.Malluvibes.com

28-8-2011 വില 15 രൂപ

more pictures & videos..
www.nanaonline.in

നാന
സിനിമാവാരിക

ഹിറ്റുകൾക്ക് പിന്നിലെ ശബ്ദം

നയൻസ് ഹിന്ദുമതത്തിലേയ്ക്ക്

ശോഭനയുടെ കൃഷ്ണചരിത

www.Mallutribes.com

MAXO®
'A' GRADE

കൊതുകിന്റെ ഒറ്റ കടി മാരകമായേക്കാം.

കൊതുകുകൾ നമ്മുടെ ചോര വലിച്ചെടുത്ത് പകരം നമുക്ക് രോഗങ്ങൾ നൽകുന്നു. ഇന്ത്യയിൽ കൊതുകുജന്യമായ രോഗങ്ങൾ മൂലം എല്ലാ വർഷവും ആയിരക്കണക്കി നാളുകൾ മരിക്കുന്നു. അതുകൊണ്ടാണ് മാക്സോ മികച്ച ശക്തിയുള്ളതും ക്വിക്ക് റിലീസ് വിക്കോടുകൂടിയതുമായ പുതിയ **'എ ഗ്രേഡ് മാക്സ് കിൽ' ഫോർമുല** നൽകുന്നത്. ഇത് സെക്കന്റുകൾക്കുള്ളിൽ ഒരോ കൊതുകി നേയും തുരത്തി മാറ്റുന്നു.*

കൊതുകുകളില്ല. കൊതുകു കടികളില്ല. രോഗങ്ങളില്ല.

എന്തുതന്നെയായാലും മഹത്തായ രാവുകൾ തരുക്കുന്നു മഹത്തായ പകലുകൾ.

*പരീക്ഷണ സാഹചര്യങ്ങളിൽ

www.Mallutribes.com

Jyothy LABORATORIES LIMITED

www.Mallutribes.com

www.Mallutribes.com

സ്ഥാപകൻ ആർ. കൃഷ്ണസ്വാമി
Member I.N.S
പുസ്തകം 39 ലക്കം 43
28-8-2011 വില 15 രൂപ

യഥാർത്ഥ കാരണത്തെ മറച്ചുകൊണ്ട്

കന്നഡ ഫിലിം ചെയിമ്പർ ഓഫ് കൊമേഴ്സ് വളരെ വിചിത്രമായ ഒരു തീരുമാനം കൈക്കൊണ്ടിരിക്കുന്നു. അന്യഭാഷാ ചിത്രങ്ങൾ ഡബ്ബ് ചെയ്ത് പ്രദർശിപ്പിക്കുന്നത് ഇനിമുതൽ കർണ്ണാടകത്തിൽ അനുവദിക്കില്ലത്രെ. കഴിഞ്ഞ കുറെ കാലമായി കന്നഡ സിനിമ അഭിമുഖീകരിക്കുന്ന തകർച്ചയ്ക്ക് പരിഹാരം കാണാനാണ് ഇത്തരം ഒരു തീരുമാനം കൈക്കൊണ്ടിരിക്കുന്നത്.

കഴിഞ്ഞ കുറെക്കാലമായി ഡബ്ബിംഗ് ചിത്രങ്ങൾക്ക് കർണ്ണാടകയിൽ കാഴ്ചക്കാർ വർദ്ധിച്ചുവരികയാണ്. തമിഴ്, മലയാളം, തെലുങ്ക് ഭാഷകളിലെ ഹിറ്റ് ചിത്രങ്ങൾ മിക്കതും കർണ്ണാടകയിലും ഹിറ്റുകളായി മാറിയിട്ടുണ്ട്. (ഡബ്ബ് ചെയ്തപ്പോൾ) യന്തിരൻ, മഹധീര തുടങ്ങിയ ചിത്രങ്ങൾ ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാം. ഇവയുടെ വിജയമാണ് പുതിയൊരു ട്രെന്റിന് വഴിയൊരുക്കിയത്.

കന്നഡ പ്രാദേശിക ചിത്രങ്ങളെ ഇത് വളരെയധികം പ്രതികൂലമായി ബാധിച്ചിരിക്കുന്നുവെന്നാണ് കർണ്ണാടകാ ഫിലിം ചെയിമ്പർ ഓഫ് കൊമേഴ്സിന്റെ വക്താക്കളുടെ അഭിപ്രായം. കന്നഡത്തിൽ കഴിഞ്ഞ വർഷം 132 സിനിമകൾ റിലീസായതിൽ ആറു സിനിമകൾ മാത്രമാണ് വൻ വിജയം കൈവരിച്ചത്. പത്ത് ചിത്രങ്ങൾ മുതൽമുടക്ക് തിരിച്ചുപിടിച്ചു. ബാക്കി ചിത്രങ്ങളെല്ലാം ആഴ്ചകൾക്കകം തീയറ്റർ ഒഴിഞ്ഞുവെന്നാണ് കണക്കുകൾ പറയുന്നത്. യഥാർത്ഥത്തിൽ ഇത് കന്നഡത്തിലെ മാത്രം അവസ്ഥയല്ല. തമിഴിലും തെലുങ്കിലും മലയാളത്തിലും ഇതാണ് സ്ഥിതി. ഭാവനാശൂന്യതയും ധൂർത്തുമാണ് പകുതി ചിത്രങ്ങളെങ്കിലും പരാജയപ്പെടാൻ കാരണം. ലളിതമായി ജീവിതയാഥാർത്ഥ്യങ്ങൾ ചിട്ടയോടും കലാമൂല്യത്തോടുംകൂടി കോർത്തിണക്കിയ പല ചിത്രങ്ങളും മുടക്കുമുതൽ തിരിച്ചുപിടിച്ചതായിക്കാണാം. പണം വാരിക്കോരി ചെലവിട്ടതുകൊണ്ടോ, അമിതമായ നിറക്കൂട്ടുകൾ ചേർത്തതുകൊണ്ടോ സൂപ്പർസ്റ്റാറുകൾ അഭിനയിച്ചതുകൊണ്ടോ സിനിമ വിജയിക്കണമെന്നില്ല. ലളിതമായ തീം താരതമ്യേന അപ്രശസ്തരെ വച്ച് ലളിതമായി ചിത്രീകരിച്ചാലും വിജയിക്കുമെന്നതിന് പല തെളിവുകളുമുണ്ട്. ബ്യൂഹത്തായ വിഷയം പണം വാരിക്കോരി ചെലവഴിച്ച് നിർമ്മിച്ച് വിജയം വരിച്ച അനുഭവങ്ങളുമുണ്ട്. ഓരോ തീമിനും അനുയോജ്യമായ സമീപനം സംവിധായകർ സ്വീകരിക്കുമ്പോഴാണ് സിനിമ വിജയിക്കുക. എല്ലാത്തരം വിഷയങ്ങളും ഒരേ താപ്പിൽക്കാണുമ്പോഴാണ് പരാജയമുണ്ടാവുക. പറ കൊണ്ടളക്കേണ്ടതിനെ പറകൊണ്ടളക്കുക. നാഴികൊണ്ട് അളക്കേണ്ടതിനെ അങ്ങനെ ചെയ്യുക. നാഴികൊണ്ട് അളക്കേണ്ടതിനെ പറകൊണ്ടളക്കാൻ പോയാൽ കാര്യം കുഴഞ്ഞതുതന്നെ. ഒട്ടുമിക്ക സിനിമകളുടെയും പരാജയത്തിന് കാരണം ഈ വിവേചനബുദ്ധിയുടെ കുറവാണ്.

ഇതൊന്നും കാണാതെ ജനങ്ങൾ പ്രാദേശിക സിനിമ കാണാത്തത് ഡബ്ബിംഗ് ചിത്രങ്ങളുടെ കടന്നുകയറ്റം മൂലമാണെന്ന് വ്യാഖ്യാനിക്കുന്നത് ശുദ്ധഭോഷ്ക്കാണ്. അല്ലെങ്കിൽത്തന്നെ ഇത്തരം നിയമങ്ങൾ നിലനിൽക്കില്ല. ഇത്തരം തീരുമാനങ്ങൾ ഭരണഘടനാവിരുദ്ധങ്ങളാണ്. തൊഴിൽ ചെയ്യാനുള്ള അവകാശത്തെ നിഷേധിക്കലാണിത്. അടുത്ത കാലത്ത് മിക്ക സംസ്ഥാനങ്ങളിലും, സംഘടനാതലത്തിലും ഇത്തരം ചില ബാലിശമായ തീരുമാനങ്ങളുമായി ചിലർ രംഗത്ത് വന്നിട്ടുണ്ട്. ഭരണഘടനയെപ്പറ്റിയുള്ള അജ്ഞതയും സാമൂഹികമായ അവബോധക്കുറവുമാണിതിന് കാരണം. തീയറ്ററുകളിൽ എന്തു പ്രദർശിപ്പിക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശം തീയറ്റർ ഉടമയ്ക്കുള്ളതാണ്. എന്തു കാണണമെന്ന് തീരുമാനിക്കാനുള്ള അവകാശം പൊതുജനത്തിനുമുണ്ട്. രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾക്ക് വിധേയമായി പ്രദർശിപ്പിക്കപ്പെടുന്ന സിനിമകൾ കാണാനും ആസ്വദിക്കാനുമുള്ള അവകാശത്തെ സംസ്ഥാനങ്ങൾക്ക് നിരോധിക്കാൻ അധികാരമില്ല. ഇത്തരം കാര്യങ്ങളിൽ സംസ്ഥാനങ്ങൾ എന്ന വ്യത്യാസത്തിന് പ്രസക്തിയില്ല. ഇന്ത്യ ഒരു രാജ്യമാണെന്ന യാഥാർത്ഥ്യത്തിനാണ് പ്രസക്തി.

www.Mallutribes.com

Location

നാന
സിനിമാവാരിക
www.nanaonline.in

ഇതു താൻണ്ടാ സത്യൻ സ്റ്റൈൽ

മോഹൻലാൽ, ബിജുമേനോൻ
ഫോട്ടോ: മോഹൻ ചെല്ലം

ഇരുപത്തിരണ്ട് വർഷമാകുന്നു സത്യൻ അന്തിക്കാട് സംവിധാനം ചെയ്ത വരവേൽപ്പ് എന്ന ചിത്രം പ്രദർശനത്തിന് എത്തിയിട്ട്. ശ്രീനിവാസൻ, സത്യൻ അന്തിക്കാട് കൂട്ടുകെട്ടിൽ പിറന്ന ഒരു സോദ്ദേശ ചിത്രമായിരുന്നു വരവേൽപ്പ്.

വളരെക്കാലം ഗൾഫിൽ കിടന്ന് കഷ്ടപ്പെട്ട്, ഒടുവിൽ ഉള്ള സമ്പാദ്യവുമായി നാട്ടിലെത്തിയ മുരളി (മോഹൻലാൽ) സ്വന്തമായൊരു ബിസിനസ്സ് തുടങ്ങാൻ ആഗ്രഹിക്കുന്നു. ആ തീരുമാനമാണ് അയാളെയൊരു ബസ് ഉടമയാക്കിയത്. ബസ് നിരത്തിലിറങ്ങിയതുമുതൽ ഒന്നൊഴിയാതെ പ്രശ്നങ്ങളും അയാളെ വിടാതെ പിൻതുടർന്നു. സ്വന്തം രക്ഷയ്ക്ക് എത്തുമെന്ന് കരുതിയ തൊഴിലാളി പ്രസ്ഥാനങ്ങളും അയാളെ മുതലാളിയെന്ന് മുദ്രകുത്തി ഒറ്റപ്പെ

അണിയറക്കാരും താരങ്ങളും ഫോട്ടോ: മോനി

ടുത്തി. ഒടുവിൽ എല്ലാം ഇട്ട് എറിഞ്ഞ് ഗൾഫിലേയ്ക്ക് തന്നെ മടങ്ങാനൊരുങ്ങുകയാണ് മുരളി. വരവേൽപ്പിന്റെ കഥയെ ഏതാണ്ട് ഇങ്ങനെസംഗ്രഹിക്കാം.

ഒരുപക്ഷേ ഈ സിനിമയുടെ കാലികപ്രസക്തി മനസ്സിലാക്കിയിട്ടാവണം, ഒരിക്കൽ കേരളത്തിൽ സന്ദർശനത്തിനെത്തിയ മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി, തന്റെ പ്രസംഗത്തിൽ വരവേൽപ്പ് എന്ന ചിത്രത്തിന്റെ പേര് പ്രത്യേകം പരാമർശിക്കുക ഉണ്ടായത്.

ഏതാണ്ട് ഈ ചിത്രത്തിലെ അവസ്ഥയ്ക്ക് സമാനമാണ് കേരളത്തിലെ വ്യാവസായികാന്തരീക്ഷമെന്നും അദ്ദേഹം ഭംഗ്യന്തരേണ സൂചിപ്പിച്ചു.

ഇപ്പോൾ ചിത്രീകരണം പുരോഗമിക്കുന്ന സത്യൻ അന്തിക്കാടിന്റെ ഏറ്റവും പുതിയ ചിത്രവുമായി ബന്ധപ്പെടുത്തി ചില കാര്യങ്ങൾ പരാമർശിക്കുവാനാണ് വരവേൽപ്പിനെക്കുറിച്ച് ഇത്രയും പറഞ്ഞത്.

പാലക്കാട്ടുവച്ചാണ് സത്യൻ വരവേൽപ്പ് എന്ന ചിത്രം പൂർണ്ണമായും ഷൂട്ടു ചെയ്തത്. സത്യന്റെ പുതിയ സിനിമയുടെ ലൊക്കേഷനും പാലക്കാടാണ്. മോഹൻലാൽ തന്നെയാണ് ഈ ചിത്രത്തിലേയും നായകൻ. ശ്രീനിക്ക് പകരമായി ഈ ചിത്രത്തിനുവേണ്ടി കഥയും തിരക്കഥയും സംഭാഷണവും എഴുതുന്നത് സത്യൻ അന്തിക്കാടാണ്. സിനിമയ്ക്ക് ഇനിയും പേരിട്ടിട്ടില്ല. പക്ഷേ സിനിമയുടെ ചിത്രീകരണം ഏതാണ്ട് അന്ത്യ ഘട്ടത്തിലാണ്. ചുരുക്കത്തിൽ വരവേൽപ്പിനുശേഷം നീണ്ട ഇരുപത്തിരണ്ട് വർഷങ്ങളുടെ ഇടവേളയ്ക്കുശേഷമാണ് സത്യൻ തന്റെ പടത്തിന്റെ ഷൂട്ടിംഗിനായി പാലക്കാട് എത്തുന്നത്.

ഈ ചിത്രത്തിൽ മോഹൻലാൽ അവതരിപ്പിക്കുന്ന അജയൻ എന്ന കഥാപാത്രവും ഏറെക്കാലം ഗൾഫിൽ ജോലിയുമായി കഴിഞ്ഞിരുന്ന ഒരാളാണ്. ഇപ്പോൾ നാട്ടിലുണ്ട്. സ്നേഹനിധിയായ അമ്മയോടൊപ്പം. നാടും നാട്ടുകാരും സുഹൃത്തുക്കളുമൊക്കെയായി ബന്ധപ്പെട്ടതാണ് അവിവാഹിതനായ അജയന്റെ ഇപ്പോഴത്തെ ജീവിതം. അങ്ങനെവളരെ സ്വച്ഛന്ദമായി കഴിഞ്ഞുകൂടുന്ന അജയന്റെ ജീവിതത്തിലേയ്ക്ക് ഒരു കൗമാരക്കാരൻ കടന്ന് എത്തുന്നതുമുതൽക്കാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്.

ഗ്രാമവും അതിന്റെ നൈർമ്മല്യവും അവിടുത്തെ നിഷ്ക്കളങ്കരായ മനുഷ്യരും അവരുടെ ജീവിതവുമെല്ലാം സത്യന്റെ ഇഷ്ട വിഷയങ്ങളാണ്. കഥയിൽ മാത്രമല്ല ദൃശ്യഭംഗിയിലും

അതിന്റെ മികവ് ഉണ്ടാകണമെന്ന് കരുതിയിട്ടുതന്നെയാണ് സത്യൻ വീണ്ടും പാലക്കാടിനെതേടി പോയത്. പാലക്കാടൻ ഉൾഗ്രാമങ്ങളും അവിടുത്തെ പച്ചപ്പുമാണ് ഇത്തവണയും സത്യൻ ലൊക്കേഷനുകൾ.

നമ്മുടെ ചുറ്റുപാടുമുള്ള ജീവിതങ്ങളിൽനിന്നാണ് സത്യൻ തന്റെ കഥാപാത്രങ്ങളെ കണ്ടെത്തുന്നത്. സത്യന്റെ എല്ലാ ചിത്രങ്ങളിലും ഇത്തരം നിരവധി കഥാപാത്രങ്ങളെ നമുക്ക് കാണാം. പറഞ്ഞുതുടങ്ങിയത് വരവേൽപ്പിൽ നിന്നാണല്ലോ. അതുകൊണ്ട് അതിനെക്കുറിച്ചുതന്നെ പറയാം.

വരവേൽപ്പിലെ കേന്ദ്രകഥാപാത്രമായ മുരളിയോട് ഏറെ സാദൃശ്യമുള്ള ഒരാൾ ജീവിച്ചിരുന്നു. നടൻ ശ്രീനിവാസന്റെ അച്ഛൻ. പൂർണ്ണമായിട്ടല്ലെങ്കിലും അദ്ദേഹ



www.Mallutribes.com

ത്തിന്റെ ആത്മകഥാംശം പുരണ്ട കഥാപാത്രമാണ് മുരളി.

വരവേൽപ്പിന്റെ കഥാചർച്ചയ്ക്കിടെ, ശ്രീനിവാസൻ തന്നെയാണ് അക്കാര്യം ആദ്യമായി സത്യനോട് പറഞ്ഞത്. അച്ഛന് സ്വന്തമായി ഒരു ബസ്സ് ഉണ്ടായിരുന്നതും, അതിനെച്ചൊല്ലി ഉടലെടുത്ത പലവിധമായ പ്രശ്നങ്ങളും, അതെല്ലാം പരിഹരിക്കാൻ സ്വന്തം കിടപ്പാടംപോലും കടപ്പെടുത്തേണ്ടതായിട്ടു വന്ന തന്റെ അച്ഛന്റെ അനുഭവങ്ങൾ.

എല്ലാം കേട്ടുകഴിഞ്ഞപ്പോൾ സത്യൻ മറ്റൊരു കഥ ശ്രീനിയോടു പറഞ്ഞു. തന്റെയൊരു സുഹൃത്തും ഗൾഫുകാരനുമായ ഒരു യുവാവിന്റെ കഥ. അയാൾ ജീവിതം മുഴുവനും കഷ്ടപ്പെട്ടത് അച്ഛനും അമ്മയ്ക്കും സഹോദരങ്ങൾക്കുംവേണ്ടിയാണ്. പക്ഷേ ഗൾഫിൽനിന്ന് മടങ്ങിയെത്തിയ അയാളെ വീട്ടിൽനിന്ന് പുറത്താക്കിയതും ഇവരൊക്കെ ചേർന്നായിരുന്നു.

ശ്രീനിയുടേയും സത്യന്റേയും ഈ കഥകൾ സമർത്ഥമായി ഇഴചേർന്നപ്പോഴാണ് വരവേൽപ്പ് പിറവി എടുത്തത്.

കഥകൾ എപ്പോഴും സത്യസന്ധമാകണം. അപ്പോൾ മാത്രമേ അതിന് ജീവൻ ഉണ്ടാകൂ. അല്ലാത്തവ നിർജ്ജീവങ്ങളാണ്. കഥയോടുള്ള തന്റെ സമീപനത്തെക്കുറിച്ച് സത്യൻ പറയുന്നു.

ഇതിനെ സാക്ഷ്യപ്പെടുത്താൻ മറ്റൊരാളുടെ വാക്കുകൂടി നമുക്ക് കടമെടുക്കാം. അത് നടൻ ബിജുമേനോന്റേതാണ്. ബിജു ആദ്യമായിട്ടാണ് ഒരു സത്യൻചിത്രത്തിൽ അഭിനയിക്കുന്നത്. അദ്ദേഹം പറയുന്നു.

'ജീവിതത്തിൽ വളരെ പരിചിതമുള്ള ഒരാളെ കണ്ടെത്തിയ പ്രതീതിയാണ്, ഇതിലെ ഓരോ കഥാപാത്രങ്ങളെ പരിചയപ്പെടുമ്പോഴും അനുഭവപ്പെടുക. സംഭാഷണങ്ങളിലും കൃത്രിമത്വമില്ല. എല്ലാം സ്വാഭാവികം. അതുകൊണ്ടുതന്നെ വളരെ രസകരമാണ് സത്യേട്ടനോടൊപ്പം വർക്ക് ചെയ്യാൻ.'

ഇതൊരു നടന്റെ വെറും വാക്കല്ല. അനുഭവസാക്ഷ്യമാണ്. തീർച്ചയായും സത്യന് അഭിമാനിക്കാം.

* * *

പാലക്കാട്ട് നിന്ന് രണ്ട് ദിവസത്തെ ഷൂട്ടിംഗിനായി പൊള്ളാച്ചിയിലേയ്ക്ക് പോയ സത്യനും സംഘവും ഇപ്പോൾ അതിർത്തിഗ്രാമമായ അട്ടപ്പാടിയിൽ അവസാനഘട്ട ചിത്രീകരണത്തിലാണ്. തുടർന്ന് ചെന്നൈയിലും മൂന്നു ദിവസത്തെ വർക്ക് ഉണ്ടാകും. അതോടെ സിനിമയുടെ ചിത്രീകരണം പൂർത്തിയാകും...

അതിനുശേഷമേ, സത്യൻ ചിത്രത്തിന്റെ പേരിടൂൽ ഉണ്ടാകൂ. പേര് അനൗൺസ് ചെയ്ത് സത്യൻ തുടങ്ങിയിട്ടുള്ളത് ഇതുവരെ രണ്ട് ചിത്രങ്ങൾ മാത്രമാണ്. പൊന്മുട്ടയിടുന്ന താറാവും ഗാന്ധിനഗർ സെക്കന്റ് സ്ട്രീറ്റും. ബാക്കിയെല്ലാം, ഷൂട്ടിംഗിനിടെ ജനിച്ച പേരുകൾമാത്രം. വേണമെങ്കിൽ ഇരുന്നോട്ടെ, 'ഇതു താൻണ്ടാ സത്യൻ സ്റ്റൈൽ.'

സുരേഷ് കെ.

ചെമ്പിൽ അശോകൻ, ഷീല, ബിജുമേനോൻ, മോഹൻലാൽ

www.Mallutribes.com

www.Mallutribes.com

വിദ്യയുടെ വിഷമം

ഡേർട്ടി പിക്ചേഴ്സിൽ സിൽക്ക്സ്മിതയെ പ്രതിനിധീകരിക്കണമെങ്കിൽ വിദ്യാബാലൻ ശരീരം പുഷ്ടിപ്പെടുത്തണമെന്ന് അതിന്റെ അണിയറക്കാർ തീർത്തും പറഞ്ഞു. പൊതുവെ കൃശഗാത്രിയായ വിദ്യയ്ക്ക് ഇതൊരു പ്രയത്നം തന്നെയായിരിക്കയാണിപ്പോൾ. ഒരു മോഡലെന്ന നിലയിൽ താൻ തീർത്തുമുപേക്ഷിച്ച മധുരവും എണ്ണപ്പലഹാരങ്ങളും കഴിച്ചുതുടങ്ങിയതോടെ ദഹനക്കേട് പിടിപെട്ടു. സ്വന്തം ശരീരപ്രകൃതിയിൽനിന്ന് ഒട്ടും മാറാൻ പറ്റാതെ വിദ്യ വിഷമിക്കുകയാണ്.

വിദ്യാബാലൻ

മമ്മൂട്ടി ഫാൻ

മോഡലിംഗിൽ സജീവമായിക്കൊണ്ടിരിക്കുന്ന 'ഇംതിയാസ് ആലം' എന്ന അഞ്ചു വയസ്സുകാരൻ സിനിമ-സീരിയൽ രംഗത്ത് അവസരങ്ങൾ തേടുന്നു. സ്കൂളിലും പൊതുവേദികളിലും തെല്ലും സഭാകമ്പമില്ലാതെ പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്ന ഇംതിയാസ് മമ്മൂട്ടിയുടെ കടുത്ത ആരാധകനാണ്. ആലപ്പുഴ മാതാ സീനിയർ സെക്കന്ററി സ്കൂൾ യു.കെ.ജി വിദ്യാർത്ഥിയാണ് ഇംതിയാസ്.

വിലാസം: ഇംതിയാസ് ആലം, ഇംതിയാസ് മൻസിൽ, തടിക്കൽ, കാളാത്ത്, അവലൂക്കുന്ന് പി.ഒ., ആലപ്പുഴ- 688006, ഫോൺ: 9995994141, 9746038082.

വരച്ച വരയിൽ താരങ്ങൾ!

മലയാള ചലച്ചിത്ര രംഗത്തെ പ്രഗത്ഭതാരങ്ങളെ ഒരു കാൻവാസിൽ കാരിക്കേച്ചർ രൂപത്തിൽ അവതരിപ്പിക്കുകയെന്ന ചിത്രസപര്യയ്ക്ക് കാർട്ടൂണിസ്റ്റ് എം. ദിലീപ് തുടക്കം കുറിച്ചു. വരച്ച വരയിൽ താരങ്ങൾ എന്ന് നാമകരണം ചെയ്യപ്പെട്ട രചനാ പരമ്പരയ്ക്ക് കോഴിക്കോട്ട് തുടക്കമായി. ഫോൺ: 9946632606

കാവ്യാമാധവൻ

ബ്രാന്റ് അംബാസിഡർ

നിറപറയുടെ പതിനൊന്ന് വ്യത്യസ്ത രുചിക്കൂട്ടുകൾക്കുവേണ്ടി പത്ത് വ്യത്യസ്ത വേഷത്തിൽ കാവ്യാമാധവൻ അഭിനയിച്ചു. നിറപറയുടെ ബ്രാന്റ് അംബാസിഡറാണ് കാവ്യ.

Mallutribes.com

www.Malluvibes.com

നിത്യാമേനോനല്ല, മേനൻ

തെലുങ്കിൽ വെങ്കിടേഷിന്റെ നായികയായി അഭിനയിക്കാൻ നിത്യമേനോൻ വിസമ്മതിച്ചിരിക്കുന്നു. 'അദ്ദേഹം എത്ര വലിയ സീനിയറാണ്. ഞാൻ അടുത്തിടെ രംഗത്തുവന്ന പെൺകുട്ടിയും. ഞങ്ങൾ ജോടിയായഭിനയിച്ചാൽ മഹാബോറായിരിക്കും.' കാര്യം വെട്ടിത്തുറന്നു പറയുന്ന നിത്യാമേനോൻ തന്റെ സർനെയിം 'മേനോൻ' എന്നല്ല 'മേനൻ' എന്നാണെന്നും വെളിപ്പെടുത്തുന്നു.

ജനനി അയ്യരെ പരിചയപ്പെടു

അവൻ ഇവൻ എന്ന ചിത്രത്തിലൂടെ ബാല അഭിനയരംഗത്തേയ്ക്ക് കൊണ്ടുവന്ന മോഡലായ ജനനി അയ്യരുടെ പ്രകടനം ശ്രദ്ധേയമായിരുന്നു.

സിനിമയെപ്പറ്റി

കഠിനപ്രയത്നവും ഭാഗ്യവും കഴിവും പരസ്പരം കൈകോർക്കേണ്ട ഒരു മാന്ത്രിക ലോകമാണ് സിനിമ. ഭാഗ്യമാണ് പ്രധാനം. പക്ഷേ നിലനിൽക്കണമെങ്കിൽ സർഗ്ഗശേഷിയും കഠിനപ്രയത്നവും വേണം. ഇതുമൂന്നും നേരെയാണെങ്കിൽ ആർക്കും ഈ രംഗത്ത് വിജയം നേടാം.

ഗ്ലാമറിനെപ്പറ്റി

ഗ്ലാമർ അഭിനയത്തിന്റെ ഒരു ഭാഗമാണ്. എങ്കിലും വൈവിദ്ധ്യം ആവശ്യമാണ്. സിനിമയുടെ തിരക്കഥ ആവശ്യപ്പെടുകയാണെങ്കിൽ ഞാൻ ഗ്ലാമർവേഷങ്ങൾ ചെയ്യും. പക്ഷേ വെറുതെ ശരീരം കാണിക്കില്ല. ഞാൻ എന്നെത്തന്നെ കണ്ടെത്തുകയും പരീക്ഷണങ്ങൾ നടത്തുകയും ചെയ്യേണ്ടതായുണ്ട്.

എന്താണ് പ്രത്യേകതകൾ

എന്റെ ചിരിയും കണ്ണുകളുമാണ്. പച്ച നിറം കലർന്ന എന്റെ കണ്ണുകൾ പലർക്കും ഇഷ്ടമാണ്. സംവിധായകൻ ബാല സാർ എന്നെ തെരഞ്ഞെടുത്തതുപോലും എന്റെ കണ്ണിന്റെ പ്രത്യേകത കണ്ടിട്ടാണ്.

ആഗ്രഹങ്ങൾ

എനിക്കൊരു പീരീഡ് സിനിമയിൽ അഭിനയിക്കണമെന്നുണ്ട്. ഒരു ദിവസം സ്വയം അപ്രത്യക്ഷയാകാൻ കഴിഞ്ഞാൽ ലോകത്തുള്ള എല്ലാ രാജ്യങ്ങളും ഒന്നു കണ്ടുവരാമായിരുന്നു. എനിക്ക് അൽപ്പം ഭാരംകൂടി വേണമെന്ന മോഹമുണ്ട്.

www.Malluvibes.com

DATA RESTORE

ഞാൻജകൾ ഇരുവട്ടം കൂടി

മുരുകദാസ്



www.Malluvibes.com

എ.ആർ. മുരുകദാസ് എന്ന ചെറുപ്പക്കാരൻ സംവിധായകൻ ഇന്ന് ഇന്ത്യൻ സിനിമയുടെതന്നെ ശ്രദ്ധാകേന്ദ്രമാണ്. ആദ്യത്തെ മൂന്ന് സിനിമകളിലൂടെ (ദീനാ, രമണ, ഗജിനി) തമിഴ്സിനിമയിലെ ഒന്നാംനിര സംവിധായകനിരയിലേയ്ക്ക്, നാലാമത്തെ ചിത്രമായ ഹിന്ദി ഗജിനിയിലൂടെ ഇന്ത്യൻ സിനിമയുടെ തന്നെ ബോക്സ് ഓഫീസ് മേക്കറിൽ ഒരാളായി മാറിക്കഴിഞ്ഞിരിക്കുന്നു മുരുകദാസ്. ഈ നേട്ടങ്ങളൊന്നുംതന്നെ ഒരു നൈറ്റുകൊണ്ട് മുരുകദാസ് നേടിയെടുത്തതല്ല. അർപ്പണബോധത്തിനും ആത്മവിശ്വാസത്തിനും കിട്ടിയ പ്രതിഫലമാണ് ഇന്നത്തെ വിജയങ്ങളും പ്രശസ്തിയും എന്നു പറയുന്ന മുരുകദാസ് എട്ടുകൊല്ലം പിന്നോട്ട് ഒന്നു തിരിഞ്ഞു നോക്കുകയാണ്. അന്ന് മുരുകദാസ് നൽകിയ ഒരു അഭിമുഖം പുനഃപ്രസിദ്ധീകരിക്കയാണ്.

കള്ളക്കുറിച്ചിയിൽനിന്നും ആരും സിനിമയിലെത്തിയിട്ടില്ല. ഞാൻ പഠിച്ച സ്കൂളിൽ ക്ലാസുകൾ കുറച്ചേ നടക്കാറുള്ളൂ. നല്ല ഒരു സ്കൂളിൽ ചേർന്ന് പഠിച്ചിരുന്നുവെങ്കിൽ ഒരുപക്ഷേ ഞാൻ സിനിമയിലേയ്ക്ക് എത്തിപ്പെടുമായിരുന്നില്ല. സ്കൂളിൽ മോറൽ സയൻസിനായി ഒരു പീരിയഡുണ്ടായിരുന്നു. ആ പീരിയഡിൽ ആരെങ്കിലും ഒരാൾ ഒരു കഥ പറയണം. ഞാനും പറയും. കഥ പറയുമ്പോൾ അവസാനവരിയിൽ ഗുണപാഠം എന്തെന്ന് പറയണം. എല്ലാവരുടേയും കഥയേക്കാൾ എന്റെ കഥയാണ് എല്ലാവർക്കും ഇഷ്ടമാവുക. പീരിയഡ് തീരുന്നതുവരെ ഞാൻ കഥ പറഞ്ഞുകൊണ്ടിരിക്കുമായിരുന്നു. പിന്നീട് ഞാൻ ട്രിച്ചി കോളേജിൽ ബി.എയ്ക്ക് ചേർന്നു. പത്രമാസികകളിൽ വരുന്ന കഥകളൊന്നും വിടാതെ ഞാൻ വായിക്കും. എനിക്കും ഇതുപോലെ കഥയെഴുതാൻ കഴിയും എന്ന ഒരു ആത്മവിശ്വാസം കോളേജിലെ എന്റെ വായനാശീലം എന്നിൽ വളർത്തി. കുമുദം വാരികയ്ക്ക് ഒരു കഥയെഴുതി അയച്ചു. അത് പ്രസിദ്ധീകരിച്ചുവന്നു. കോളേജിൽ മുഴുവൻ അത് ചർച്ചാവിഷയമായി. എന്റെ പേര് ആദ്യമായി അച്ചടിച്ചു കണ്ടപ്പോൾ തലയ്ക്ക് എന്തോ ലഹരി കയറിയ പ്രതീതി. ഡിഗ്രി കഴിഞ്ഞു. ഇനി എന്തു ചെയ്യണം? ഒരു തിട്ടവുമില്ല. കണ്ണു കെട്ടി കാട്ടിൽ വിട്ടതുപോലെയുള്ള ഒരു പ്രതീതി. മദ്രാസിനു പോകാമെന്ന ഒരു രഹസ്യപദ്ധതി ആസൂത്രണം ചെയ്തു. ലോകോളേജിൽ സീറ്റ് കിട്ടിയില്ല. ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ അപേക്ഷിക്കാൻ അച്ഛൻ നിർദ്ദേശിച്ചു. അവിടെയും സീറ്റില്ല. ഇതൊന്നും നടപ്പുകേസല്ലാ എന്ന് തോന്നിയപ്പോൾ കള്ളക്കുറിച്ചിയിൽനിന്നും നേരെ മദ്രാസിനു വിട്ടു.

ഞാനെഴുതിയ കഥകളെല്ലാം ഒരു ഫയലാക്കി സൂക്ഷിച്ചിരുന്നു. ആ ഫയലുമായി ഞാനും അച്ഛനും ഓരോ സിനിമാകമ്പനിയിലും കയറിയിറങ്ങി. രാമനാരായണൻ മുതൽ ഭാഗ്യരാജ് വരെയുള്ള അന്നത്തെ എല്ലാ സംവിധായകരെയും സമീപിച്ചു. എല്ലായിടത്തും തിരസ്ക്കരിക്കപ്പെട്ടു. ചിലപ്പോൾ ഞാൻ നാട്ടിലേയ്ക്ക് വരും. അപ്പോൾ അച്ഛൻ ഫയലുമെടുത്ത് മദ്രാസിന് പുറപ്പെടും. പിന്നീട്

DATA RESTORE www.Mallutribes.com DATA RESTORE
ഓർമ്മകൾ ഒരുമ്പെട്ടുകൂടി ഓർമ്മകൾ ഒരുമ്പെട്ടുകൂടി

നാന
സിനിമാവാരിക
www.nanaonline.in

ദീനയിൽ തുടങ്ങി ഗജിനിയിലൂടെ

എസ്.ജെ സൂര്യ

ഗജിനിയിൽ സൂര്യ, അസിൻ

മാസം തൊണ്ണൂറു രൂപ വാടകയ്ക്ക് ഒരു മുറി സാലിഗ്രാമത്തിൽ കണ്ടുപിടിച്ചു. രാത്രി അവിടെ പാമ്പും തേളുമൊക്കെ വിരുന്നു വരും. സംവിധായകൻ ഉദയശങ്കറാണ് എന്റെ റൂംമേറ്റ്. ആ താമസത്തിനിടെ ഞാൻ തിരക്കഥാകൃത്ത് കലൈമണി സാറിന്റെയടുത്ത് ജോലിക്കു ചേർന്നു. അവിടെവെച്ച് ഞാൻ പല കാര്യങ്ങളും പഠിച്ചു. അദ്ദേഹത്തെ കാണാൻ ധാരാളം സംവിധായകർ വരുമായിരുന്നു. ഭാഗ്യരാജും ഭാരതിരാജായുമൊക്കെ അദ്ദേഹത്തിന്റെ അടുത്ത് വന്ന് സിനിമയെക്കുറിച്ച് ചർച്ചകൾ നടത്തും. ആ ജാംബവാന്മാർ സംസാരിച്ചുകൊണ്ടിരിക്കേ ഞാൻ മുറിയുടെ ഒരു മൂലയിൽനിന്ന് അവരുടെ ചർച്ചകൾ ശ്രദ്ധിക്കും. അവിടെ പ്രൊഡക്ഷൻ ബോയിയുടെ ജോലിയാണ്

www.Mollutribes.com

എനിക്ക്. ചായ മുതൽ അവർക്ക് പ്രിയപ്പെട്ടതെല്ലാം വാങ്ങിക്കൊണ്ടു കൊടുക്കുന്നത് ഞാനാണ്. ഇവിടെവച്ചാണ് സിനിമ ഇത്രയും സീരിയസാണെന്ന് ഞാൻ മനസ്സിലാക്കുന്നതും അങ്ങനെയുള്ളതും. ഒരു തിരക്കഥയെന്നാൽ എന്താണെന്ന് ഏകദേശം എനിക്ക് മനസ്സിലായി.

അവിടെനിന്നും കുറച്ചുശേഷം എന്റെ റൂംമേറ്റ് ഉദയൻ ഷഫീക്കിയും എസ്.ജെ. സൂര്യയുടേയും സിനിമകളിൽ അസിസ്റ്റന്റായി ജോലി ചെയ്തു. എസ്.ജെ. സൂര്യ നിർമ്മാതാവ് നിക്ക് ആർട്ട്സ് ചക്രവർത്തിയെ ചെന്നുകണ്ട് ഒരു കഥ പറയാൻ അവസരമുണ്ടാക്കിത്തന്നു. നടൻ അജിത്തിന്റെ സ്ഥിരം കമ്പനിയായിരുന്നു നിക്ക് ആർട്ട്സ്. സഹ സംവിധായകർക്ക് അവസരം നൽകുവാൻ അജിത് ഒരിക്കലും മടി കാട്ടിയിരുന്നില്ല. എന്റെ ആദ്യ ചിത്രമായ ദീനയിലെ നായകനും അജിത്തായിരുന്നു. ദീനഎന്ന സിനിമ സംവിധാനം ചെയ്യാൻ അവസരം കിട്ടി പടം റിലീസായി. ബി ആന്റ് സി സെന്ററുകളിൽ പടത്തിന് നല്ല സ്വീകരണം കിട്ടി. പക്ഷേ മാധ്യമങ്ങൾക്ക് സ്വീകാര്യമായില്ല. പടം മുഴുവൻ വയലൻസാണെന്നും പറഞ്ഞ് നിശിതമായി വിമർശിച്ചു. പടം മുഴുവൻ റൗഡിസമാണെന്നും ഈ സംസ്ക്കാരം മുളയിലേ നുള്ളേണ്ടതാണെന്നൊക്കെ പലരും എഴുതി. അതിനുശേഷം എല്ലാ ഹീറോമാരും റൗഡിസം ചെയ്തു. എന്നാൽ അതുപോലെ ചെയ്ത ആദ്യചിത്രം എന്നതുകൊണ്ട് പഴി മുഴുവൻ എനിക്കു കിട്ടി. വളരെ സോഫ്റ്റായിട്ടുള്ള പുവേ ഉനക്കാക, കാതൽക്കോട്ട എന്നീ സിനിമകൾ വൻവിജയം നേടിയ കാലമായിരുന്നു അത്. നന്നായിട്ടുണ്ടായിരുന്ന ഇൻഡസ്ട്രിയെ ചീത്തയാക്കി എന്ന പഴി എനിക്ക്. ഞാൻ ആദ്യമായി വെച്ചു വിളമ്പിയതിൽ എരിവ് അൽപ്പം അധികമായി. അതിനുശേഷം വന്ന അവസരങ്ങൾ ഒന്നും ഞാൻ സ്വീകരിച്ചില്ല. എല്ലാ സോഫ്റ്റ് ഹീറോമാരും ദീന വേണമെന്ന് ആവശ്യപ്പെട്ടു. ദീനയുടെ വിജയം ഹീറോക്കളെ അത്രമാത്രം സ്വാധീനിച്ചിരുന്നു.

ഓസ്ക്കാർ ഫിലിംസ് രവിചന്ദ്രൻ സാറിന് ഒരു പടം ചെയ്തുകൊടുക്കാൻ പറഞ്ഞു. ദീനയെ മറക്കാൻ പറഞ്ഞുകൊണ്ട് മണിയുടെ കഥ പറഞ്ഞു. അദ്ദേഹം റിസ്ക്ക് എടുത്തു. ഹീറോ വിജയകാന്ത് സാർ വിശാലമനസ്ക്കതയോടെ റിസ്ക്കെടുക്കാൻ തയ്യാറായി. രമണ വൻ വിജയമായി. വിജയകാന്തിന്റെ ഇതുവരെയുള്ള സിനിമകളിൽ നിന്നും വ്യത്യസ്തമായ ഒന്ന് സിനിമയെന്ന് എല്ലാവരും

തേജാശ്രീ

നാന സിനിമാവാരിക
www.nanaonline.in

നോ ഗ്ലാമർ നർത്തകി

ഒരു ഗ്ലാമർക്യൂനെന്ന നിലയിൽ തിരക്കിലേയ്ക്ക് നീങ്ങിയ തേജാശ്രീ ഒരു ഘട്ടത്തിൽ നായികവേഷമില്ലാതെ വെറുമൊരു നർത്തകിയുടെ വേഷം കെട്ടാൻ താൻ തയ്യാറല്ലെന്ന് തീർത്തും പറഞ്ഞു. അതോടെ തേജയെത്തേടി സിനിമാക്കാർ എത്താതെയായി. ഇപ്പോൾ നോ ഗ്ലാമർ നർത്തകിയാകാൻ തയ്യാറായിരിക്കുന്നു. തേജായുടെ വീട്ടുപടിക്കൽ കുറെ സിനിമാക്കാരെ ഇപ്പോൾ കാണാം.

www.Mollutribes.com

www.Mallutribes.com

അഭിനന്ദിച്ചു. ഒരു മനുഷ്യനെ പോസിറ്റീവ് എൻകറേജ്മെന്റ്, നെഗറ്റീവ് എൻകറേജ്മെന്റ് എന്നീ രണ്ട് തരത്തിൽ പ്രോത്സാഹിപ്പിക്കാം. 'നീ വലിയ ആളായി തീരും, തീർച്ചയായും നീ നേടും' എന്നു പറഞ്ഞാൽ ഒരു ഫയലായി ലക്ഷ്യം നേടും. മറ്റൊന്ന് 'നീ രക്ഷപ്പെട്ട് കാണിക്ക്, നിന്നെക്കൊണ്ടൊന്നിനും പറ്റില്ല' എന്നു പറഞ്ഞാൽ 'ചെയ്തുകാണിക്കാം' എന്ന ഒരു വാശി തോന്നില്ലേ? അതാണ് നെഗറ്റീവ് എൻകറേജ്മെന്റ്. എനിക്ക് ദീനയിൽ കിട്ടിയത് നെഗറ്റീവ് എൻകറേജ്മെന്റായിരുന്നു. എന്നാൽ ഇതിനൊക്കെ ഞാൻ കൊടുത്ത വില ചെറുതൊന്നുമല്ല. അസിസ്റ്റന്റ് ഡയറക്ടറായി ജോലി ചെയ്യുമ്പോൾ കഷ്ടപ്പെട്ടേ മതിയാവൂ. ഇവിടെ ജയിച്ചുകയറുക അത്ര എളുപ്പമല്ല. ആന മാലയിട്ട് തന്നിട്ട് ആർക്കും രാജാവാകാൻ കഴിയില്ല. ആ കാലമൊക്കെ അസ്തമിച്ചു. കുറുക്കുവഴിയിലൂടെ വന്ന് ജയിക്കാനാവില്ല. കഷ്ടപ്പെടണം. പോരാടി, പോരാടി തപസ്സിരുന്ന് രാത്രി, പകൽ, വിശപ്പ്, ഉറക്കം എല്ലാം ഉപേക്ഷിച്ച് പ്രയത്നിച്ചാലേ വിജയിക്കാനാവൂ. സിനിമയിൽ പത്താമത്തെ വർഷമേ പത്തു വർഷത്തേയും ചേർത്തുള്ള ഫലം കിട്ടൂ. എട്ടാമത്തെ വർഷം വേണ്ടാ എന്നു പറഞ്ഞ് ഉപേക്ഷിച്ചുപോയാൽ എട്ടുവർഷത്തെ അദ്ധ്വാനം പോയതുതന്നെ.

ദീനാ തുടങ്ങുന്നതിനുമുമ്പ് ഞാൻ വീട്ടിൽ പോയി. അച്ഛന്റെ രണ്ട് കിഡ്നിയും തകരാറിലായി. കൈയിൽ പണമില്ല. ഞാനാണ് മൂത്ത പുത്രൻ. ആശുപത്രിയിൽ ചെന്നപ്പോൾ ഓക്സിജൻ കൊടുത്താൽ നല്ലതാണ്, അല്ലെങ്കിൽ ശ്വാസം മുട്ടുണ്ടാവുമെന്നും ഒരു മണിക്കൂർ കൊണ്ട് ജീവൻ പോകുമെന്നും പറഞ്ഞു. ഒരു ദിവസത്തേയ്ക്ക് ഏഴായിരം രൂപ ചെലവുവരും. ഏത് മകനാണ് വേണ്ടാ എന്ന് പറയാൻ കഴിയുക. ശരി ഓക്സിജൻ വെച്ചോയ്ക്കൂ എന്ന് പറഞ്ഞു. പണത്തിനുവേണ്ടി ഞാൻ തെരുവുകൾതോറും അലഞ്ഞു. ശ്വാസം കിട്ടാതെ ഓടി അച്ഛന് ശ്വാസം കിട്ടാൻവേണ്ടി. എന്റെ ചേച്ചി മൂന്നാളുടെ പക്കൽനിന്നും പണം കടം വാങ്ങി ചെലവു ചെയ്തു. എനിക്ക് പത്തു പൈസ കൊടുക്കാനായില്ല. സന്ദർശകരായി ബന്ധുക്കളുടെ പ്രവാഹം. ആരുടേയും മുഖത്തു നോക്കാനായില്ല. ഓടി ഒളിക്കാനും കഴിഞ്ഞില്ല. കഴിവുകേടെന്നത് ഏറ്റവും വലിയ അപമാനമാണ്. വിശപ്പ്, പട്ടിണി ഇതൊക്കെ പോട്ടെ. മരണശയ്യയിലുള്ള പിതാവിനെ രക്ഷിക്കാനാവുന്നില്ലല്ലോ എന്ന കഴിവില്ലായ്മയുണ്ടല്ലോ, അത് ക്രൂരമാണ്. ആരോ എഴുതിയിരുന്നു. സിനിമ എന്ന പെണ്ണ് ആയിരം യുവാക്കളുടെ ജീവിതമിട്ട് പന്താടിയിട്ട് ഒരുവന് മാലയിടുന്നുവെന്ന്. എന്നാൽ ഇതിനെ വാസ്തവരഹിതമെന്ന് തെളിയിക്കാമെന്ന് തോന്നുന്നു. ഒരു പക്ഷേ ഞാൻ നാളെ വലിയൊരാളായി മാറിയേക്കാം. ഇൻകം ടാക്സ് ഓഫീസിന് തീറ്റി കൊടുക്കുന്ന ആളായേക്കും. എന്തുതന്നെയായാലും എന്റെ ദാരിദ്ര്യവും അച്ഛനെ രക്ഷിക്കാൻ കഴിയാതെ പോയ കഴിവില്ലായ്മയും എന്നെന്നും എന്റെ മനസ്സിനെ മഥിച്ചുകൊണ്ടിരിക്കും.

പത്തു വർഷത്തിനുമുൻപുള്ള മുരുകദാസിന്റെ പ്രവചനം യാഥാർത്ഥ്യമായി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രതിഫലം വാങ്ങുന്ന ഡിമാന്റുള്ള സംവിധായകനായി വളർന്നു മുരുകദാസ്. തമിഴിലും തെലുങ്കിലും ഏറെ പ്രിയമുള്ള ഈ കൊച്ചു (രൂപംകൊണ്ട്) സംവിധായകന് ഹിന്ദിയിലും വൻ ഡിമാന്റാണ്.

അജയ്കുമാർ

www.Mallutribes.com

www.Malayalamcinema.com

Location

ഇന്നസെന്റും അനു ഇമ്മാനുവലും

നാന
www.nanaonline.in

സംവൃതാസുനിൽ

അജയന്റെ അതിമോഹങ്ങൾ

അജയചന്ദ്രൻ നായർ

കറവക്കാരൻ അച്യുതൻനായരുടെ മകനാണ്. വിവാഹിതനാണ്. ഭാര്യ രശ്മി ഏക മകൾ അശ്വതി. നാട്ടിൻ പുറത്തുകാരനും സാധാരണ ഇടത്തരം കുടുംബത്തിൽ ജനിച്ചു വളർന്നവനുമായ അജയചന്ദ്രൻനായർക്ക് കേരളത്തിലെ മറ്റു ചെറുപ്പക്കാരുടെ മോഹങ്ങൾതന്നെയായിരുന്നു ഉണ്ടായിരുന്നത്.

സമ്പാദിക്കണം. വളരെ ആർഭാടപൂർവ്വം ജീവിക്കണം. അജയചന്ദ്രൻനായർ ഗൾഫിലേയ്ക്ക് യാത്ര തിരിച്ചു. നന്നായി കഷ്ടപ്പെട്ട്, വർഷങ്ങൾ കഴിഞ്ഞ് നാട്ടിലെത്തിയ അജയചന്ദ്രൻനായർക്ക് ഇപ്പോൾ ഏറെ സന്തോഷമാണ്. ആവശ്യത്തിലധികം പണം സമ്പാദിച്ച അജയചന്ദ്രൻനായർ മറ്റുള്ളവർക്കുമുന്നിൽ തന്റെ സൗഭാഗ്യങ്ങൾ പ്രകടമാക്കി ജീവിക്കാൻ തുടങ്ങി.

പക്ഷേ എത്ര നേടിയിട്ടും അജയചന്ദ്രൻനായരുടെ ആവശ്യം തീരുന്നില്ല. കിട്ടുന്നതിൽ തൃപ്തിവരാതെ പിന്നെയും പിന്നെയും ഏറ്റവും പുതിയത് വാങ്ങാനുള്ള അജയചന്ദ്രൻനായരുടെ ആർത്തി കുടുംബജീവിതത്തിൽ ഓരോരോ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. ഉള്ളതുകൊണ്ട് തൃപ്തിപ്പെടാൻ അറിയാവുന്ന ഭാര്യ രശ്മിക്കും ഭർത്താവിന്റെ ഇഷ്ടത്തിനൊത്ത് ജീവിക്കേണ്ടിവരുന്നു.

മകന്റെ ഈ നെട്ടോട്ടത്തിൽ അച്ഛന് അഭിപ്രായവ്യത്യാസമുണ്ട്. ജീവിക്കാൻ മറന്നുകൊണ്ടുള്ള അജയച

www.Mallutribes.com

ന്ദ്രൻനായരുടെ ഈ ആർത്തിയെ നിയന്ത്രിക്കണമെന്ന് അച്യുതൻനായർ പലപ്പോഴും പറയാറുണ്ടെങ്കിലും വകവയ്ക്കാറില്ല. തനിക്ക് ലഭിക്കാതെപോയ സൗഭാഗ്യങ്ങൾ ഭാര്യയ്ക്കും മകൾക്കും ലഭിക്കണമെന്ന ആഗ്രഹത്തിന്റെയും മോഹത്തിന്റെയും പിറകെയാണ് അജയചന്ദ്രൻനായർ. പക്ഷേ അച്ഛൻ വളരെ ശക്തിയായിത്തന്നെ മകന്റെ ഈ രീതിയോട് എതിർപ്പ് കാണിച്ചിരുന്നു.

എന്തും ആവശ്യത്തിലധികം നേടണമെന്ന ഒരു മലയാളിയുടെ സ്വഭാവ വിശേഷത്തിന് ചൂണ്ടിക്കാണിക്കാൻ പറ്റുന്ന ഉദാഹരണമാണ്. അജയചന്ദ്രൻനായരുടേത്. അജയചന്ദ്രൻനായർ നേരിടുന്ന ജീവിതമുഹൂർത്തങ്ങളാണ് നർമ്മത്തിന് പ്രാധാന്യംനൽകി കമൽ സ്വപ്നസഞ്ചാരിയിൽ ചിത്രീകരിക്കുന്നത്. ഈ ചിത്രത്തിന്റെ ഷൂട്ടിംഗ് തൊടുപുഴയിൽ ആരംഭിച്ചു. നിർമ്മാതാവ് തങ്കച്ചൻ ഇമ്മാനുവൽ ആദ്യ ക്ലാപ്പടിച്ചപ്പോൾ പുതുമുഖതാരം അനു ഇമ്മാനുവലാണ് സ്വിച്ചോൺ കർമ്മം നിർവ്വഹിച്ചത്. കഥ തുടരുന്നു എന്ന ചിത്രത്തിനുശേഷം തങ്കച്ചൻ ഇമ്മാനുവൽ ട്രൂലൈൻ സിനിമയുടെ ബാനറിൽ നിർമ്മിക്കുന്ന കമൽചിത്രത്തിൽ അജയ്ചന്ദ്രൻനായരായി ജയറാം കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്നു. ഇന്നസെന്റാണ് അച്യുതൻനായരായി പ്രാധ്യക്ഷപ്പെടുന്നത്. രശ്മിയായി സംവൃതാസുനിലും അശ്വതിയായി അനു ഇമ്മാനുവലും വേഷമിടുന്നു. വളരെ യാദൃച്ഛികമായി അഭിനയരംഗത്തെത്തിയ അനു നിർമ്മാതാവായ തങ്കച്ചൻ ഇമ്മാനുവലിന്റെ മകളാണ്.

ജഗതി ശ്രീകുമാർ, സലിംകുമാർ, ഹരിശ്രീ അശോകൻ, ഇർഷാദ്, ജയരാജ് വാര്യർ, ഷാജു, ബാലചന്ദ്രൻ ചുള്ളിക്കാട്, മണികണ്ഠൻ പട്ടാമ്പി, ശിവജി ഗുരുവായൂർ, ശശി കലിംഗ, കൃപ, കവിതാനായർ, ഷാജ രാജേന്ദ്രൻ എന്നിവരാണ് മറ്റു താരങ്ങൾ.

വെറുതെ ഒരു ഭാര്യയ്ക്കുശേഷം വീണ്ടും മലയാളിജീവിതത്തിന്റെ നേർക്കാഴ്ചകളുമായി കെ. ഗിരീഷ്കുമാർ ഈ ചിത്രത്തിന്റെ കഥ തിരക്കഥ സംഭാഷണമെഴുതുന്നു. അഴകപ്പനാണ് ക്യാമറാമാൻ. റഫീഖ് അഹമ്മദിന്റെ വരികൾക്ക് ഈണം പകരുന്നത് എം. ജയചന്ദ്രനാണ്.

കെ. ഗിരീഷ്കുമാർ ,കമൽ

ജയറാം

ഫോട്ടോ: ജയപ്രകാശ് പയ്യന്നൂർ

കല സിറിൾ കുരുവിള, മേക്കപ്പ് പാണ്ഡ്യൻ, വസ്ത്രാലങ്കാരം അനിൽ ചെമ്പൂർ, സ്റ്റിൽസ് ജയപ്രകാശ് പയ്യന്നൂർ, പരസ്യകല ജിസ്സൺ പോൾ, ഓഫീസ് നിർവ്വഹണം ശങ്കരൻ നമ്പൂതിരി, എഡിറ്റിംഗ് കെ. രാജഗോപാൽ, ചീഫ് അസോസിയേറ്റ് ഡയറക്ടർ സലീം പടിയത്ത്, അസോസിയേറ്റ് ഡയറക്ടർ ഹരീഷ്, സംവിധാനസഹായികൾ ജയരാജ്, റെനീസ്, രശ്മി ദാമോദരൻ, പ്രൊഡക്ഷൻ മാനേജർ പ്രസാദ് പറവൂർ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് സഞ്ജയ് പടിയൂർ, പൗലോസ് കുറുമറ്റം, പ്രൊഡക്ഷൻ കൺട്രോളർ എൽദോ ശെൽവരാജ്, വിതരണം സെൻട്രൽ പിക്ച്ചേഴ്സ്.

എ.എസ്. ദിനേശ്

www.Mallutribes.com

MONDAY MARKET

ബുദ്ധ ദേവ് പറയുന്നു...

പ്രശസ്ത ചലച്ചിത്രകാരനും സാഹിത്യകാരനുമായ ബുദ്ധദേവ് ദാസ് ഗുപ്തയായിരുന്നു ഇത്തവണ സംസ്ഥാന അവാർഡ് നിർണയക്കമ്മിറ്റിയുടെ ചെയർമാൻ. ചരാചർ, സ്വപ്നർ ദിൻ, കാലപുരുഷ്, ഗൃഹാജുധ, ഉത്തര, മോണ്ടോ മേയാർ ഉപാഖ്യാൻ തുടങ്ങിയ അദ്ദേഹത്തിന്റെ ചലച്ചിത്രങ്ങൾ വിഖ്യാതങ്ങളാണ്. അവാർഡ് പരിഗണനക്കെത്തിയ ചിത്രങ്ങൾ ശ്രദ്ധാപൂർവം കണ്ട ബുദ്ധ ദേവ് നമ്മുടെ സിനിമയുടെ ബലഹീനതകളെക്കുറിച്ച് പരാമർശിച്ചതിങ്ങനെയാണ് –

"പുതിയ തീമുകൾ കണ്ടെത്തുന്നതിലുള്ള വൈമുഖ്യം, അവതരണത്തിലെ നവീനത ചിത്രത്തിന് പുതിയ ഊർജം പ്രദാനം ചെയ്യുമെന്ന തിരിച്ചറിവിന്റെ അഭാവം. പഴയ രീതികൾ തന്നെ പിൻപറ്റുന്നത് സ്തംഭനത്തിലേക്കു മാത്രമേ നയിക്കുകയുള്ളു. പുതിയ സംവിധായകർ ഇത് ഗ്രഹിക്കുന്നുണ്ടെന്നുള്ളത് ശുഭോദർക്കം തന്നെ. ഭരതൻ, പത്മരാജൻ തുടങ്ങിയ സംവിധായകർ മലയാള സിനിമയിൽ വലിയ പരിവർത്തനം സൃഷ്ടിച്ചവരാണ്. അത്തരം സംവിധായകരിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുവാൻ പുതിയ സംവിധായകർക്ക് കഴിയണം."

നയൻതാര വീണ്ടും നയൻതാരയായി

മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീയായ കഥയല്ലിത്. എരിഞ്ഞുകത്തുന്ന പ്രണയച്ചൂടിൽ നയൻതാര സൃഷ്ടിക്കുന്ന വാർത്തകളുടെ കഥയാണ്.

ഞായറാഴ്ച (ആഗസ്റ്റ് 7) കാലത്ത് നെടുമ്പാശ്ശേരിയിൽ നിന്ന് വിമാനം കയറിയ ഡയാനമറിയം കുര്യൻ എന്ന ഈ സത്യക്രിസ്ത്യാനിപ്പെൺകുട്ടി ചെന്നൈയിലാണ് ലാന്റ് ചെയ്തത്. വിമാനത്താവളത്തിൽ നിന്ന് നേരെ വാൾടെക്സ് റോഡിലെ ആര്യസമാജം ക്ഷേത്രത്തിലേക്ക്. . നിശ്ചയിക്കപ്പെട്ടിരുന്ന മതം മാറൽ ചടങ്ങുകൾക്ക് പിന്നെ ഒട്ടും താമസമുണ്ടായില്ല. ശുദ്ധികലശമായിരുന്നു ആദ്യ

ബുദ്ധദേവ് ദാസ് ഗുപ്ത

ഇനം. വേദങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള കർമ്മങ്ങളൊക്കെയും പുരോഹിതന്മാരുടെ സാന്നിദ്ധ്യത്തിൽ നയൻതാര ഒരു സിനിമയിലെന്ന പോലെ അനുഷ്ഠിക്കുകയുണ്ടായി. അവർ വേദമന്ത്രങ്ങൾ ഉരുവിടുകയും ഗായത്രി പലവുരു ജപിക്കുകയും ചെയ്തു. ഹോമകുണ്ഡത്തിന്റെ മുന്നിലിരുന്നുകൊണ്ടാണ് ഇക്കണ്ട കർമ്മങ്ങളൊക്കെയും അനുഷ്ഠിച്ചത്.

ശുദ്ധികലശത്തിനു ശേഷം ആര്യസമാജക്കാർ നല്കിയ സർട്ടിഫിക്കറ്റുമായി അന്നുതന്നെ നയൻതാര തിരിച്ചു നാട്ടിലെത്തുകയും ചെയ്തു.

ഇനിമുതൽ നയൻതാരയെന്നുള്ളത് അവരുടെ സിനിമാപ്പേരല്ല, മറിച്ച് ഔദ്യോഗിക നാമം തന്നെയായിരിക്കും.

എന്തിനാകും ഇവർ ഇത്ര തിടുക്കത്തിൽ ജനിച്ചു വളർന്ന മതസംസ്ക്കാരം ഉപേക്ഷിച്ച് മറ്റൊന്നു സ്വീകരിച്ചത്? ഈ ചോദ്യത്തിന് ഇന്നത്തെ നിലയിൽ ഉത്തരമന്വേഷിച്ച് തലപുകയേണ്ട കാര്യമില്ല. വിവാഹിതനും പിതാവുമായ പ്രഭുദേവയുമായുള്ള അവരുടെ പ്രേമസാഫല്യത്തിനു വേണ്ടിയാണ് നയൻതാര സ്വന്തം മതത്തെ മറികടന്ന് കാമുകന്റെ മതത്തിലേക്കു ചേക്കേറിയത്. സ്വന്തം ഇഷ്ടപ്രകാരമാണ് താൻ മതം മാറിയതെന്നും അതിനു പരപ്രേരണ ഉണ്ടായിട്ടില്ലെന്നും അവർ പത്രക്കാരെ അറിയിച്ചിട്ടുണ്ട്. പൂർണ സമർപ്പണ മനോഭാവത്തോടെയാണ് താൻ മതം മാറുന്ന ചടങ്ങുകളിൽ പങ്കെടുത്തതെന്നും കൂട്ടിച്ചേർത്തു. നയൻതാര ഇങ്ങനെയൊക്കെ പറയുന്നതും ചടങ്ങിന്റെ മറ്റൊരു ഭാഗമെന്നു പറയാതെ വയ്യ. കാരണം ദിവ്യവും പരിശുദ്ധവുമാണ് പ്രഭുദേവയുമായുള്ള പ്രണയമെങ്കിൽ ജാതിക്കോ മതത്തിനോ അതിനിടയിലെന്തുകാര്യം. ഒരു കുടുംബത്തിന്റെ 'ദിവ്യബലി' യിലൂടെയാണ് നയൻതാര പ്രഭുദേവയുമായുള്ള ബന്ധം ഉറപ്പിച്ചത്. എന്തുകൊണ്ട് പ്രഭുദേവ നയൻതാരയുടെ പ്രണയ സാഫല്യത്തിനു വേണ്ടി ക്രിസ്തു മതത്തിലേക്ക് വന്നില്ല. പ്രഭുദേവ സ്വന്തം കുടുംബത്തെ തന്നെ ഉപേക്ഷിച്ചു, നയൻതാര സ്വന്തം മതത്തെയുമുപേക്ഷിച്ചു. പൊതുലാഭത്തിനായുള്ള ഇരുവരുടേയും ത്യാഗം അങ്ങനെ സമാസമമാകുന്നു. ഏതായാലും കഥയുടെ ക്ലൈമാക്സറിയാൻ ഇനിയും നമ്മൾ കാത്തിരിക്കയേ നിവർത്തിയുള്ളൂ.

ശോഭന ഇപ്പോൾ തിരക്കിലാണ്

ശോഭനയെക്കുറിച്ച് അധികമൊന്നും അടുത്തകാലങ്ങളിൽ നാമറിയുന്നില്ല. ദത്തുപുത്രിയുടെ ചോറൂണിന് ഗുരുവായൂരമ്പലത്തിലെത്തിയതാണ് അവരെക്കുറിച്ചുള്ള സമീപകാല വാർത്ത. സിനിമയിൽ നിന്ന് അൽപ്പമകന്നു നിൽക്കുന്നുവെങ്കിലും ശോഭനക്കു തിരക്കൊട്ടും കുറവല്ല. നൃത്തരംഗത്താണ് അവർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. അന്താരാഷ്ട്ര നിലവാരത്തിൽ ചെന്നൈയിൽ പ്രവർത്തിക്കുന്ന അവരുടെ 'കലാർപ്പണ' എന്ന ഡാൻസ് സ്ക്കൂൾ പുതിയ പുതിയ പരീക്ഷണങ്ങളുമായി സജീവമാണ്. ഫേസ് ബുക്കിൽ സമീപകാലത്ത് അവർ നല്കിയ മനോഹരമായ ഒരു ചിത്രമാണ് ഇതെഴുതാൻ പ്രേരണയായത്. ആകാശത്തിന്റെ നിലമേഘവിതാനത്തിൽ രാധയൊന്നിച്ച് കൃഷ്ണൻ ഊയലാടുന്നതാണ് ഹൃദയഹാരിയായ ചിത്രം. മഞ്ഞ പീതാംബരമുടുത്ത് മാറിൽ കൗസ്തുഭമണിഞ്ഞ് വനമാലകൾ കഴുത്തിനാഭരണമാക്കി രാധയെ ചേർത്തണച്ച് മേഘപാളികളിൽ തെന്നിനീങ്ങുന്ന കൃഷ്ണ

www.Mallutribes.com

നാന
www.nanaonline.in

വേഷമണിഞ്ഞിരിക്കുന്നത് ശോഭനയാണ്. ഉത്തരേന്ത്യൻ സങ്കൽപ്പത്തിലെ ഈ കൃഷ്ണന് ചാരുതയാർന്ന ഒരു തലപ്പാവു മുണ്ട് ശിരസ്സിൽ. മായാരാവണനു ശേഷം അവർ അവതരിപ്പിക്കുന്ന കൃഷ്ണാക്രോണിക്കിൾസിൽ നിന്നാണ് ലാസ്യമനോഹരമായ ഈ രംഗം തെരഞ്ഞെടുത്ത് അവർ ഫേസ്ബുക്കിൽ ചേർത്തിരിക്കുന്നത്.

പ്രശസ്ത നർത്തകിയും ഗുരുവുമായ ചിത്രാവിശ്വേശ്വരന്റെ ഈ പ്രിയ ശിഷ്യ പക്ഷേ ഒരിക്കലും ഗുരുവിനെ അനുകരിക്കാനുള്ള ശ്രമമല്ല നടത്തിയിട്ടുള്ളത്. പുതിയ പരീക്ഷണങ്ങളോടാണ് എന്നും ശോഭനക്കു താത്പര്യം. ഇത്തരം പരീക്ഷണങ്ങളിൽ ശോഭനപലപ്പോഴും പതമ്പരാഗത നൃത്ത മാമൂലുകൾക്ക് പ്രാധാന്യം കൊടുത്തു കാണാറില്ല. ഇതവരെ നൃത്തത്തിന്റെ കുലപതികളുടെ ക്യാമ്പിൽ വിമർശനവിധേയയാക്കാറുമുണ്ട്. അടവുതാളങ്ങളിൽ സ്ഫോടനാത്മകമായ പരീക്ഷണങ്ങൾക്കാണ് ശോഭന ധൈര്യസമേതം മുതിരാറുള്ളത്. ഒരുപക്ഷേ സംഗീതത്തിൽ ബാലമുരളീകൃഷ്ണ കാട്ടാറുള്ള മനോധർമ്മ രീതികൾക്ക് സമാനം.

ചടുലമായ വഴക്കങ്ങളിലൂടെയുള്ള

www.Mallutribes.com

കലൈ അനന്തരായണനിയുടെയും ശോഭന

അൻജലീന ജോളി

ചലനരീതിയാണ് സ്വേച്ഛിച് ശോഭന അവലംബിക്കാറുള്ളത്. ഇത് കാണികളെ പിടിച്ചിരുത്തുന്ന അവരുടെ ടെക്നിക്കുകളിലൊന്നാണ്. വേദിയിൽ അവർ പ്രകടിപ്പിക്കാറുള്ള വർദ്ധിച്ച ആത്മ വിശ്വാസം, കിറുകൃത്യമായ ടൈമിംഗ് എന്നിവ അവരുടെ നൃത്ത ശിൽപ്പങ്ങൾക്ക് നാടകീയത വർദ്ധിപ്പിക്കുന്നു., അത് പലപ്പോഴും തെറ്റിദ്ധാരണക്കു കാരണമാകുമെങ്കിലും.

ത്യാഗരാജകൃതിയെ ആസ്പദമാക്കി പത്മിനി രവി ചിട്ടപ്പെടുത്തിയിട്ടുള്ള നൃത്തശില്പമാണ് ഇവിടെ ചേർത്തിട്ടുള്ള ചിത്രത്തിനാധാരം. കൃഷ്ണനും ഗോപികമാരും രംഗത്തെത്തുന്നു. ജലവിഹാരത്തിലൂടെ മന്ദംമന്ദം തുഴഞ്ഞു നീങ്ങവേ കൃഷ്ണൻ അവരുടെ അഹങ്കാരത്തിനറുതി വരുത്താനായി ഒരു കൃത്രിമകൊടുങ്കാറ്റു സൃഷ്ടിക്കുന്നു. പരിഭ്രാന്തരാകുന്ന ഗോപികമാരുടെ ഭാവഹാവാദികൾ ആസ്വദിക്കുകയാണ് കള്ള കൃഷ്ണൻ.

രണ്ടു തവണ ചലച്ചിത്രാഭിനയത്തിനു ദേശീയ അവാർഡ്, ചെന്നൈയിലെ അറിയപ്പെടുന്ന ഡാൻസ് ടീച്ചർ, സ്വന്തം ശൈലിയിലൂടെ ശ്രദ്ധേയയായ നർത്തകി, എഴുത്തുകാരി (സാഹിത്യ രചനയും ശോഭനക്കു വഴങ്ങും) എന്നീ നിലകളിൽ തിരക്കേറിയുള്ള ശോഭന കിട്ടുന്ന ഇടവേളകളിൽ അഭിനയത്തിനും സമയം കണ്ടെത്തുന്നു.

അൻജലീന ജോളി അഭിനയം വിടുകയാണോ?

അൻജലീന ജോളി വിശ്വപ്രസിദ്ധയായ ചലച്ചിത്ര നടിയാണ്. അഭി

ലോകാഃ സമസ്താ സുഖിനോ ഭവന്തു

വീട്ടിൽ ഏവർക്കും ഉപയോഗിക്കാം

കൃഷ്ണ തുളസി

ഹെയർ ടോണിക്ക്

ജനസമ്മതിയിൽ ഒന്നാമത്

താരൻ പോകും മുടി വളരും

താരൻ, മുടികൊഴിച്ചിൽ, തലവേദന, ഉറക്കമില്ലായ്മ, ഉന്മേഷക്കുറവ്, അലർജി ഇവയ്ക്ക് ആശ്വാസപ്രദം.

കൃഷ്ണതുളസി ഹെയർ ടോണിക്കിനുതുല്യം മറ്റൊന്നില്ല

WARNING

അനുകരണങ്ങളിൽ വഞ്ചിതരാകരുത്.

ജനകോടികൾ വിശ്വാസമർപ്പിച്ച

ചുമയെ വെല്ലും വീരൻ

കൃഷ്ണ തുളസി

കഫ് സിറപ്പ്

ജനസമ്മതിയിൽ ഒന്നാമത്

ചുമ, ജലദോഷം, കഫക്കെട്ട്, തുമ്മൽ, അലർജി ഇവയ്ക്ക് ആശ്വാസപ്രദം, പൊടി, പുക, മഞ്ഞ്, തണുപ്പ് ഏതുമാകട്ടെ വീട്ടിൽ കരുതൂ.

ജനലക്ഷങ്ങൾ വിശ്വാസമർപ്പിച്ച

No. 1

ഹെർബൽ ഹെയർ ഓയിൽ

MVM

MVM Ayurvedic Research Lab

P.B. No. 2 Pooyappally P.O., Kollam.

Tele fax : 0474-2463788

www.Malayalees.com

രാധാകൃഷ്ണ പ്രണയം
നൃത്തവേദിയിൽ

നയത്തിന് ലോകത്തിൽ ഏറ്റവുമധികം പ്രതിഫലം കൈപ്പറ്റുന്നവരിൽ ഒരാളും അവരാണ്. പ്രശസ്ത ഹോളീവുഡ് നടനായ ബ്രാഡ് പിറ്റാണ് അൻജലീനയുടെ ഭർത്താവ്. ദത്തെടുത്തതുൾപ്പെടെ ഇവർക്ക് കുട്ടികൾ ആറ്.

ഏറ്റവും തിരക്കുള്ള ഈ അമേരിക്കൻ നടി അഭിനയത്തോട് ഏതായാലും പണ്ടേപ്പോലുള്ള താത്പര്യം തനിക്കില്ലെന്നു വെളിപ്പെടുത്തുന്നു. അഭിനയത്തികവിൽ ആരെയും കടത്തിവെട്ടാറുള്ള അൻജലീനഎല്ലാത്തരം കഥാപാത്രങ്ങളെയും അവതരിപ്പിക്കാൻ കഴിവ് പ്രദർശിപ്പിച്ചിട്ടുണ്ട്. സോവിയേറ്റ് ചാരസുന്ദരിയുടെ വേഷത്തിൽ അവസാനമായി അവർ പ്രത്യക്ഷപ്പെട്ട സാൾട്ട് ലോക ചലച്ചിത്രമാർക്കറ്റിലെ ബംബർ ഹിറ്റുകളിലൊന്നായിരുന്നു. . മുപ്പത്തി ആറുകാരിയായ അൻജലീന ചലച്ചിത്രവേദിയിൽ കത്തിജ്വലിച്ചു നിൽക്കുന്ന ഈ അവസരത്തിൽ അഭിനയം തന്നെ അത്രയേറെ ആകർഷിക്കുന്നില്ലെന്നു പറയുന്നതെന്തുകൊണ്ടാണ്. അവർ പറയുന്നതും നമ്മുടെ നടിമാർ സാധാരണ പറയാറുള്ള ന്യായം തന്നെയാണ്. നല്ലൊരു ഭാര്യയായി, ഉത്തരവാദിത്തമുള്ള അമ്മയായി ഇനി കഴിയാനാണ് താനിഷ്ടപ്പെടുന്നതെന്നാണ് അവർ വെളിപ്പെടുത്തിയത്.

"ഇന്ന് എനിക്ക് പ്രായമേറിയിരിക്കുന്നു.എന്നെ എനിക്കു തിരിച്ചറിയാൻ കഴിയുന്നു. എന്റെ മുന്നിലുള്ള ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്താൻ ഈ നിലയിൽ എനിക്ക് കഥാപാത്രങ്ങളെ ആശ്രയിക്കേണ്ടതില്ല. പ്രായപൂർത്തിയായ ഒരു പെണ്ണെന്ന നിലയിൽ, ഒരു സ്ത്രീയെന്ന നിലയിൽ, ഒരമ്മയെന്ന നിലയിൽ കുടുംബത്തിന്റെ പിൻബലത്തോടെ ഇന്നെനിക്കതിനു കഴിയുന്നു.

അൻജലീന എഴുതി സംവിധാനം ചെയ്ത പ്രശസ്ത ചലച്ചിത്രമാണ് 'ലാന്റ് ഓഫ് ബ്ലഡ് ആന്റ് ഹണി'. ബോസ്നിയൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിലുള്ളതാണ് ചിത്രം. ഇ പ്രഥമ സംരംഭം ക്യാമറയുടെ മുന്നിൽ നിന്ന് പിന്നിലേക്കു മാറാൻ അവർക്ക് ധൈര്യം നൽകുന്നു.

'ഞാൻ അഭിനയിച്ച ചിത്രങ്ങളുടെ സംവിധായകരിൽ നിന്നെല്ലാം കുറച്ചെങ്കിലും എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നോടൊപ്പമുള്ള ക്രൂസിനെകൈകാര്യം ചെയ്യേണ്ടതെങ്ങിനെയെന്ന് ഞാൻ പഠിച്ചത് ക്ലിന്റ് ഈസ്റ്റ്വുഡ്ഡിൽ നിന്നുമാണ്.'

സംവിധാനം അൻജലീനയെ മോഹിപ്പിക്കുന്നു, പക്ഷേ അതിന്റെ വ്യവസായത്തിൽ ആണ്ടു പോകാൻ അവർ തയ്യാറല്ല. 'ബ്രാഡിനും എനിക്കും പ്രായമേറുകയാണ്. ചിത്രങ്ങളുടെ എണ്ണം തീർച്ചയായും കുറക്കേണ്ടിയിരിക്കുന്നു. ഒരുപാടു നാളായി ഞങ്ങൾ രണ്ടാളും ജോലിചെയ്യാൻ തുടങ്ങിയിട്ട്. ഇനി വിശ്രമിക്കണം, സിനിമയല്ലാതെ ഒരുപാടു കാര്യങ്ങൾ ചെയ്തു തീർക്കാനുമുണ്ട്."

കെ.സി. മധു

www.Mallutribes.com

വൻ വിജയമായ ചാന്തുപൊട്ടിനുശേഷം ദിലീപ്-ലാൽജോസ്-ബെന്നി പി. നായരമ്പലം ഒന്നിക്കുന്ന പുതിയ ചിത്രമാണ് സ്പാനിഷ് മസാല. പൂർണ്ണമായും സ്പെയിനിൽ ചിത്രീകരിക്കുന്ന ഈ ചിത്രം ബിഗ് സ്ക്രീനിന്റെ ബാനറിൽ നൗഷാദ് നിർമ്മിക്കുന്നു. ആഗസ്റ്റ് ഒന്നിന് സ്പെയിനിൽ ഷൂട്ടിംഗ് ആരംഭിച്ച ഈ ചിത്രത്തിൽ വീണ്ടും ഒരു വിദേശ നായികയെ പരിചയപ്പെടുത്തുകയാണ് ലാൽജോസ്.

ഓസ്ട്രിയയിലെ വിയന്ന സ്വദേശിയായ ഡാനിയേല ഫേസറിയാണ് സ്പാനിഷ് മസാലയിലെ നായികാകഥാപാത്രത്തെ അവതരിപ്പിക്കുന്നത്. സ്പെയിനിൽ ചിത്രീകരിക്കുന്ന ആദ്യ മലയാളചിത്രമായിരിക്കും ലാൽജോസിന്റെ സ്പാനിഷ് മസാല.

ചാർളി ഒരു പ്രോഗ്രാമുമായി ബന്ധപ്പെട്ടാണ് സ്പെയിനിലെത്തിയത്. ചാർളിയുടെ ജീവിതത്തിൽ ഈ യാത്ര ഒരു വഴിത്തിരിവായിരുന്നു. ചാർളിക്ക് നാട്ടിലേയ്ക്ക് മടങ്ങിവരുവാൻ കഴിഞ്ഞില്ല. സ്പെയിനിൽ തന്നെ ജീവിക്കാൻ തീരുമാനിച്ച ചാർളി ഒരു ജോലിക്കായി ശ്രമിക്കുന്നു. പരിചയമില്ലാത്ത നാട്, അറിയാത്ത ഭാഷ, വ്യത്യസ്തമായ സംസ്ക്കാരവും ജീവിതരീതിയും. എല്ലാ അർത്ഥത്തിലും നട്ടം തിരിഞ്ഞുവെന്ന് സാരം.

ഇതിനിടയിലാണ് കമീലാ എന്ന പെൺകുട്ടിയുമായി യാദൃച്ഛികമായി പരിചയപ്പെടുന്നത്. ഇന്ത്യയിലെ സ്പാനിഷ് അംബാസിഡറായിരുന്ന ഫിലിപ്പിന്റെ മകളായിരുന്നു കമീല. ജനിച്ചതും പഠിച്ചതും ഇന്ത്യയിലായതിനാൽ ഇന്ത്യയിലെ ആചാരങ്ങളും ജീവിതരീതികളും സംസ്ക്കാരവും കമീലയ്ക്ക് പരിചിതമായിരുന്നു. മാത്രമല്ല അതെല്ലാം കമീലയ്ക്ക് ഇപ്പോഴും വലിയ

ഓസ്ട്രിയയിലെ വിയന്ന സ്വദേശിയായ ഡാനിയേല ഫേസറിയാണ് സ്പാനിഷ് മസാലയിലെ നായികാകഥാപാത്രത്തെ അവതരിപ്പിക്കുന്നത്. സ്പെയിനിൽ ചിത്രീകരിക്കുന്ന ആദ്യ മലയാള ചിത്രമായിരിക്കും ലാൽജോസിന്റെ സ്പാനിഷ് മസാല.

www.Mallutribes.com

www.Mallutribes.com

നാന
www.nanaonline.in

സ്പാനിഷ് മസാല

സ്പെയിനിൽ

ഇഷ്ടമായിരുന്നു. അതുകൊണ്ടുതന്നെയാണ് ചാർളി ഒരു ഇന്ത്യാക്കാരനാണെന്ന് പറഞ്ഞപ്പോൾ ഏറെ സൗഹൃദം കാണിച്ചത്. പക്ഷേ ആ സൗഹൃദം പ്രണയത്തിലേയ്ക്ക് തെന്നിമാറിയപ്പോൾ അവരുടെ ജീവിതത്തിലുണ്ടായ രസകരവും സംഘർഷ ഭരിതവുമായ മുഹൂർത്തങ്ങളാണ് ലാൽജോസ് സ്പാനിഷ് മസാലയിൽ ചിത്രീകരിക്കുന്നത്.

സ്പെയിനിന്റെ തലസ്ഥാനമായ മാഡ്രിഡിൽ ചിത്രീകരണമാരംഭിച്ച ഈ ചിത്രത്തിൽ ചാർളിയായി ദിലീപ് കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്നു. ഡാനിയേലയാണ് കമീലയായി പ്രത്യക്ഷപ്പെടുന്നത്. കുഞ്ചാക്കോ ബോബൻ, ബിജുമേനോൻ, പുതുമുഖം നെൽസൺ, ക്ലൈമന്റ്, ജാവിയർ, ക്രൈസ് ഹോബ്സ്, ഗോപാലൻ, വിനയപ്രസാദ്, കലാരഞ്ജിനി എന്നിവരാണ് താരങ്ങൾ.

ബെന്നി പി. നായരമ്പലം കഥ-തിരക്കഥ-സംഭാഷണം എഴുതുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ലോകനാഥൻ നിർവ്വഹിക്കുന്നു. നവാഗതനായ വേണുഗോപാലിന്റെ വരികൾക്ക് വിദ്യാസാഗർ സംഗീതസംവിധാനം നിർവ്വഹിക്കുന്നു. ചാന്തുപൊട്ടിന്റെ സംഗീതസംവിധായകനും വിദ്യാസാഗർ തന്നെയായിരുന്നു.

കല ഗോകുൽദാസ്, മേക്കപ്പ് ശ്രീജിത്ത് ഗുരുവായൂർ, വസ്ത്രാലങ്കാരം അരുൺ മനോഹർ, അരവിന്ദ് കെ.ആർ. സ്റ്റിൽസ് ഷാനി, പരസ്യകല ജിസൺ പോൾ, അസോസിയേറ്റ് ഡയറക്ടർ സലാം പാലപ്പെട്ടി, സംവിധാനസഹായികൾ രഘുനാഥ വർമ്മ, സംജിത സുനിൽ. പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ഹാരീഷ് ദേശം. പ്രൊഡക്ഷൻ കൺട്രോളർ വിനോദ് ഷൊർണൂർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ നാസിം പി.എ., ലൈൻ പ്രൊഡ്യൂസർ സി.വി. സജിത്ത്.

മലയാളത്തിലെ പ്രമുഖ താരങ്ങൾക്കൊപ്പം സ്പെയിനിലെ അറിയപ്പെടുന്നവരും അഭിനയിക്കുന്ന സ്പാനിഷ് മസാല വിയന്ന, ചെക്ക് റിപ്പബ്ലിക്, മാഡ്രിഡ് എന്നിവിടങ്ങളിൽ ചിത്രീകരണം പൂർത്തിയാകും.

എ.എസ്. ദിനേശ്

www.Mallutribes.com

www.Mallutribes.com

വായനക്കാരുടെ പേജ്

അവാർഡ് ചിത്രങ്ങൾ അവാർഡിനുവേണ്ടി മാത്രം

സിനിമാക്കാരുടെ 'നല്ല ചിത്രങ്ങൾ' എന്നു പറഞ്ഞാൽ ക്യാമറ ചലിപ്പിക്കാതെ രംഗങ്ങൾ ഇഴച്ചെടുത്ത്, ക്ഷമയേയും ബുദ്ധിയേയും ഒരുപോലെ പരീക്ഷിച്ച് എങ്ങും തൊടാതെ നിർത്തുന്ന ചിത്രങ്ങളാണെന്ന് പ്രേക്ഷകർക്ക് നന്നായി അറിയാം. അതുകൊണ്ടാണ് അവാർഡ് ചിത്രങ്ങളും, അത് നേടാൻ സാധ്യതയുള്ള ചിത്രങ്ങളുടേയും പരിസരത്തേയ്ക്ക് പ്രേക്ഷകർ വരാൻ മടിക്കുന്നത്.

ഇത്തരം ചിത്രങ്ങളിൽ സാക്ഷാൽ രജനികാന്ത് അഭിനയിച്ചാൽ പോലും പ്രേക്ഷകർ തിരിഞ്ഞുനോക്കില്ല. അപ്പോഴാണ് ഇവിടെ നമ്മുടെ സൂപ്പർതാരങ്ങളും ജനപ്രിയ താരങ്ങളും അവാർഡുചിത്രങ്ങളുടെ പിന്നാലെ പായുന്നത്.



മോഹൻലാലും മമ്മൂട്ടിയും

അവാർഡ് ചിത്രങ്ങൾ നിർമ്മിക്കുന്നത് സാധാരണക്കാർക്ക് കാണാൻ വേണ്ടിയല്ലെന്ന് ഏറ്റവും നന്നായി മനസ്സിലാക്കിയത് പ്രേക്ഷകർ തന്നെയാണ്. അതുകൊണ്ട് ദയവു ചെയ്ത് അവാർഡ് ചിത്രങ്ങൾ അവാർഡ് കമ്മറ്റിക്കാരുടെ മുന്നിൽ മാത്രം പ്രദർശിപ്പിച്ച് വല്ലതും നേടിയെടുക്കാൻ ശ്രമിക്കണം. തീയേറ്ററിൽ റിലീസ് ചെയ്ത് വെറുതെയെന്തിനാണ് വൈദ്യുതിയും പരസ്യത്തിനുവേണ്ടി കാശും കളയുന്നത്. പ്രേക്ഷകരും ഫാൻസുകാരും തിരിഞ്ഞുനോക്കാത്ത അവാർഡ് ചിത്രങ്ങൾ കാണാൻ വളരെ കുറച്ച് ശതമാനം ജനങ്ങളെ ഇവിടെയുള്ളൂ. അവരെ തൃപ്തിപ്പെടുത്താൻ കോടികൾ നശിപ്പിക്കുന്നത് ഒരു പ്രശ്നമാക്കാതവർ അവാർഡ് ചിത്രങ്ങൾ നിർമ്മിച്ച് സായൂജ്യമടയട്ടെ.

ബോണി മിരാൻഡ് ,തൊടുപുഴ

മാറേണ്ടത് സിനിമയല്ല

പ്രേക്ഷകരെ മാത്രമല്ല പൊതുവേ സമൂഹത്തിന്റെ മനഃശാസ്ത്രംപോലും നമ്മുടെ പല സംവിധായകർക്കും അറിയാൻ കഴിയുന്നില്ല. അതിന്റെ തെളിവായി തിരക്കഥാകൃത്തായ സി.വി. ബാലകൃഷ്ണൻ പറഞ്ഞ വാക്കുകൾ ശ്രദ്ധിച്ചാൽ മതി.

രതിചിത്രങ്ങളുടെ തിരിച്ചുവരവ് സ്ത്രീകൾക്കുനേരെയുള്ള ആക്രമങ്ങൾ കൂടുമെന്നാണ് സി.വിയുടെ വെളിപ്പെടുത്തൽ....!

വർഷങ്ങൾക്കുമുമ്പ് ഷക്കീല ചിത്രങ്ങൾ ഇവിടെ പണം വാരിയിരുന്ന കാലഘട്ടത്തിൽ ഇന്ന് സ്ത്രീകൾക്ക് നേരെയുള്ള പീഡനങ്ങളുടെ പകുതിപോലും ഉണ്ടായിരുന്നില്ല. രതിചിത്രങ്ങൾ മലയാളസിനിമയിൽനിന്നും പൂർണ്ണമായും തുത്തുമാറ്റപ്പെട്ടിട്ടും ഇവിടെ അതിക്രമങ്ങൾ കുറഞ്ഞിട്ടുണ്ടോ?

രതിചിത്രങ്ങൾ ലൈംഗിക ഉത്തേജനം കൂട്ടുമെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ അത് കാണുന്ന മുഴുവൻ പ്രേക്ഷകരും ഓടിച്ചിട്ട് സ്ത്രീകളെ ചുഷണം ചെയ്യുമെന്ന കണ്ടെത്തൽ തികച്ചും ബാലിശമായിപോയി. സ്ത്രീകളെ വേട്ടയാടാൻ ദാഹിക്കുന്ന കാമവെറിയൻമാർക്ക് ഒരു രതിചിത്രവും കാണേണ്ട കാര്യമില്ല. സിനിമ കണ്ട് സമയം കളയാതെ നേരിട്ട് ആഗ്രഹം സാധിക്കലാണ് ഇത്തരം ക്രിമിനലുകളുടെ രീതി.

ഇവിടെ മാറേണ്ടത് സിനിമയല്ല. നമ്മുടെ നിയമമാണ്. താരപരിവേഷത്തോടെയാണ് നമ്മുടെ മാധ്യമങ്ങൾ പീഡനക്കാരെ സമൂഹത്തിന്റെ മുന്നിൽ എഴുന്നള്ളിച്ച് കൊണ്ടുവരുന്നത്. നിയമത്തിന്റെ പഴുതിലൂടെ രക്ഷപ്പെട്ട് ഇവർ വീണ്ടും പീഡനപരമ്പരകൾ തുടരുന്നു. ഈ സത്യത്തെ അംഗീകരിക്കാതെ ബുദ്ധിമാനായ ഒരു നിർമ്മാതാവ് കുറച്ച് പണം വാരിയപ്പോൾ അത് സഹിക്കാൻ പലർക്കും കഴിയാതെപോവുന്നതിന്റെ ന്യായമെന്താണ്?

ക്യാമറ കൂഴിച്ചിട്ട് പ്രേക്ഷകരുടെ ക്ഷമയെ പരീക്ഷിക്കുന്ന ചിത്രങ്ങളെ 'നല്ല ചിത്രങ്ങളെ'ന്ന് വിളിച്ചിരുന്ന കാലമൊക്കെ കഴിഞ്ഞു. അത് സി.വിയെപ്പോലെയുള്ളവർ ഇനി എപ്പോഴാണ് മനസ്സിലാക്കുന്നത്?

സ്ത്രീകളെ പീഡിപ്പിക്കുന്നവരെ ജയിലിൽ അടയ്ക്കാതെ അവരെ ഷണ്ഡന്മാരാക്കുന്ന ഒരു നിയമം ഇവിടെ കൊണ്ടുവരണം. ഇത്തരം ശിക്ഷകൾക്ക് മാത്രമേ

www.Mallutribes.com

സിനി-മിനി

വിണ്ണൈത്താണ്ടി വരുവായയുടെ രണ്ടാംഭാഗം ഗൗതംമേനോൻ സംവിധാനം ചെയ്യാൻ പോകുന്നുവെന്നും താനതിൽ നായകനാകുന്നുവെന്നും ചിമ്പു ഒരു അഭിമുഖത്തിൽ പറഞ്ഞു. അത്തരം ഒരു പദ്ധതിയും ഇതുവരെയില്ലെന്നു പറഞ്ഞ ഗൗതംമേനോൻ പുതിയ ചിത്രത്തിലേയ്ക്കായി ജീവയെ കരാർ ചെയ്തു.

ലിംഗുസാമി സംവിധാനം ചെയ്ത് ആര്യ നായകനാകുന്ന വേട്ടൈ എന്ന ചിത്രത്തിൽ നായികയായ അമലാപോൾ സ്വന്തമായി ഡബ്ബിംഗ് ചെയ്തിരിക്കുന്നു. ഇനി താൻ അഭിനയിക്കുന്ന ചിത്രങ്ങളിൽ ഇത് തുടരുമെന്നാണ് അമല പറയുന്നത്.

ഈ അതിക്രമത്തെ തടയാൻ കഴിയൂ. അതുകൊണ്ട് ഇനിയെങ്കിലും ഓടുന്ന സിനിമകളെ വിമർശിക്കുന്ന പരിപാടി നിർത്തിവെച്ച് ഓടുന്ന സിനിമകളുടെ കഥകൾ കണ്ടെത്താൻ സി.വിയെപ്പോലുള്ള പ്രതിഭകൾ ശ്രമിക്കണം. സോൾട്ട് ആന്റ് പെപ്പർ നമ്മുടെ സിനിമാക്കാർ ഒരു റഫറൻസ് ചിത്രമായി ഏറ്റെടുക്കണം.

സാഗർ കെ. ആദി
പത്തനംതിട്ട ,ഫോൺ:9020160168.

ചവറ്

ഓരോ സിനിമ ചെയ്യുമ്പോഴും പൈസ വാങ്ങിയാണ് നടൻമാർ അഭിനയിക്കുന്നത്. എന്നിട്ട് വർഷങ്ങൾ കഴിയുമ്പോൾ പലരും പറയുന്നത് കുറേ ചവറ് പടങ്ങൾ ചെയ്തെന്നാണ്. ഈ പടം ചെയ്യുന്ന സമയത്താണ് അത് ചവറാണോ നല്ലതാണോ എന്ന തീരുമാനിക്കേണ്ടത്. എന്നിട്ട് ചാനലുകളിൽ വന്നിരുന്ന് ഈ പടം കാണണം വിജയിപ്പിക്കണം എന്ന് പറയുന്നതെന്തിനാണ്. അത് പ്രേക്ഷകരെ കബളിപ്പിക്കുന്നതിന് തുല്യമാണ്. മോഹൻലാലും മമ്മൂട്ടിയും ഒരിക്കലും ഇതുപോലെ ചവറ് ചെയ്തെന്നൊന്നും പറഞ്ഞിട്ടില്ല. ഇപ്പോഴത്തെ ചില യുവ നടന്മാരാണ് ഇങ്ങനെപറയുന്നത്. ഒരു കാര്യം മനസ്സിലാക്കൂ. ചീത്തയാണെന്ന് അറിഞ്ഞുകൊണ്ടും ചീത്ത ചെയ്യുന്നതാണ് ഏറ്റവും വലിയ ചീത്ത.

രാജീവ്,ആലപ്പുഴ.

www.Mallutribes.com

ഫോണിലൂടെ

റഹ്മാൻ

ഹലോ... 98...4...5... 99...6...? റഹ്മാനല്ലെ?'

'യേസ്... ആരാണ്?'

'നാനയിൽനിന്നാണ്. റഹ്മാനിപ്പോൾ ചെന്നൈയിലാണോ?'

'അല്ല. ഞാൻ ഹൈദരാബാദിലാണ്. ഇവിടെ ഒരു തെലുങ്കുസിനിമയിൽ അഭിനയിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ ഇവിടേയ്ക്ക് വരുന്നുവോ. എന്റെ തെലുങ്കുസിനിമാ ലൊക്കേഷൻ കവർ ചെയ്തിട്ടു പോകാം... എന്താ...?'

'പെട്ടെന്നൊരു ഹൈദരാബാദ് യാത്ര നടക്കുമെന്ന് തോന്നുന്നില്ല. ഇവിടെ നാനയുടെ ഓണപ്പതിപ്പിന്റെ ജോലികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.'

'ഓണപ്പതിപ്പിൽ ഞാൻ മിക്കവാറും ഉണ്ടാകാറുണ്ടല്ലോ. ഈ വർഷം എന്നെ ഉൾപ്പെടുത്തുന്നില്ലേ...?'

'ഉണ്ടല്ലോ. അതിനായിരുന്നു ഈ വിളി.'

'ഓക്കെ... ഒരാഴ്ചയും കൂടി കഴിഞ്ഞ് ഞാൻ കൊച്ചിയിൽ വരുന്നുണ്ട്. ഒരു സ്റ്റേജ് പ്രോഗ്രാമുമായി ബന്ധപ്പെട്ട് റിഹേഴ്സലുണ്ട്. അപ്പോൾ ഫോട്ടോഷൂട്ട് അറേഞ്ച് ചെയ്യാം അല്ലേ?'

'അതെ. തെലുങ്ക് സിനിമയുടെ ഡീറ്റെയിൽസ് പറയാമോ? എന്താണ് പേര്?'

'പേര് തീരുമാനമായിട്ടില്ല. ഡയറക്ടർ പരശുതി മുരളി. ഫാമിലിയും കുറച്ച് പൊളിറ്റിക്സും മിക്സ് ചെയ്തുള്ള മൂന്ന് ജനറേഷന്റെ സിനിമയാണ്.'

'ആരൊക്കെയാണ് ആർട്ടിസ്റ്റ്?'

'ഇവിടെയിപ്പോൾ എൻ.ടി.ആറിന്റെ മകൻ ബാലകൃഷ്ണനുണ്ട്. ലക്ഷ്മീറായ് ഉണ്ട്. ജയസുധ, സുകന്യ... തുടങ്ങിയവരൊക്കെയുണ്ട്.'

'റഹ്മാനാണോ ബാലകൃഷ്ണയാണോ ഹീറോ?'

'ഞങ്ങൾക്ക് രണ്ടുപേർക്കും തുല്യവേഷമാണെന്ന് പറയാം. ഞാനും ബാലകൃഷ്ണയും കൂടി ഈയടുത്ത കാലത്ത് 'സിംഹ' എന്നൊരു തെലുങ്കുസിനിമ ചെയ്തിരുന്നു. അതിവിടെ സൂപ്പർ ഡ്യൂപ്പർ ഹിറ്റായിരുന്നു. ഫിഫ്റ്റി ഡെയ്സ് ഗംഭീരമായി സെലിബ്രേറ്റ് ചെയ്തു. സാധാരണ നൂറും ഇരുനൂറും ദിവസങ്ങൾ ഓടുന്ന സിനിമകൾക്കാണിപ്പോൾ ജൂബിലി ആഘോഷം. അതേക്കുറിച്ച് ചോദിച്ചപ്പോൾ അൻപത് ദിവസംകൊണ്ടുതന്നെ 200 ദിവസത്തെ കളക്ഷൻ കിട്ടിയെന്നാണ് അവർ പറയുന്നത്.'

'ഈ വിജയത്തിന്റെ പേരിൽ രാമായണ എന്നൊരു സിനിമയ്ക്കുവേണ്ടി ബാലകൃഷ്ണ എന്നെ വിളിച്ചിരുന്നു. രാമനായി ബാലകൃഷ്ണയും ഭരതനായി എന്നെയും അഭിനയിപ്പിക്കാനായിരുന്നു. പക്ഷേ, ചോദിച്ച ഡേറ്റ്സ് കൊടുക്കാൻ എനിക്ക് കഴിഞ്ഞില്ല. ഇപ്പോൾ വീണ്ടും വിളിച്ചതുകൊണ്ട് ഈ തെലുങ്കുസിനിമ ചെയ്യാൻ കഴിഞ്ഞു.'

'ഓക്കെ... റഹ്മാൻ... കൊച്ചിയിൽ നേരിൽ കാണാം.'

'ഓക്കെ... ബൈ....'

റഹ്മാൻ

www.Mallutribes.com



ശശികുമാർ, പൃഥ്വിരാജ്
ചിത്രം - മാസ്റ്റേഴ്സ്
ഫോട്ടോ: മാർട്ടിൻ

കാർത്തി തെലുങ്കിലേക്ക്



കാർത്തി

കാർത്തി അഭിനയിക്കുന്ന തമിഴ് ചിത്രങ്ങൾ തെലുങ്കിൽ മൊഴിമാറ്റം നടത്തി വൻവിജയം കൈവരിക്കുന്നതുകൊണ്ട് ഭാസ്കർ സംവിധാനം ചെയ്യുന്ന ഒരു തെലുങ്കുചിത്രത്തിന്റെ കരാറിൽ കാർത്തി ഒപ്പുവച്ചിരിക്കുകയാണിപ്പോൾ.

ശശികുമാറിന്റെ ബാല്യകാലം പുതുമുഖങ്ങളെ ആവശ്യമുണ്ട്

പൃഥ്വിരാജ്, തമിഴ്നടൻ ശശികുമാർ (നാടോടികൾ ഫെയിം) എന്നിവരെ പ്രധാനകഥാപാത്രങ്ങളാക്കി ജോണി ആന്റണി സംവിധാനം ചെയ്യുന്ന മാസ്റ്റേഴ്സ് എന്ന ചിത്രത്തിൽ ശശികുമാറിന്റെ ബാല്യകാലം അവതരിപ്പിക്കാൻ പുതുമുഖങ്ങളെ ആവശ്യമുണ്ട്. ശശികുമാറിന്റെ അഞ്ച് വയസ്സ് പ്രായം അവതരിപ്പിക്കാൻ അഞ്ചിനും ഏഴിനും ഇടയ്ക്ക് പ്രായമുള്ളവരും, പതിനഞ്ച് വയസ്സ് പ്രായം അവതരിപ്പിക്കാൻ പതിനാലിനും പതിനേഴിനും ഇടയ്ക്ക് പ്രായമുള്ളവരേയുമാണ് ആവശ്യമുള്ളത്. അഭിനയിക്കാൻ താൽപ്പര്യമുള്ളവർക്ക് ശശികുമാറിന്റെ രൂപസാദൃശ്യം ഉണ്ടായിരിക്കണം. വിശദവിവരങ്ങൾക്കൊപ്പം ക്ലോസ്, ഫുൾസൈസ് ഫോട്ടോകൾ അടക്കം ആഗസ്റ്റ് 25 ന് മുമ്പ് sincerecinema@gmail.com എന്ന ഇ-മെയിലിൽ അപേക്ഷിക്കുക.

www.Mallutribes.com

വിശാൽ വിശാലിനെപ്പറ്റി

ഞാൻ ശേഖരിച്ചുവയ്ക്കുന്നത്

ലോകത്തിന്റെ വിവിധ ഭാഷങ്ങളിൽ നിന്നുള്ള ചലച്ചിത്രങ്ങൾ.

ഞാൻ കളിക്കുന്നത്

ക്രിക്കറ്റും ബാറ്റ്മിന്റണും.

ഇപ്പോൾ ചെയ്യാനാഗ്രഹിക്കുന്നത്

ഹിമാലയത്തിൽ പോയി ട്രക്കിംഗ് നടത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നദികളിൽ വാട്ടർ റാഫ്റ്റിംഗ് നടത്തുന്നതും എന്റെ മോഹമാണ്. ലഡാക്കിലും ലേയിലും പോയി ഊർജ്ജവും ഉന്മേഷവും വീണ്ടെടുക്കണമെന്ന ആഗ്രഹവും ഉണ്ട്.

വിവാഹം

പ്രണയവിവാഹമായിരിക്കും.

പ്രണയത്തെപ്പറ്റി

പ്രണയിനി തികച്ചും ലാളിത്യമുള്ളവളായിരിക്കണം. ഒരു നടിയെ വിവാഹം കഴിക്കുന്നതിൽ യാതൊരു കുഴപ്പവുമില്ല. മറ്റേതൊരു സ്ത്രീയേയും പോലെ അവളും ജോലി ചെയ്യുന്ന സ്ത്രീയാണ്.

പ്രണയമെന്നാൽ

അനുഭവത്തിലൂടെ അറിയേണ്ട ഒന്ന്. അത് ഞാൻ അനുഭവിച്ചറിഞ്ഞയാളാണ്. ജീവിതം എങ്ങനെചിട്ടപ്പെടുത്തണമെന്നും എങ്ങനെനയിക്കണമെന്നും അത് നിങ്ങളെ പഠിപ്പിക്കുന്നു. ഞാൻ സിനിമാരംഗവുമായി ബന്ധമില്ലാത്ത ഒരാളെയാണ് പ്രണയിച്ചത്; എന്റെ കോളേജ് പഠനകാലത്ത്.

എന്നെ സ്വാധീനിച്ച മൂന്നു പേർ

എന്റെ പിതാവ്. ഞാൻ ഇപ്പോൾ എന്താണോ, അതാകാൻ അദ്ദേഹമാണ് കാരണക്കാരൻ. മറ്റൊരാൾ മൈക്കൽ ജാക്സണാണ്. യഥാർത്ഥ എന്റർടൈനറായിരുന്നു ജാക്സൺ. എങ്ങിനെസ്വയം വിജയം വരിക്കാമെന്ന് അദ്ദേഹം തെളിയിച്ചു. മൂന്നാമത് ചാർലി ചാപ്ലിൻ. മരണത്തിനുശേഷവും അദ്ദേഹം ഇപ്പോഴും പതിനായിരക്കണക്കിനാളുകളെ ചിരിപ്പിക്കുന്നു.

ദൈവവിശ്വാസം

ഞാൻ ആത്മീയതയിൽ വിശ്വസിക്കുന്നു. നിശ്ചയമായും ദൈവം ഉണ്ട്.

പുസ്തകങ്ങളെപ്പറ്റി

ഒരു ഗ്രന്ഥത്തിന്റെ പത്തുപേജുപോലും തികച്ചു വായിക്കാൻ എനിക്കാവില്ല. ഞാൻ നല്ലൊരു വായനക്കാരനല്ല.

ഞാൻ എന്നെപ്പറ്റി

ഞാൻ ഒരു പ്രത്യേക സ്വഭാവക്കാരനാണ്. ചിലപ്പോൾ ലോകത്തിൽ നിന്നെല്ലാം ഒഴിഞ്ഞ് ഏകാന്തതയിൽ ലയിക്കുന്നു. മറിച്ച് എപ്പോൾ

വിശാൽ, നയൻതാര

www.Mallutribes.com

www.Mallutribes.com

പാർട്ടികളിൽ പങ്കെടുക്കുന്നത് തൽപ്പര്യവുമാണ്. ശരിക്ക് പറഞ്ഞാൽ എനിക്ക് ദ്വന്ദ വ്യക്തിത്വമുണ്ടെന്ന് പറഞ്ഞാൽ തെറ്റില്ല.

ഭാഗ്യത്തെപ്പറ്റി

ഒരു താരത്തിന് ഭാഗ്യം ആവശ്യമാണ്. കഠിനപ്രയത്നം കൊണ്ട് മാത്രം കാര്യമില്ല. പലപ്പോഴും കഠിനപ്രയത്നം നടത്തിയാലും ഫലമുണ്ടാകില്ല. അതിനാൽ ഭാഗ്യം ഒരു ഘടകം തന്നെയാണ്.

വെറുക്കുന്നത്

മുഖത്തുനോക്കി പറയാതെ ഒളിഞ്ഞുനിന്ന് ദുഷിക്കുന്നത്.

വിശാൽ- വ്യക്തി എന്ന നിലയിലും നടനെന്ന നിലയിലും

മേക്കപ്പഴിച്ചുകഴിഞ്ഞാൽ വ്യക്തിയായി മാറുന്നു. വ്യക്തി എന്നതിനെക്കാൾ നടൻ എന്ന നിലയിൽ വിലയിരുത്താനാണ് ഏവർക്കും ഇഷ്ടം.

ഒരു യുവതി എന്നെക്കാണുന്നുവെന്നിരിക്കട്ടെ. അവൾ യഥാർത്ഥ വിശാലിനോടാണോ വിശാൽ എന്ന നടനോടാണോ പ്രതികരിക്കുന്നത്

ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. എന്നെ എല്ലാവരും കാണുന്നതും വിലയിരുത്തുന്നതും നടൻ എന്ന നിലയിൽത്തന്നെയാണ്.

Mallutribes.com

www.Malayalibes.com

സെക്കന്റ് ഷോ

മമ്മൂട്ടിയുടെ മകൻ ദുൽക്കർ സൽമാന്റെ സിനിമ

ശ്രീനാഥ് രാജേന്ദ്രൻ സംവിധാനം ചെയ്യുന്ന സെക്കന്റ് ഷോ എന്ന ചിത്രത്തിൽ മമ്മൂട്ടിയുടെ മകൻ ദുൽക്കർ സൽമാനാണ് പ്രധാനനടൻ. സിനിമയിൽ സംവിധായകനാകുക എന്നതായിരുന്നു സൽമാന്റെ മോഹമെങ്കിലും ഇപ്പോൾ അഭിനയത്തിലാണ് താൽപ്പര്യം കാണിക്കുന്നതെന്ന് മമ്മൂട്ടി ഒരു കൂടിക്കാഴ്ചയിൽ 'നാന'യോട് പറഞ്ഞു.

ഗുൽമോഹർ തുടങ്ങി ഏതാനും സിനിമകളിൽ ജയരാജിനോടൊപ്പം സഹസംവിധായകനായി പ്രവർത്തിച്ചിട്ടുള്ള ശ്രീനാഥിന്റെ പ്രഥമ ചിത്രമാണിത്. ദുൽക്കർ സൽമാൻ ഉൾപ്പെടെ ഈ ചിത്രത്തിൽ അഭിനയിക്കുന്നവരെല്ലാം തന്നെ പുതുമുഖങ്ങളാണ്. ഒരു കൂട്ടം യുവാക്കളുടെ സംരംഭമായ ഈ സിനിമയോട് മമ്മൂട്ടിയും വളരെ താൽപ്പര്യപൂർവ്വമാണ് പിന്തുണ നൽകിയിരിക്കുന്നത്. തിരക്കഥ വിനിയുടേതാണ്.

ഈയടുത്ത് മമ്മൂട്ടിയെ തിരക്കഥ വായിച്ച് കേൾപ്പിച്ചിരുന്നു. മമ്മൂട്ടിയുടെ മകന്റെ കഥാപാത്രവും കഥയുടെ പശ്ചാത്തലവും സന്ദർഭങ്ങളും മമ്മൂട്ടിക്ക് വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. സബ്ജക്ടിന്റെ ബലം കൊണ്ടു തന്നെയാണ് ഈ സിനിമയിൽ അഭിനയിക്കാൻ ദുൽക്കർ സൽമാൻ തയ്യാറായതെന്ന് സെക്കന്റ് ഷോയുടെ ശിൽപ്പികൾ പറയുകയുണ്ടായി. കോഴിക്കോടായിരിക്കും സിനിമയുടെ പ്രധാനലൊക്കേഷൻ. ഒന്നോ രണ്ടോ ദേശങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യാനുള്ള സാദ്ധ്യതയുമുണ്ട്. ഒരു ഷെഡ്യൂൾ ഷൂട്ടിംഗ് പൂർത്തിയാക്കിയശേഷം ദുൽക്കർ സൽമാന്റെ സാന്നിദ്ധ്യത്തിൽ പത്രസമ്മേളനം വിളിക്കുമെന്നും സെക്കന്റ് ഷോ എന്ന സിനിമയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അപ്പോൾ അറിയിക്കുമെന്നും പ്രവർത്തകർ പറയുകയുണ്ടായി.

കഴിഞ്ഞമാസം വിവാഹനിശ്ചയം കഴിഞ്ഞ ദുൽക്കർ സൽമാന്റെ വിവാഹം ഡിസംബർ 22നാണ്.

മുഖചിത്രം: ശോഭന, ഫോട്ടോ: വെങ്കിട്ടരാമ

ജി.കെ.

www.Mallutribes.com

പാവനസ്മരണ

ആർ. കൃഷ്ണസ്വാമി

ജനനം: 12-2-1923 മരണം: 20-8-1982

ഈ ഭൗതികശരീരം ഞങ്ങളെ വിട്ടുപിരിഞ്ഞിട്ട്
29 സംവത്സരങ്ങൾ പൂർത്തിയാകുന്നു.
എങ്കിലും ഞങ്ങൾക്ക് ശക്തിയായി,
പ്രചോദനമായി, സ്നേഹസ്മരണയായായി
അദ്ദേഹം സദാ ഞങ്ങൾക്കൊപ്പമുണ്ട്.
ആ അനശ്വരപ്രഭാവത്തിനു മുന്നിൽ
ഞങ്ങൾ ശിരസ്സ് നമിക്കുന്നു.

– നാന പ്രവർത്തകർ

www.Mallutribes.com

www.Mallutribes.com

Exclusive

ഹിറ്റുകൾക്കുപിന്നിൽ ഞാനുണ്ട്... എന്നെയാരും അറിയുന്നില്ല

–ശ്രീജാരവി

ശബ്ദസൗകുമാര്യം, ഭാവവൈദഗ്ധ്യം, നിരീക്ഷണപാടവം, ദ്രുതചലനാത്മകത ഇതെല്ലാം ഉണ്ടെങ്കിലേ ഒരു നല്ല ഡബ്ബിംഗ് ആർട്ടിസ്റ്റാകുവാൻ കഴിയൂ. അഭിനേതാവിന്റെ ശബ്ദവും സംഭാഷണശൈലിയും സിനിമയ്ക്ക് അനുയോജ്യമാകാതെ വരുമ്പോഴാണ് ഡബ്ബിംഗ് ആർട്ടിസ്റ്റിനെതേടുന്നത്. ഏത് താരമായാലും ഏത് ഭാഷയായാലും ഏത് വേഷമായാലും അത് ഉൾക്കൊണ്ട് പ്രേക്ഷകഹൃദയങ്ങളിലേയ്ക്ക് ശബ്ദപ്പൊലിമ പകരുവാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഒരു ഡബ്ബിംഗ് ആർട്ടിസ്റ്റിന് ദീർഘനാൾ മികച്ച രീതിയിൽ തുടരുവാൻ കഴിയൂ. 32 വർഷം തന്റെ ശബ്ദമാധുര്യം സിനിമാലോകത്തിന് നൽകിയ ശ്രീജാരവിയെ ഒരു നല്ല ഡബ്ബിംഗ് ആർട്ടിസ്റ്റ് എന്ന് എടുത്തു പറയേണ്ടതില്ല. മലയാളസിനിമയിൽ അനശ്വരമായി നിലനിൽക്കുന്ന നിരവധി സ്ത്രീ കഥാപാത്രങ്ങൾക്ക് ശബ്ദം നൽകിയിട്ടുള്ള ആർട്ടിസ്റ്റാണ് ശ്രീജ. ഒരുപക്ഷേ ജനം ശ്രീജയെ തിരിച്ചറിഞ്ഞില്ലെങ്കിലും ആ ശബ്ദമാധുര്യവും ഭാഷണങ്ങളും ഓർമ്മയിൽ നിലനിൽക്കുന്നുണ്ടാകും.

ഡബ്ബിംഗ് ആർട്ടിസ്റ്റുകളുടെ കുടുംബമാണ് ശ്രീജയുടേത് എന്ന് പറയാം. അമ്മ കണ്ണൂർ നാരായണിയും സഹോദരൻ ജ്യോതിഷ്കുമാറും ഡബ്ബിംഗ് ആർട്ടിസ്റ്റുകളായിരുന്നു. ഒരു ഗായകൻ കൂടിയായ ഭർത്താവ് രവിയും നല്ലൊരു ഡബ്ബിംഗ് ആർട്ടിസ്റ്റാണ്. എത്തിരാജ് കോളേജിൽ ഡിഗ്രിക്ക് പഠിക്കുന്ന മകൾ രവീണയും ചില ചിത്ര

രവി, രവീണ, ശ്രീജ
ഫോട്ടോ: മോഹൻകൊല്ലം

www.Malluttribes.com



മേരിക്കുണ്ടൊരു കുഞ്ഞാട്

ഒരു കലാകാരിക്ക് ജനങ്ങളുടെ അംഗീകാരം ലഭിക്കുക എന്നത് വലിയൊരു സംതൃപ്തിയാണ് നൽകുന്നത്. ഞങ്ങളുടെ കഴിവും കഷ്ടതകളും ജനങ്ങൾ അറിയാത്തതു കൊണ്ടാണ് ഞങ്ങളെ അംഗീകരിക്കാത്തത്. ഒരു ഡബ്ബിംഗ് ആർട്ടിസ്റ്റിന്റെ സംഭാവനകൾ പുറത്തറിയിക്കേണ്ടത് ചിത്രത്തിന്റെ സംവിധായകന്റെയും ശബ്ദം സ്വീകരിച്ച ആർട്ടിസ്റ്റിന്റെയും കടമയാണ്.

ങ്ങൾക്ക് ശബ്ദം നൽകിയിട്ടുണ്ട്. അമ്മയടെ കൂടെ ഡബ്ബിംഗ് സ്റ്റുഡിയോയിലേയ്ക്ക് പോയിരുന്ന സമയത്ത് കുട്ടികളുടെ ശബ്ദത്തിനായി ശ്രീജയെ വിളിച്ചിരുന്നു. അങ്ങനെചെറുപ്പത്തിൽതന്നെ സിനിമയുടെ പിന്നണിയിൽ പ്രവർത്തിക്കാൻ ആരംഭിച്ച ശ്രീജ അക്കാലത്തെ ഒട്ടുമിക്ക ബാലതാരങ്ങൾക്കും ഡബ്ബ് ചെയ്തു. ഇളനീർ എന്ന ചിത്രത്തിലൂടെ നായികാ കഥാപാത്രങ്ങൾക്ക് ശബ്ദം നൽകു വാൻ ആരംഭിച്ച ശ്രീജ കാറ്റത്തെ കിളിക്കൂടിൽ രേവതിക്കു വേണ്ടി ഡബ്ബ് ചെയ്തതോടെ സിനിമയിൽ സജീവമാകുവാനാരംഭിച്ചു. തുടർന്ന് അക്കാലത്തെ നായികമാരായ രോഹിണി, സുഹാസിനി, സുനിത, മാതു, രഞ്ജിനി തുടങ്ങിയ ഒന്നാം നിര താരങ്ങൾക്കും അതോടൊപ്പം കുട്ടികൾക്കും ഡബ്ബ് ചെയ്തു. മാത്രമല്ല സിനിമാരംഗത്തേയ്ക്ക് കടന്നുവരുന്ന പുതുമുഖ നായികമാർക്കു വേണ്ടി സംവിധായകർ അധികവും തെരഞ്ഞെടുത്തിരുന്നത് ശ്രീജയുടെ ശബ്ദമായിരുന്നു. മഞ്ജുവാര്യർ, ശാലിനി, കാവ്യാമാധവൻ, ഗോപിക, കത്രീനാ കെയ്ഫ്, ജൂഹിചൗള, നയൻതാര, അസിൻ തുടങ്ങി ഇന്നത്തെ പുതുമുഖങ്ങളായ ശ്രുതിലക്ഷ്മി, വരദ, സരയു, മൈഥിലി എന്നിവർ വരെ ആ ശബ്ദം കടം വാങ്ങിയവരവാണ്. ശ്രീജ, ശബ്ദം നൽകിയവരുടെ എണ്ണം ഇരുനൂറിലധികമാണ്.

1988, 1997, 2008 എന്നീ വർഷങ്ങളിലെ മികച്ച ഡബ്ബിംഗ് ആർട്ടിസ്റ്റിനുള്ള കേരള സ്റ്റേറ്റ് അവാർഡും 2003 ലും 2006 ഉം ഫിലിം ക്രിട്ടിക്സ് അവാർഡും കരസ്ഥമാക്കിയ ശ്രീജ 2002 ൽ ദിൽ എന്ന ചിത്രത്തിൽ ഡബ്ബ് ചെയ്തതിന് തമിഴ്നാട് സ്റ്റേറ്റ് അവാർഡും സ്വന്തമാക്കി. മലയാളം,

കുശ്ബു

Malluttribes.com

www.Mallutribes.com

അർഹമായ അംഗീകാരങ്ങൾ തരുന്നില്ലെന്ന് മാത്രമല്ല ഞങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. മേരിക്കുണ്ടൊരു കുഞ്ഞാടിൽ ഭാവനയ്ക്ക് ഡബ്ബ് ചെയ്തത് ഞാനാണ്. ആ ചിത്രത്തിന്റെ നൂറാംദിവസം ആഘോഷിച്ചു. അതുപോലെ പ്രാഞ്ചിയേട്ടനിൽ കുശ്ബുവിന് ചെയ്തതും ഞാനാണ്. അതിന്റെയും ആഘോഷം കഴിഞ്ഞു. എന്നാൽ ചിത്രത്തിന്റെ ആരും എന്നെ ഇതൊന്നും അറിയിച്ചില്ല.

തമിഴ്, കന്നഡ, തെലുങ്ക്, ഹിന്ദി എന്നീ ഭാഷകളിലായി 1000 ലധികം ചിത്രങ്ങൾക്ക് ശ്രീജ ശബ്ദം നൽകിക്കഴിഞ്ഞു. എങ്കിലും ശ്രീജയ്ക്ക് അർഹമായ ജനകീയ അംഗീകാരം കിട്ടിയിട്ടില്ല എന്ന് പറയേണ്ടതുണ്ട്. അക്കാര്യം വേദനയോടെ തന്നെ ശ്രീജ വ്യക്തമാക്കുന്നു.

'ഒരു കലാകാരിക്ക് ജനങ്ങളുടെ അംഗീകാരം ലഭിക്കുക എന്നത് വലിയൊരു സംതൃപ്തിയാണ് നൽകുന്നത്. ഞങ്ങളുടെ കഴിവും കഷ്ടതകളും ജനങ്ങൾ അറിയാത്തതുകൊണ്ടാണ് ഞങ്ങളെ അംഗീകരിക്കാത്തത്. ഒരു ഡബ്ബിംഗ് ആർട്ടിസ്റ്റിന്റെ സംഭാവനകൾ പുറത്തറിയിക്കേണ്ടത് ചിത്രത്തിന്റെ സംവിധായകന്റെയും ശബ്ദം സ്വീകരിച്ച ആർട്ടിസ്റ്റിന്റെയും കടമയാണ്. കാരണം അവർക്കാണ് ഞങ്ങളുടെ കഷ്ടപ്പാടുകൾ കൂടുതൽ അറിയുക. അർഹമായ അംഗീകാരങ്ങൾ തരുന്നില്ലെന്ന് മാത്രമല്ല ഞങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. മേരിക്കുണ്ടൊരു കുഞ്ഞാടിൽ ഭാവനയ്ക്ക് ഡബ്ബ് ചെയ്തത് ഞാനാണ്. ആ ചിത്രത്തിന്റെ നൂറാംദിവസം ആഘോഷിച്ചു. അതുപോലെ പ്രാഞ്ചിയേട്ടനിൽ കുശ്ബുവിന് ചെയ്തതും ഞാനാണ്. അതിന്റെയും ആഘോഷം കഴിഞ്ഞു. എന്നാൽ ചിത്രത്തിന്റെ ആരും എന്നെ ഇതൊന്നും അറിയിച്ചില്ല. അതെല്ലാം കഴിഞ്ഞ് ആരെങ്കിലും പറയുമ്പോഴോ വായിച്ചോ ആണ് അറിയുന്നത്. എത്ര പേർക്ക് ഡബ്ബ് ചെയ്യുന്നു. പലർക്കും അവാർഡ് കിട്ടുന്നുണ്ട്. ഒന്ന് വിളിച്ച് നന്ദി പറയാൻപോലും തയ്യാറാവില്ല. അപൂർവ്വം ചിലർ വിളിച്ച് താങ്ക്സ് പറഞ്ഞിട്ടുണ്ട്. ഒരു നായികനടി ബാലതാരമായിരിക്കുമ്പോൾ തൊട്ട് ഞാനാണ് ഡബ്ബ് ചെയ്തിരുന്നത്. ആ താരത്തിന്റെ 50 ചിത്രങ്ങളിൽ 48 ഉം ഞാനാണ് ചെയ്തിട്ടുള്ളത്. ഒരു ചിത്രത്തിന്റെ നൂറാംദിവസം ആഘോഷിക്കുമ്പോൾ ഞാൻ ആദ്യത്തെ നിരയിൽ ഞാനും ഇരിക്കുന്നുണ്ട്. ആ കുട്ടി ലൈറ്റ് ബോയ് തൊട്ട് എല്ലാവരുടെയും പേര് പറഞ്ഞ് താങ്ക്സ് പറഞ്ഞു. എന്നാൽ ശബ്ദം നൽകിയ എന്റെ പേര് പറയുകപോലും ഉണ്ടായില്ല. ഞങ്ങളാണ് ഡബ്ബ് ചെയ്തത് എന്ന് പറഞ്ഞാൽ അവർക്കത് പോരായ്മയായിട്ടാണ് തോന്നുന്നത്. പല ചാനലുകളും വലിയ ആഘോഷമായിതന്നെ ചലച്ചിത്ര അവാർഡുകൾ നൽകുന്നുണ്ട്. എന്നാൽ ഡബ്ബിംഗ് ആർട്ടിസ്റ്റിന് അവാർഡ് കൊടുക്കുവാൻ അവരൊന്നും തയ്യാറാകുന്നില്ല. അത്തരം വേദി അധികമാളുകളും കാണുന്നതാണ്. അതിൽ ഞങ്ങളെയും പരിഗണിക്കുകയാണെങ്കിൽ ഞങ്ങളെയും പ്രേക്ഷകർ അറിയാൻ തുടങ്ങും. സെൻട്രൽ ഗവൺമെന്റ് ഡബ്ബിംഗ് ആർട്ടിസ്റ്റിന് അവാർഡ് നൽകുന്നില്ല. ഞങ്ങൾ അതിനു വേണ്ടി നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സ്റ്റേറ്റ് അവാർഡിൽ തന്നെ പല നല്ല ചിത്രങ്ങളും എന്റേതായിരുന്നു. എന്നാൽ ബന്ധപ്പെട്ടവർ പേര് ഉൾപ്പെടുത്തുവാൻ ശ്രമിക്കാത്തതുകൊണ്ട് ആ ചാൻസുകൾ നഷ്ടമായി. അതുപോലെ എത്ര ഹിറ്റുചിത്രങ്ങൾക്ക് പിന്നിൽ ഞാനുണ്ട്. എന്നാൽ എന്നെ ആരും അറിയുന്നില്ല. ഈ രംഗത്തുള്ളവരുടെ വേദനയും അതുതന്നെയാണ്.'

എം.വി. രമേഷ്കുമാർ

ശ്രീജയും മകൾ രവീണയും

www.Mallutribes.com

DATE OF RELEASE
14-08-2011

ഈ ലക്കത്തിൽ (28-08-2011)

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം
ദേവപ്രശ്നത്തിൽ വെളിപ്പെട്ടത്
ആരുടെ ഹിതം?

ശിവഗിരിക്കുമേൽ പിന്നെയും
കരിമേഘങ്ങൾ ഉരുണ്ടുകൂടുന്നു

ആഗസ്റ്റ് 28, 2011
₹12

കേരളം

50-ാം വർഷത്തിലേക്ക്

സ്വതന്ത്ര രാഷ്ട്രീയവാരിക

മാറാട്:
ശ്രീധരൻപിള്ളയ്ക്കെതിരെ
ബി.ജെ.പി യിൽ
പടയൊരുക്കം



ഉമ്മൻചാണ്ടി
എന്തിന് രാജിവെയ്ക്കണം..?

www.Mallutribes.com

Location

മലേഷ്യയിലെത്തിയ തേജാഭായി

മലേഷ്യയിലെ നഗരവീഥികൾ ഒരു മലയാളചിത്രത്തിന് വീണ്ടും പശ്ചാത്തലമായി മാറിയിരിക്കുന്നു. ദീപു കരുണാകരൻ സംവിധാനം ചെയ്യുന്ന തേജാഭായി ആന്റ് ഫാമിലി എന്ന ചിത്രമാണ് ഇവിടെ എത്തിയത്. ഏതാണ്ട് ഇരുപത് ദിവസത്തോളം നീണ്ടുനിന്ന ചിത്രീകരണമായിരുന്നു ഇവിടെ അരങ്ങേറിയത്.

ഒരു മാസക്കാലത്തിലേറെയായി തിരുവനന്തപുരത്ത് ഈ ചിത്രത്തിന്റെ ചിത്രീകരണം നടന്നിരുന്നു. മലേഷ്യൻ ഷെഡ്യൂളിൽ വേണ്ടുന്ന തയ്യാറെടുപ്പുകൾ, പിന്നെ പൃഥ്വിരാജിന്റെ വിവാഹം ഇങ്ങനെരണ്ട് കാരണങ്ങളാൽ ബ്രേക്ക് ചെയ്ത ചിത്രം പിന്നീട് മലേഷ്യയിലാണ് ആരംഭിച്ചത്.

പൃഥ്വിരാജ്, നായികയായ അഖില പ്രശസ്ത തമിഴ്-തെലുങ്ക് നടൻ സുമൻ, സുരാജ് വെഞ്ഞാറമ്മൂട്, അശോകൻ, അജിത്, തലൈവാസൽ വിജയ് എന്നിവരാണ് മലേഷ്യൻ ഷെഡ്യൂളിലഭിനയിക്കുവാനായി എത്തിച്ചേർന്നത്.

രണ്ട് ഗാനരംഗങ്ങൾ, രണ്ട് ആക്ഷൻ രംഗങ്ങൾ, ചേസ് എന്നിവയാണ് ഇവിടെ ചിത്രീകരിക്കപ്പെട്ടത്. ഗാനരംഗങ്ങളിൽ അകമ്പടിയായി പങ്കെടുത്തത് ചൈനീസ് താരങ്ങളാണെന്നുള്ളത് ഏറെ ആകർഷണീയമാണ്.

കൈതപ്രം രചിച്ച് ദീപക്ദേവ് ഈണമിട്ട് ഷാൻ പാടിയ-

'പ്രണയനിലാ... വാ... വാ... വാ...
പവിഴമിതാ... വാ... വാ... വാ...
പ്രണയമിതെത്ര സുന്ദരം
പുതുകവിതാ വാ... വാ... വാ...'

എന്ന ഗാനത്തിന്റെ ചലച്ചിത്രാവിഷ്ക്കരണമായിരുന്നു ഇവിടെ അരങ്ങേറിയത്. പ്രസിദ്ധ കൊറിയോഗ്രാ

www.Mallutribes.com

ഫറായ സുജയുടെ സഹായത്തോടെയാണ് ദീപു കരുണാകരൻ ഈ ഗാനം ചിത്രീകരിച്ചത്. ശ്യാം ദത്തായിരുന്നു ഛായാഗ്രാഹകൻ.

ഈ ഗാനരംഗം തേജാഭായി എന്ന മലേഷ്യയിലെ അധോലോക രാജാവിന്റെ സ്വപ്നമായിട്ടാണ് ചിത്രീകരിക്കുന്നത്.

തേജാഭായി. നന്നേ ചെറുപ്പത്തിലേ വീടുവിട്ടു പോയതാണ് അവൻ. ഓർമ്മവച്ചപ്പോൾ അവൻ എത്തിച്ചേർന്നത് മലേഷ്യയിൽ. ഇവിടുത്തെ ഇരുണ്ട വഴികളിലൂടെയായിരുന്നു അവന്റെ വളർച്ച. ഇതവനെകൊണ്ടു ചെന്നെത്തിച്ചത് ഈ നഗരത്തെ ചെറുവിരലിലൂടെ നിയന്ത്രിക്കാൻ കഴിവുള്ള അധോലോക നായകനിലേക്കാണ്.

ഈ നഗരത്തിലെ സാമൂഹ്യപ്രവർത്തകയും ബിസിനസ്സുകാരനായ ദാമോദർജിയുടെ മകളുമായ വേദികയെ തേജാഭായി ഇഷ്ടപ്പെട്ടു.

തേജാഭായി. നന്നേ ചെറുപ്പത്തിലേ വീടുവിട്ടു പോയതാണ് അവൻ. ഓർമ്മവച്ചപ്പോൾ അവൻ എത്തിച്ചേർന്നത് മലേഷ്യയിൽ. ഇവിടുത്തെ ഇരുണ്ട വഴികളിലൂടെയായിരുന്നു അവന്റെ വളർച്ച. ഇതവനെകൊണ്ടുചെന്നെത്തിച്ചത് ഈ നഗരത്തെ ചെറുവിരലിലൂടെ നിയന്ത്രിക്കാൻ കഴിവുള്ള അധോലോക നായകനായിട്ടാണ്.

എങ്ങനെയും വേദികയെ സ്വന്തമാക്കണമെന്ന് തേജാഭായി കരുതി. പിന്നീടതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഇതിന് തേജാഭായിയെ സഹായിക്കുവാൻ ഇറങ്ങിത്തിരിച്ചത് രാജഗുരു വിശ്വവചസ്സാണ്.

രാജഗുരുവിനെഅവതരിപ്പിക്കുന്നത് സുരാജ് വെഞ്ഞാറമ്മൂടാണ്.

തലൈവാസൽ വിജയ്, ജഗതി, സലിംകുമാർ, ജഗദീഷ്, നെടുമുടി വേണു, മോഹൻജോസ്, ഭീമൻ രഘു, കൊല്ലം തുളസി, ശോഭാമോഹൻ, മങ്കാമഹേഷ്, മണിയൻപിള്ള രാജു, കുളപ്പുള്ളി ലീല എന്നിവരും ഈ ചിത്രത്തിലെ പ്രധാനതാരങ്ങളാണ്.

രചന ദീപു കരുണാകരൻ, എഡിറ്റിംഗ് മനോജ്, കലാസംവിധാനം സാബു റാം, അസോസിയേറ്റ് ഡയറക്ടർ സന്തോഷ്കുമാർ, പ്രൊഡക്ഷൻ കൺട്രോളർ എസ്. മുരുകൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് സജീവ് കുണ്ടറ.

അനന്താ വിഷന്റെ ബാനറിൽ പി. കെ. മുരളീധരനും ശാന്താ മുരളിയും ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി.

മുരളി ഫിലിംസ് ഈ ചിത്രം പ്രദർശനത്തിനെത്തിക്കുന്നു.

വാഴൂർ ജോസ്

അഖിൽ, പൃഥ്വിരാജ്
ഫോട്ടോ: ജയപ്രകാശ് പയ്യന്നൂർ

www.Mallutribes.com

ഇമേജ്

വിശാൽ

അവൻ ഇവൻ എന്ന ചിത്രം തനിക്കു നൽകിയ മികച്ച അടി നേതാവെന്ന ഇമേജ് നിലനിർത്താനായി വളരെ ശ്രദ്ധിച്ചും കണ്ടും കരുക്കൾ നീക്കുകയാണ് വിശാൽ. ഈ ബാല ചിത്രത്തിനുമുമ്പ് വളരെ ലാഘവത്തോടെ സിനിമയിലഭിനയിച്ചിരുന്ന എനിക്കിപ്പോൾ 50-ഓളം കഥകൾ കേട്ടിട്ടും ഒരു ചിത്രം ചെയ്യാനുള്ള ധൈര്യം ഉണ്ടാകുന്നില്ല. അവൻ ഇവന്റെ ഇമേജ് തകർന്നുപോകുമോ എന്ന പേടി തന്നെയാണതിന് കാരണം.

അർജുന്റെ ഓം

അർജുൻ, പല്ലവി സുഭാഷ്

ഒരുപിടി അന്നമായാലും അത് സ്വന്തം വിയർപ്പിൽനിന്ന് ലഭിച്ചതെങ്കിൽ അതിന്റെ രുചി ഒന്നു വേറെതന്നെയാണ്. വിയർപ്പൊഴുക്കാതെ കിട്ടുന്ന ഏതു രുചിയുള്ള ആഹാരവും ദഹിക്കാൻ പാടുപെടും. ഇത്തരം മനോഭാവമുള്ള 2 ടീമിന്റെ കഥയാണ് 'ഓം'-ലൂടെ അർജുൻ പറയുന്നത്.

എങ്ങനെയും കാശുണ്ടാക്കാമെന്ന് വിചാരിക്കുന്ന ഒരു കൂട്ടർ. സത്യത്തിന്റെ മാർഗ്ഗത്തിലേ സമ്പത്തുണ്ടാകൂ എന്നു കരുതുന്ന നായകൻ. പല്ലവി സുഭാഷ് എന്ന നായിക പുതുമുഖമായെത്തുന്നു. അർജുനൊടൊപ്പം വിവേകും അതിപ്രധാനവേഷം 'ഓം'-ൽ ചെയ്യുന്നുണ്ട്. ഇളംകണ്ണൻ സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന്റെ എല്ലാമെല്ലാം

www.Mallutribes.com

അഭിഷേക് ഐശ്വര്യ

ആകസ്മിക ഗർഭം

ഐശ്വര്യയുടെ ഗർഭം തികച്ചും ഒരു ആകസ്മികമെന്നാണ് അഭിഷേക് പറയുന്നത്. ഞങ്ങൾ രണ്ടുപേർക്കും ഒരുപാട് കമ്മിറ്റ്മെന്റ്സുകളുണ്ട്. പക്ഷേ ഇപ്പോൾ അവയിൽ പലതും മാറ്റിവയ്ക്കേണ്ടിവന്നിരിക്കുന്നു. അതിന്റെ ടെൻഷനുണ്ടെങ്കിലും ഞങ്ങൾ സന്തോഷത്തിലാണ്.

ധനുഷിന്റെ നിർബ്ബന്ധം

മകൾ യാത്രയും ലിങ്കായും തമിഴ് നിർബ്ബന്ധമായും പഠിച്ചിരിക്കണമെന്നത് ധനുഷിന്റെ ആഗ്രഹമാണ്. അതിനുവേണ്ടി യാത്രയ്ക്ക് ഇപ്പോൾ തന്നെ ഒരു ട്യൂഷൻമാസ്റ്ററെ ഏർപ്പാടാക്കിയിട്ടുണ്ട് അച്ഛൻ ധനുഷ്.

ഗ്രാമഫോൺ സംഗീതവുമായി 'ടൈംലെസ് മെലഡീസ്'

ഒരു കാലത്ത് മലയാളികളുടെ സംഗീതാസ്വാദനത്തിന് വിഭാജ്യഘടകമായ എൽ.പി. റിക്കോർഡുകൾ വീണ്ടും വിപണിയിലെത്തുന്നു. ഗൃഹാതുരത്വമുണർത്തുന്ന ഓർമ്മകളുടെ ലോകത്തേയ്ക്ക് മലയാളികളെ സംഗീത സാന്ദ്രമായി നയിക്കുന്ന ഗ്രാമഫോൺ റെക്കോർഡുകൾ സത്യം ഓഡിയോസ് ആണ് അവതരിപ്പിക്കുന്നത്.

എറണാകുളം പ്രസ്സ് ക്ലബ്ബിൽവെച്ച് നടന്ന ചടങ്ങിൽ പ്രസ്തുത സംഗീതസംവിധായകൻ എം. ജയചന്ദ്രൻ, സംഗീതസംവിധായകനായ ബി. വിജയകുമാറിന് ആദ്യപ്രതി നൽകിയാണ് 'ടൈംലെസ് മെലഡീസ്- യേശുദാസ് എന്ന എൽ.പി. റിക്കാർഡ് പ്രകാശനം നിർവ്വഹിച്ചത്. ചടങ്ങിൽ സത്യം ഓഡിയോസ് ഉടമ പ്രേമചന്ദ്രനും സന്നിഹിതനായിരുന്നു.

അനുഗ്രഹീതഗായകൻ കെ.ജെ. യേശുദാസിന്റെ മനോഹരമായ ഗാനങ്ങളുടെ ചായാചിത്രവും ആദ്യോഹരത്തിന്റെ ലഘുജീവിതക്കുറിപ്പും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എത്ര കാലം കഴിഞ്ഞാലും ഈ പാട്ടുകൾ വളരെ വ്യക്തമായി കേൾക്കാമെന്നതാണ് എൽ.പി. റിക്കാർഡുകളുടെ പ്രത്യേകത. പാട്ടുകൾക്ക് കൂടുതൽ വ്യക്തത നൽകുന്ന വിനൈൽ റെക്കോർഡുകളാണ് സത്യം ഓഡിയോസ് വിപണിയിലെത്തിക്കുന്നത്.

എൽ.പി. റെക്കോർഡുകൾ ഇറക്കാൻ പോകുന്നുവെന്ന വാർത്ത ആളുകൾ നല്ല പ്രോത്സാഹനമാണ് നൽകുന്നത്. ഇതിനുശേഷം ശ്രേയാഘോഷൽ പാടിയ ഗാനങ്ങളുടെ റിക്കാർഡായിരിക്കും സത്യം ഓഡിയോസ് അവതരിപ്പിക്കുന്നതെന്ന് പ്രേമചന്ദ്രൻ പറഞ്ഞു.

ഓവിയ

ഹലോനെന്ന ഓവിയ ഴകത്ത് കളവാണി എന്ന ഒറ്റച്ച കൊണ്ട് ശ്രദ്ധേയയായി. തുടർന്ന് മന്മഥ അൻപ് എന്ന ചിത്രത്തിൽ ഒര അതിഥിവേഷം ചെയ്തു. എങ്കിലും അ കൊണ്ട് ഒരു പ്രയോജനവും ഓവിയയ്ക്കു യില്ല. വിചാരിച്ചപോലെ നല്ല ചിത്രങ്ങളും വല ബാനറുകളും തേടിയെത്താത്തതുകൊണ്ട് കന്ന ലേയ്ക്ക് ചേക്കേറിയിരിക്കുന്നു ഓവിയ. മാത്രമല്ല സിനിമയ്ക്കുവേണ്ടി പാതിവഴിയിൽ ഉപേക്ഷിച്ച വിദ്യാഭ്യാസം തുടരുകയാണ് ഓവിയ ഇപ്പോൾ.

www.Malluvibes.com



ഒരു കഥ തുടർക്കഥയാകുന്നു ചില കഥാപാത്രങ്ങളും

റൺവെ തുടർച്ച വാളയാർപരമശിവം

-ഉദയകൃഷ്ണ - സിബി കെ. തോമസ്

ഞങ്ങൾ തിരക്കഥയെഴുതി സന്ധ്യാമോഹൻ സംവി
ധാനം ചെയ്ത കിലുക്കം കിലുകിലുക്കം എന്ന സിനിമ
പ്രിയദർശൻ സംവിധാനം ചെയ്ത കിലുക്കം എന്ന സിനി
യുടെ രണ്ടാംഭാഗമായി രൂപപ്പെടുത്തിയെടുത്തതായിരുന്
ല്ല. പിന്നീട് ആ രീതിയിലുള്ള ചില സാദ്ധ്യതകൾ സംഭ
ക്കപ്പെടുകയായിരുന്നു.

കിലുക്കത്തിലെ ഒന്നുരണ്ട് കഥാപാത്രങ്ങൾ മാത്രം
എടുത്തുകൊണ്ട് പുതിയ ഒരു സിനിമ ചെയ്യാനായിരുന്നു
ഞങ്ങൾ ആദ്യം തിരുമാനിച്ചത്. മാനസികമായ പ്രശ്നങ്ങ
ളുള്ള കഥാപാത്രത്തെ പ്രധാനമാക്കിക്കൊണ്ടുള്ള സിനിമ
'കിലുക്കം' സിനിമയുടെ തുടർഭാഗമായി മറ്റൊരു ചിത്രം
വരുന്ന രീതിയിൽ അതിന്റെ സ്ക്രിപ്റ്റ് ഞങ്ങൾ വർക്കൗ
ചെയ്തിട്ടില്ല. എന്നാൽ, മോഹൻലാലിന്റെ പ്രസൻസ് ഉ

ഉദയ്കൃഷ്ണ-സിബി കെ. തോമസ്

കിൽ വിപണനസാദ്ധ്യതകൾക്ക് വഴിയൊരുക്കും എന്നതു
കൊണ്ടാണ് ലാലിനെഉൾപ്പെടുത്തുന്ന കാര്യം പിന്നീടെ
പ്പോഴോ തീരുമാനിച്ചത്. അതെല്ലാം ഓരോ ചർച്ചകളി
ലൂടെ ഉരുത്തിരിഞ്ഞു വന്നതാണ്.

***നിങ്ങൾ തിരക്കഥയെഴുതിയ റൺവെ എന്ന ചിത്ര
ത്തിന് രണ്ടാംഭാഗം വരുന്നതായി വാർത്തകളുണ്ടായിരു
ന്നുവല്ലോ?***

ഉണ്ട്. അങ്ങനെയൊരു പദ്ധതിയിട്ടിട്ടുമുണ്ട്. പക്ഷേ,
ഇന്ന് എന്നു നടക്കും, എപ്പോൾ നടക്കും എന്നൊന്നും പറ
യാനാവില്ല. വാളയാർ പരമശിവമെന്നാണ് പേര് നിശ്ചയി
ച്ചുറപ്പിച്ചിട്ടുള്ളത്. റൺവെയുടെ തിരക്കഥ പൂർത്തീകരിച്ച
പ്പോൾതന്നെ ഞങ്ങൾ ഈ സിനിമയ്ക്ക് ഒരു രണ്ടാംഭാഗ
ത്തിനുള്ള സാദ്ധ്യത കണ്ടുവച്ചിരുന്നു. ആ രീതിയിലാണ്
കഥയിലെ കഥാപാത്രങ്ങൾ യാത്ര ചെയ്തുവരുന്നതും
സിനിമയുടെ ടെയിൽ എൻഡും.

വാളയാർ പരമശിവത്തിന്റെ സംവിധായകൻ ജോഷി
യെന്നായിരിക്കും. ദിലീപും കാവ്യാമാധവനുമായിരിക്കും
പ്രധാനഅഭിനേതാക്കളും. തൽക്കാലം ആ സിനിമയെക്കു
റിച്ച് ഇത്ര മാത്രമേ പറയാനാകുന്നുള്ളൂ.

-തിരക്കഥാകൃത്തുക്കളായ ഉദയ്കൃഷ്ണ-സിബി കെ.
തോമസ് പറയുകയുണ്ടായി.

കുച്ചവടക്കണ്ണും ഒരു ഘടകം

-തുളസിദാസ്

ഒരു സിനിമയുടെ മൂന്നു ഭാഗങ്ങളും സംവിധാനം
ചെയ്യുകയും ഇനിയൊരു രണ്ടാംഭാഗസിനിമയുടെ തയ്യാ
റെടുപ്പുകളുമായി നിൽക്കുന്ന സംവിധായകനാണ് തുള
സിദാസ്.
ഈനസിനിമാവാരിക

www.Mallutribes.com

മിമിക്രി ആർട്ടിസ്റ്റുകൾക്ക് പ്രാധാന്യം നൽകിയുള്ള മിമിക്സ്പരേഡ് എന്ന സിനിമയ്ക്ക് രണ്ട് ഭാഗങ്ങൾ തുടർച്ചയായി വന്നിരുന്നു. കാസർകോഡ് കാദർഭായിയായിരുന്നു രണ്ടാംഭാഗം. എഗെയ്ൻ കാസർകോഡ് കാദർഭായ് എന്ന ചിത്രം മൂന്നാംഭാഗമായും വന്നു.

കുറെ വർഷങ്ങൾക്കുമുമ്പ് തുളസിദാസ് സംവിധാനം ചെയ്ത സിനിമയാണ് മലപ്പുറം ഹാജി മഹാനായ ജോജി. ഏറെ ജനപ്രീതി നേടിയ ഒരു സിനിമയായിരുന്നു ഇത്. ഈ സിനിമയ്ക്കും ഇപ്പോൾ രണ്ടാംഭാഗം ഒരുങ്ങുകയാണ്.

കരുതുന്നില്ല. പക്ഷേ, ആ സിനിമയുടെ ഇനിഷ്യൽ കളക്ഷനെന്നു പറയുന്നത് എന്നെ അത്ഭുതപ്പെടുത്തുന്നതായിരുന്നു. ഒരു മമ്മൂട്ടി-മോഹൻലാൽ ചിത്രത്തിന് വരുന്ന ഇനിഷ്യൽ പുള്ളിംഗുണ്ടായിരുന്നു. ഫസ്റ്റ് വീക്ക് കളക്ഷൻതന്നെ നന്നായി വന്നു. മൂന്നു സിനിമയ്ക്കും ശരാശരി വിജയം നേടാൻ കഴിഞ്ഞു എന്നത് ഒരു പരമാർത്ഥമാണ്.

ഇപ്പോഴത്തെ ഈ രണ്ടാംഭാഗ സിനിമകളുടെ ചാകരയുണ്ടല്ലോ അതിന് എത്രയോ മുൻപെ ഞാൻ സിനിമയാണ് മലപ്പുറം ഹാജി. ബോംബെയിൽ ചെന്നാലും ഗൾഫിൽ ചെന്നാലും മലയാളികൾ എന്നെ കാണുമ്പോൾ മലപ്പുറം ഹാജിയെക്കുറിച്ചാണ് സംസാരിക്കുന്നത്. അത്രയും ജനപ്രീതിയുള്ള ഒരു സിനിമ എന്ന നിലയ്ക്കാണ് ഇതിന്റെ രണ്ടാംഭാഗത്തെക്കുറിച്ച് ചിന്തിച്ചത്.

ഇതുപോലെയുള്ള രണ്ടാംഭാഗ-മൂന്നാംഭാഗം സിനിമകളോടുള്ള പ്രേക്ഷകരുടെ താൽപ്പര്യം... അഭിരുചി ഇതൊക്കെ തിരിച്ചറിഞ്ഞിട്ടുണ്ടോ?

പ്രേക്ഷകരെ സംബന്ധിച്ച് ഒരു സിനിമയോടും താൽപ്പര്യക്കുറവില്ല. പ്രേക്ഷകർക്ക് നല്ല സിനിമ കിട്ടണം. രണ്ടാംഭാഗ

കാസർകോഡ് കാദർഭായ്



ഈ അനുഭവങ്ങളെക്കുറിച്ച് തുളസിദാസിനോടു ചോദിച്ചു. കച്ചവടക്കണ്ണു തന്നെയാണോ ഇതിന് പ്രേരിപ്പിക്കുന്നതെന്നായിരുന്നു ചോദ്യം.

അതും ഒരു ഘടകംതന്നെയാണെന്ന് പറഞ്ഞുകൊണ്ട് തുളസിദാസ് തുടങ്ങി. 'ഒരു സിനിമയുടെ മൂന്നാംഭാഗമായിട്ടെടുത്ത സിനിമയായിരുന്നു എഗെയ്ൻ കാസർകോഡ് കാദർഭായ്. ഇത്ര മഹത്തരമായ ഒരു സിനിമയാണെന്നൊന്നും ഞാൻ എന്റെ സിനിമയ്ക്ക് രണ്ടാംഭാഗമെടുത്തിരുന്നു.

പ്രേക്ഷകന്റെ പ്ലസ് പോയിന്റ് കൂടും

ഇപ്പോൾ മലപ്പുറം ഹാജി... യുടെ തുടർസിനിമയെടുക്കുകയാണല്ലോ. അതിനെക്കുറിച്ച് പറയാമോ?

ഞാനെവിടെ ചെന്നാലും പ്രേക്ഷകർ എന്നോട് പറയുന്ന

www.malayalamtribe.com

ഉപ്പുകണ്ടം ബ്രദേഴ്സ്

മായാലും ശരി, മൂന്നാംഭാഗമായാലും ശരി, പ്രേക്ഷകർക്കിഷ്ടമുള്ള സിനിമ അവർക്ക് ലഭിക്കണം. അത്രയെയുള്ളൂ. പിന്നെ, രണ്ടാംഭാഗമോ മൂന്നാംഭാഗമോ വരുമ്പോൾ, ഒരു ഗുണമുള്ളത് ആദ്യസിനിമയുടെ പ്ലസ്പോയിന്റുകൾ കൂടി ഇവർ കണക്കിലെടുക്കും. ആദ്യസിനിമ നല്ല ഹ്യൂമറായിരുന്നു. നല്ല രസമായിരുന്നു... അതുകൊണ്ട് അങ്ങനെയൊരു മുൻകാഴ്ചയോടെയായിരിക്കും തുടർസിനിമകൾ കാണാൻ പ്രേക്ഷകരെത്തുക. ആ പ്രതീക്ഷകൾക്ക് മങ്ങലുണ്ടാകരുതെന്ന് മാത്രം.

-തുളസിദാസ് പറയുകയുണ്ടായി.

പേരും ക്രിസ്ത്യൻ പശ്ചാത്തലവും പ്രേക്ഷകർക്ക് നല്ല ക്യാച്ചിംഗായി

-സുരേഷ്ബാബു

രണ്ടാംഭാഗം, മൂന്നാംഭാഗം സിനിമകൾ ഇത്രയധികമായി വരാനുള്ള കാരണത്തെക്കുറിച്ചും അതിന്റെ ഗൂട്ടൻസിനെക്കുറിച്ചുമൊക്കെ സംവിധായകൻ ടി.എസ്. സുരേഷ്ബാബുവിനോടും ആരായുകയുണ്ടായി.

ഉപ്പുകണ്ടം ബ്രദേഴ്സ് എന്ന അദ്ദേഹത്തിന്റെ സിനിമ അതേ പേരിൽതന്നെ വീണ്ടും പുറത്തിറക്കുന്നു എന്നുള്ളതുകൊണ്ടാണ് സുരേഷ്ബാബു ഈ ചർച്ചയിൽ പങ്കെടുത്തത്.

സുരേഷ്ബാബു പറഞ്ഞു.

ഉപ്പുകണ്ടം ബ്രദേഴ്സ് (രണ്ടാംഭാഗം)

www.Mallutribes.com

'ഞാൻ സംവിധാനം ചെയ്ത് മമ്മൂട്ടി നായകനായ ഒരു സിനിമയായിരുന്നു കോട്ടയം കുഞ്ഞച്ചൻ. സൂപ്പർഹിറ്റായി മാറിയ ഈ സിനിമയിൽ ഉപ്പുകണ്ടം ബ്രദേഴ്സ് എന്നൊരു ഫാമിലിയുണ്ടായിരുന്നു. അത് ഏറെ ശ്രദ്ധിക്കപ്പെട്ട ഒരു കുടുംബവുമായിരുന്നു. ഉപ്പുകണ്ടം ബ്രദേഴ്സ് ആ സിനിമയിൽ ഭയങ്കരമായി ഷൈൻ ചെയ്തു എന്നുള്ളതാണ് സത്യം. പലരും ആ സിനിമകണ്ടിട്ട് ഉപ്പുകണ്ടം ഫാമിലിയെക്കുറിച്ച് പറയാൻ തുടങ്ങി. എന്നെ സംബന്ധിച്ചിടത്തോളം അതൊരു പ്രസരിപ്പായി എന്റെ മനസ്സിലിങ്ങനെകിടന്നിരുന്നു.

ക്രിസ്ത്യൻ പശ്ചാത്തലത്തിലുള്ള മറ്റൊരു സിനിമകൂടി ചെയ്യാൻ പ്ലാൻ ചെയ്തപ്പോൾ ഈ ഉപ്പുകണ്ടം ബ്രദേഴ്സിനെപ്രധാനകഥാപാത്രങ്ങളാക്കി ചെയ്താലോയെന്ന് മനസ്സിൽ തോന്നി.

ഉപ്പുകണ്ടം സിനിമയാക്കുമ്പോൾ അന്ന് മലയാളത്തിൽ നിറഞ്ഞുനിന്ന ഏതാണ്ട് എല്ലാ വില്ലൻ നടന്മാരെയും പ്രധാനകഥാപാത്രങ്ങളാക്കാൻ കഴിഞ്ഞു. ജഗദീഷ് മാത്രമാണെന്ന് തോന്നുന്നു, ഇക്കാര്യത്തിൽ മാറിനിന്ന ഒരു നടൻ. എല്ലാ വില്ലൻ നടന്മാരും ആ സമയത്ത് എന്റെ സെറ്റിലായിരുന്നതുകൊണ്ട് അപ്പോൾ നടന്നുകൊണ്ടിരുന്ന പല സിനിമകളുടെയും ഷൂട്ടിംഗ്പോലും ആർട്ടിസ്റ്റുകളെ കിട്ടാത്ത കാരണത്താൽ നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്.

ഉപ്പുകണ്ടം ബ്രദേഴ്സ് റിലീസായപ്പോൾ അതും ക്ലിക്കായി. തിരുവനന്തപുരത്ത് അക്സൽ തീയേറ്ററിൽ അന്ന് 125 ദിവസം ആ സിനിമ പ്രദർശിപ്പിച്ചിരുന്നു. പിന്നെ, ആ വിജയത്തിന്റെ കണികകളും അതിന്റെയൊരു ട്രെഡ്യും മനസ്സിലിങ്ങനെകിടപ്പുണ്ടായിരുന്നു. അക്കാലത്ത് ഇതേ പാറ്റേണിലുള്ള വേറെയും കുറെ സിനിമകൾ കൂടി വന്നിരുന്നു.

എന്നാൽ, ഈയടുത്ത കാലത്ത് അതിനൊരു ഗ്യാപ്പു വീണു. അപ്പോഴാണ് ഉപ്പുകണ്ടം ബ്രദേഴ്സ് ക്രിസ്ത്യൻ ബാക്ക്ഗ്രൗണ്ടിൽ തന്നെ വീണ്ടും എടുത്താലോയെന്ന് ആലോചിച്ചത്.

പുതിയ ഉപ്പുകണ്ടം ബ്രദേഴ്സും ഒരു മൾട്ടി സ്റ്റാർ സിനിമയൊന്നുമായിരുന്നില്ല. വലിയ താരങ്ങളൊന്നും ഇല്ലാതിരുന്നിട്ടും ഒരു വമ്പൻ സിനിമയുടെ രീതിയിൽതന്നെ ഈ സിനിമയും ബിസിനസ്സായി എന്നുള്ളതാണ് വലിയ കാര്യം. സാറ്റലൈറ്റും ഓവർസീസും ഇന്ത്യൻ വീഡിയോസും ഒക്കെ നല്ല തുകയ്ക്ക് വിൽക്കാൻ കഴിഞ്ഞു. പിന്നെ നല്ല ഡിസ്ട്രിബ്യൂട്ടറെ കിട്ടി. അതുകൊണ്ട് ഡിസ്ട്രിബ്യൂട്ടറും സേഫായി. പ്രൊഡ്യൂസറും സേഫായി.

ഈ പേര് പ്രേക്ഷകർക്കിടയിൽ ശക്തിയായി ചെന്നു പതിച്ചിട്ടുണ്ട്. ഭയങ്കര ക്യാച്ചിംഗാണ്. അതുകൊണ്ടും മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ടും ഉപ്പുകണ്ടത്തിന് ഒരു തേർഡ് പാർട്ടിനുകൂടി ഞാനാലോചിക്കുന്നുണ്ട്. പക്ഷേ, അതൊരു ഗ്യാപ്പു കൂടി കഴിഞ്ഞിട്ടേയുള്ളൂ. അതിന്റെ സ്ക്രിപ്റ്റ് പൂർണ്ണമായി എന്നതാണ് മറ്റൊരു കാര്യം.

കോട്ടയം കുഞ്ഞച്ചൻ ചെയ്തുകഴിഞ്ഞിട്ട് അതേ പാറ്റേണിലുള്ള പല കഥാപാത്രങ്ങളെയും മമ്മുക്ക തന്നെ പല സിനിമകളിലും അവതരിപ്പിച്ചിട്ടുണ്ട്. ഞാനൊരിക്കൽ മമ്മുക്കയോടുതന്നെ ഇക്കാര്യം പറയുകയും ചെയ്തു. മമ്മുക്കയും അത് സമ്മതിച്ചിരുന്നു. ഏറെ വൈകാതെ മമ്മൂട്ടിയെ നായകനാക്കിക്കൊണ്ടുതന്നെ കോട്ടയം കുഞ്ഞച്ചന്റെ ഒരു രണ്ടാംഭാഗസിനിമയും പ്രേക്ഷകർക്ക് പ്രതീക്ഷിക്കാം.'

-ടി.എസ്. സുരേഷ്ബാബുവിന്റെ വാക്കുകൾ.

കെ. മധു

പ്രേക്ഷകരുടെ താൽപര്യം എനിക്ക് പ്രചോദനമായി

-കെ. മധു

തുടർഭാഗസിനിമകളെടുത്ത് വിജയിപ്പിച്ചതിൽ അഗ്രഗണ്യ

www.malayalamcinema.com



മാണി സി. കാപ്പൻ

നായി നിൽക്കുന്ന ഒരു സംവിധായകൻ കെ. മധുവാണ്. കാരണം കെ. മധു എന്ന സംവിധായകന്റെ ഗ്രാഫ് ഉയർത്തിപ്പിടിച്ച പ്രഥമ സിനിമയായിരുന്നു. 'ഒരു സി.ബി.ഐ. ഡയറിക്കുറിപ്പ്.'

ഈ സിനിമയുടെ ചുവടുപിടിച്ചുകൊണ്ട് നാല് ഭാഗങ്ങൾ സിനിമയായി അവതരിപ്പിച്ചതിന്റെ ക്രെഡിറ്റുമായിട്ടാണ് കെ. മധു നിൽക്കുന്നത്. സി.ബി.ഐ ഡയറിക്കുറിപ്പിലെ നായകകഥാപാത്രമായ സേതുരാമയ്യർ പ്രേക്ഷകർക്കിടയിൽ വരുത്തിവച്ച സ്വാധീനവും ശക്തിയും ചെറുതല്ലായിരുന്നു.

അതേക്കുറിച്ച് ചോദിക്കുമ്പോൾ കെ. മധുവിന് പറയാനുള്ളതും അതുതന്നെയായിരുന്നു. തുടർഭാഗമായി വന്നത് ജാഗ്രത, സേതുരാമയ്യർ ഫ്രം സി.ബി.ഐ, നേരറിയാൻ സി.ബി.ഐ. എന്നീ ചിത്രങ്ങളാണ്. ഇതിലെല്ലാം നിറഞ്ഞുനിന്നത് സേതുരാമയ്യരും ചാക്കോയുമാണ്.

ഒരു സി.ബി.ഐ ഡയറിക്കുറിപ്പിന്റെ രണ്ടാംഭാഗം എന്ന നിലയിലല്ല 'ജാഗ്രത' എന്ന ചിത്രം വന്നതെന്ന് കെ. മധു പറയുന്നു. സേതുരാമയ്യർ എന്ന സി.ബി.ഐ ഓഫീസറെ വീണ്ടും രംഗത്ത് കൊണ്ടുവരികയായിരുന്നു. അതിന് പ്രധാനമായും രണ്ട് കാരണങ്ങളുണ്ടായിരുന്നു ഒന്ന്, സസ്പെൻസിന്റെ മൂല്യം. രണ്ട്, സേതുരാമയ്യർ എന്ന കഥാപാത്രത്തിന്റെ പ്രാധാന്യം. ആ ക്യാരക്ടറിന്റെ രണ്ടാം വരവാണ് ഞാനും എസ്.എൻ. സ്വാമിയും കൂടി ഉദ്ദേശിച്ചത്. മൂന്നാംഭാഗവും നാലാംഭാഗവും എടുക്കുമ്പോഴും ഇതുതന്നെയായിരുന്നു തങ്ങളുടെ ലക്ഷ്യമെന്ന് കെ. മധു പറഞ്ഞു.

മമ്മൂട്ടി എപ്പോഴും പോസിറ്റീവായി പ്രതികരിച്ചു

തുടർച്ചയായി നാലുതവണ ഈ കഥാപാത്രം അവതരിപ്പിക്കാൻ മമ്മൂട്ടി കാണിച്ച താൽപ്പര്യവും പങ്കും എന്തായിരുന്നു.

ഓരോ തവണ ഞങ്ങൾ ഇത് പറയുമ്പോഴും മമ്മൂട്ടി പോസിറ്റീവായി മാത്രമേ ഇതിനെക്കുറിച്ച് സംസാരിച്ചിട്ടുള്ളൂ. ഈ കഥാപാത്രം തുടർച്ചയായി ചെയ്യാൻ മമ്മൂട്ടിക്കും വളരെ താൽപ്പര്യം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഇൻവോൾവ്മെന്റും ആ കഥാപാത്രത്തെ മികച്ചതാക്കാൻ നല്ല രീതിയിൽ സഹായിച്ചിട്ടുണ്ട്. ആ ക്യാരക്ടറിന് സവിശേഷതകളുള്ള ഒരു ആകാരഭംഗിയുണ്ടായിരുന്നു. അത് ഈ നാലു സിനിമകളിലും ആവർത്തനമായി കൊണ്ടുപോകാൻ മമ്മൂട്ടിക്ക് കഴിഞ്ഞിട്ടുണ്ട്. ആ ആകാരഭംഗിയും ചടുലതയും ഭാവവും ഒക്കെ പ്രേക്ഷകർ സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുമുണ്ട്. അവരുടെ ഇഷ്ടങ്ങൾക്കൊത്ത് മമ്മൂട്ടി ആ കഥാപാത്രം ഭംഗിയാക്കാൻ തയ്യാറായിട്ടുമുണ്ട്. മമ്മൂട്ടിയുടെ അഭിനയജീവിതത്തിൽതന്നെ ജനസമ്മതിയുടെ സാന്നിധ്യം ഈ ക്യാരക്ടറിൽ ഒത്തുചേർന്നിട്ടുണ്ട്.

സേതുരാമയ്യരും ചാക്കോയും ഇനി അഞ്ചാംഭാഗത്തിലേയ്ക്ക്

നാലു ഭാഗങ്ങളെടുക്കാൻ പ്രചോദനം കിട്ടിയത് പൊതുജനങ്ങളിൽനിന്നുതന്നെയാണെന്ന് പറയാനും എനിക്ക് സന്തോഷമുണ്ട്. കാരണം പ്രേക്ഷകർ എന്നെയും എസ്.എൻ. സ്വാമിയെയും എവിടെവച്ചു കണ്ടാലും ആദ്യം ചോദിക്കുന്നത് സേതുരാമയ്യർ ഇനി എന്നു വരുമെന്നാണ്. ഈയടുത്ത് ഒരു എഞ്ചിനീയറിംഗ് കോളേജിലെ ഫംഗ്ഷന് പോയപ്പോഴും കുട്ടികളുടെ ചോദ്യം ഇതിന്റെ അഞ്ചാംഭാഗത്തെക്കുറിച്ചായിരുന്നു.

ഈ രീതിയിൽ ഒരേ സംവിധായകനും ഒരേ തിരക്കഥാകൃത്തും ഒരുമിച്ച് ചേർന്നുകൊണ്ട് അവർ സൃഷ്ടിച്ച ഒരു നായകകഥാപാത്രത്തെവച്ച് തുടർച്ചയായി നാലു സിനിമകളെടുത്ത ചരിത്രം ലോകത്ത് മറ്റൊരു ഭാഷയിലും ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇനിയിങ്ങനെയുണ്ടാകുമെന്ന കാര്യവും സംശയമാണ്.

കെ. മധു തുടർന്നു.

'സി.ബി.ഐ. ഡയറിക്കുറിപ്പും ജാഗ്രതയുമൊക്കെ റിലീസ് ചെയ്യുന്ന സമയത്ത് ടി.വി. അത്ര പ്രചാരത്തിലായിട്ടില്ല. തിയേറ്ററുകളിൽ അച്ഛനമ്മമാർക്കൊപ്പം പോയി

www.Mallutribes.com

ഈ സിനിമകൾ കണ്ട ഓർമ്മയും അനുഭവവുമായിരിക്കും അന്നത്തെ കുട്ടികൾക്കുള്ളത്. പിന്നീടവർ മുതിർന്ന് യുവാക്കളായപ്പോൾ അവരുടെ ചോദ്യം പലപ്പോഴും ഉയർന്നുവന്നിട്ടുള്ളത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. 'ഇനി എന്നാണ് സേതുരാമയ്യരുടെ വരവ്?' ആ ചോദ്യം എനിക്കും എസ്.എൻ. സ്വാമിക്കും ഒരു പ്രേരണയായി. അങ്ങനെയാണ് മൂന്നാംഭാഗവും നാലാംഭാഗവും ഒക്കെ ഉണ്ടായത്. ഇപ്പോൾ ഞങ്ങൾ അഞ്ചാംഭാഗത്തെക്കുറിച്ച് ആലോചിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. ഇത്രയും വ്യാപകമായ പ്രചാരം പ്രേക്ഷകർക്കിടയിൽ കിട്ടിയ തുടർഭാഗസിനിമകൾ വേറെയുണ്ടെന്നും എനിക്ക് തോന്നുന്നില്ല.'- കെ. മധു അഭിപ്രായപ്പെട്ടു.

റാംജിറാവുവിന്റെ മൂന്നാംഭാഗത്തിന്റെ തയ്യാറെടുപ്പുകളിലാണ്

-മാണി സി. കാപ്പൻ

സിദ്ധിക്ക്ലാൽ സംവിധാനം ചെയ്ത അവരുടെ ആദ്യ സിനിമയായ റാംജിറാവ് സ്പീക്കിംഗ് പ്രേക്ഷകരെ ആകർഷിച്ചതിന്റെ തീവ്രത ചെറുതല്ല. ആ സിനിമയ്ക്കും വന്നു രണ്ടാംഭാഗം. മാന്നാർ മത്തായി സ്പീക്കിംഗ്.

മുകേഷും ഇന്നസെന്റും സായ്കുമാറുമൊക്കെ ഈ സിനിമകളിൽ ചെയ്തുകൂട്ടിയ നർമ്മരസങ്ങളുടെ ശക്തിതന്നെയായിരിക്കണം ആളുകളുടെ ശ്രദ്ധ വീണ്ടും രണ്ടാംഭാഗത്തിലേയ്ക്ക് ആകർഷിച്ചത്.

ഇങ്ങനെയൊരു രണ്ടാംഭാഗ സിനിമയെക്കുറിച്ച് തന്നോട് സൂചിപ്പിക്കുന്നത് സംവിധായകൻ സിദ്ധിക്ക് തന്നെയാണെന്ന് നിർമ്മാതാവ് മാണി സി. കാപ്പൻ പറഞ്ഞു. അന്ന് വിന്ധ്യനായിരുന്നു ആ ചിത്രം പ്രൊഡ്യൂസ് ചെയ്യാൻ ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ, വിന്ധ്യന് ചില അസൗകര്യങ്ങളുണ്ടായപ്പോഴാണ് ഞാൻ ഈ പ്രോജക്ടിലേയ്ക്ക് കടന്നുവന്നത്.

ഇപ്പോൾ ഞങ്ങൾ ഈ സിനിമയ്ക്ക് ഒരു മൂന്നാംഭാഗത്തെക്കുറിച്ച് ആലോചിച്ചുവരികയാണ്. സിദ്ധിക്ക്-ലാൽമാരുടെ പിൻതുണയോടുകൂടി തന്നെയായിരിക്കും മൂന്നാംഭാഗം ഒരുങ്ങുന്നത്. തിരക്കഥയെഴുതുന്നത് നടൻ കോട്ടയം നസീറായിരിക്കും. മാന്നാർ മത്തായിയും ബാലകൃഷ്ണനും ഒക്കെ പുതിയ ചിത്രത്തിലും കഥാപാത്രമായി വരുമ്പോഴും ഒരു പുതിയ നായകനെയും നായികയെയും കൂടി അവതരിപ്പിച്ചുകൊണ്ടാണ് ഞങ്ങൾ ഈ ചിത്രം ആരംഭിക്കുന്നത്.

മാന്നാർ മത്തായിയും കൂട്ടരും നാടകരംഗത്തുനിന്നും മാറി സിനിമാനിർമ്മാണ പരിപാടിയിലേയ്ക്ക് കടക്കുന്നതിലൂടെയായിരിക്കും പുതിയ സിനിമയുടെ പശ്ചാത്തലം രൂപം കൊള്ളുന്നത്.

മേലേപ്പറമ്പിൽ ആൺവീട് എന്ന ചിത്രം നിർമ്മിച്ചുകൊണ്ടാണ് മാണി സി. കാപ്പൻ ചലച്ചിത്രനിർമ്മാണരംഗത്തേയ്ക്ക് കടന്നുവന്നത്. ഈ സിനിമയ്ക്കും ഒരു രണ്ടാംഭാഗം ആലോചിക്കുന്നുണ്ടത്രെ. പ്രധാനഭാഗമഭിനയിച്ച ജയറാമും ശോഭനയും തുടർഭാഗത്തിലുണ്ടായിരിക്കില്ല. പുതുമയുള്ള മറ്റൊരു രീതിയിലായിരിക്കും ഈ സിനിമയ്ക്ക് രണ്ടാംഭാഗം വരുന്നതെന്നും മാണി സി. കാപ്പൻ കൂട്ടിച്ചേർത്തു.

ഇത്തരമൊരു ട്രെന്റ് മലയാളത്തിൽ മാത്രമാണുള്ളത്. എന്തുതന്നെയായാലും ഒരു വചനമേ ഇക്കാര്യത്തിൽ പറയാനുള്ളൂ. ഒന്നാംഭാഗമായാലും രണ്ടാംഭാഗമായാലും മൂന്നാംഭാഗമായാലും സിനിമയെ സംബന്ധിച്ചിടത്തോളം ഒരേയൊരു കാര്യമേ ഫലത്തിൽ വരേണ്ടതുള്ളൂ. അത് വിജയം തന്നെയാണ്.

തയ്യാറാക്കിയത്: ജി. കൃഷ്ണൻ

നഷ്ടപ്പെട്ട ലൈംഗീകശക്തി വീണ്ടെടുക്കാൻ

ലൈംഗിക ഉത്തേജനം നൽകുന്നു. ബീജത്തിന്റെ അളവും ഗുണവും ചലനശേഷിയും വർധിപ്പിക്കുന്നു. ശീഘ്രസ്ഖലനം, വെള്ളപോക്ക്, വലിപ്പക്കുറവ്, മൂത്രാശയരോഗങ്ങൾ, ചർമ്മരോഗങ്ങൾ, ശരീരത്തിന്റെ രോഗപ്രതിരോധ ശക്തി വർധിപ്പിക്കുന്നു.. എല്ലാവിധ ലൈംഗിക - മാനസിക, ശാരീരിക പ്രശ്നങ്ങൾക്കും ശസ്ത്രക്രിയ കൂടാതെയുള്ള പ്രതിവിധികൾക്കും കൗൺസിലിംഗിനും ഇന്ത്യയിൽ പ്രശസ്തിയാർജ്ജിച്ച ലൈംഗിക രോഗ ചികിത്സാ വിദഗ്ധൻ ഡോ. ഹക്കിം ഐ. ജെ. റാണ അവർകളെ സമീപിക്കുക.

Dr. I.J.Rana

ലൈംഗിക ബലഹീനത അനുഭവപ്പെട്ട് ദാമ്പത്യജീവിതത്തിൽ നിരാശയിൽ കഴിയുന്നവർ ഡോക്ടറോട് പറയുവാൻ മടിക്കരുത്. ആയിരക്കണക്കിന് ലൈംഗിക രോഗികളെ ഫലപ്രദമായി ചികിത്സിച്ചു സുഖപ്പെടുത്തിയിട്ടുള്ള ഡോക്ടറെ നേരിൽ കാണുക

50 വർഷത്തെ ചികിത്സാ പാരമ്പര്യം

SINCE 1960

Doctors Behind
Dr. I.J.Rana (Govt. Regd.) Chief Physician & Director
Dr. Althaf Ibrahem Rana (Govt. Regd.)

Our Speciality Treatment

ഉത്തേജനക്കുറവ്	Erectile Dysfunction
ശീഘ്രസ്ഖലനം	Premature Ejaculation
സ്വപ്നസ്ഖലനം	Nocturnal Emissions
ചർമ്മ രോഗങ്ങൾ	Skin Disorders
മൂത്രാശയരോഗങ്ങൾ	Venereal Diseases
വന്ധ്യത	Male-Female Infertility

100% Herbal Medication | No side effects

Consult for Counselling, Advise & Treatment for sexual problems like Erectile Dysfunction, Premature Ejaculation, Nocturnal Emissions, Skin Disorders, Venereal Diseases, Male-Female infertility most trusted clinic for post - pre marriage sexual problems in Kerala since 1960.

റോയി മെഡിക്കൽ ഹാൾ

ഷേണായ്സ് ജം. ആലപ്പാട്ട് ആർക്കെയ്ഡിന് മുൻവശം എം. ജി. റോഡ്, എറണാകുളം, കൊച്ചി-35

സമയം: രാവിലെ 10മുതൽ 2 വരെ. 4 മുതൽ 8 വരെ., ഞായർ ഉച്ചവരെ.

തൃശ്ശൂർ (Camping)
എല്ലാ ശനിയാഴ്ചകളിലും ഹോട്ടൽ ഏരൈറ്റ് ഇന്റർനാഷണലിൽ ഡോക്ടറുടെ സേവനം ലഭ്യമാണ്.
സമയം: രാവിലെ 10 മുതൽ 6 വരെ

കോട്ടയം ബ്രാഞ്ച്
സൂര്യാ ഗസ്റ്റ്ഹൈൻ, തിരുനക്കര ക്ഷേത്രം, തെക്കേനട, ശ്രീരംഗം ഓഡിറ്റോറിയത്തിനു സമീപം, കോട്ടയം
സമയം: രാവിലെ 10 മുതൽ 6 വരെ

ഫോ: 2365181. 9946979609,9447250722
www.roymedicalhall.com

www.Mallutribes.com

നിരവധി സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടുകയും എഴുതുകയും പഠിക്കുകയും ചെയ്യുന്ന ശ്രിയായെ വളരെ ചുരുക്കം പേർക്കുമാത്രമേ അറിയൂ. നൃത്തം, യോഗാ തുടങ്ങിയവയിലും ശ്രിയായ്ക്ക് വളരെയധികം ആഭിമുഖ്യമുണ്ട്. ശ്രിയാ തന്റെ മനസ്സ് തുറക്കുന്നു.

ഒരു താരമെന്നതിലുപരി മറ്റ് പല കാര്യങ്ങളിലും പ്രത്യേകത പുലർത്തുന്ന താങ്കളെ ഒരു ഗ്ലാമർ താരമെന്ന നിലയിൽ ആരാധകർ കാണുന്നത് നിങ്ങളെ വേദനിപ്പിച്ചിട്ടുണ്ടോ?

ഹൃദ്രോഗമുള്ള കൊച്ചുകുട്ടികളുമായി ഞാൻ ഇടപഴകുമ്പോൾ, അവരെ സാമ്പത്തികമായും ശാരീരികമായും സഹായിക്കുമ്പോഴും സന്തോഷിപ്പിക്കുമ്പോഴും എന്റെ മനസ്സിന് സംതൃപ്തി ലഭിക്കുന്നു. ഞാൻ ദൽഹിയിൽ പഠിച്ചിരുന്ന കാലത്ത് അവിടെയുള്ള അന്ധവിദ്യാലയം സന്ദർശിക്കാറുണ്ടായിരുന്നു.

ശ്രിയ

ആരാധകരെ സംബന്ധിച്ചിടത്തോളം ശ്രിയാ അവരുടെ ഹരമാണ്. ആരെയും ശ്രമിപ്പിക്കുന്ന ഗ്ലാമർ അവരുടെ അനുഗ്രഹമാണ്. രൂപഭാവങ്ങളും ചലനങ്ങളും വസ്ത്രധാരണ രീതിയുമെല്ലാം ശ്രിയയെ വളരെയധികം വ്യത്യസ്തമാക്കുന്നു. ശ്രിയയുടെ ഒരു മുഖം മാത്രമാണിത്. വെറും ഒരു താരം എന്നതിനേക്കാളുപരി

ഞാൻ തെരഞ്ഞെടുത്ത മേഖലയെപ്പറ്റി എനിക്ക് തെറ്റായ സങ്കൽപ്പങ്ങൾ ഒന്നുമില്ല. എന്നിലുള്ള നിരവധി കഴിവുകളും പ്രത്യേകതകളും നന്നായി ചൂഷണം ചെയ്യപ്പെടുന്ന ഒരു തൊഴിലാണിതെന്ന് എനിക്കറിയാം. എന്നാൽ എല്ലാറ്റിനും ഒരു മറുവശമുണ്ട്. അത് സിനിമയ്ക്കുമുണ്ട്. ഞാൻ ഇടപഴകുന്നവരിൽ മിക്കവർക്കും ജീവിത ശൈലി അറിയാം. സിനിമയിൽ എന്നെ ജനങ്ങൾ കാണുന്നത് ഞാൻ അഭിനയിക്കുന്ന കഥാപാത്രങ്ങളിലൂടെയാണ്. അവർക്കെന്റെ മറുവശം അറിയില്ല. എന്റെ നിയന്ത്രണത്തിലല്ലാത്ത ഒന്നിനോടും പ്രതികരിക്കാൻ ഞാൻ ശ്രമിക്കാറില്ല.

ശ്രിയയുടെ അറിയപ്പെടാത്ത മുഖം

സാമൂഹ്യസേവനത്തിൽ നിങ്ങൾ തൽപ്പരയാണല്ലോ?

(ചിരി) എന്റെ ആതുരസേവനപ്രവർത്തനങ്ങളെപ്പറ്റി ആരുമറിയരുതെന്ന നിർബ്ബന്ധമൊന്നും എനിക്കില്ല. പക്ഷേ അതേപ്പറ്റി സ്വയം പ്രചാരണം നടത്താനൊന്നും ഞാനില്ല. ഞാൻ നിരവധി സേവനപ്രവർത്തനങ്ങളിൽ വ്യാപൃതയാണ്. പക്ഷേ അതൊന്നും ആരുടെയും നിർബ്ബന്ധത്തിന് വഴങ്ങിയല്ല. അത് ചെയ്യണമെന്ന് എന്റെ മനസ്സ് പറയുന്നതുകൊണ്ടും എനിക്കിഷ്ടമായതുകൊണ്ടുമാണ്.

ഹൃദ്രോഗമുള്ള കൊച്ചുകുട്ടികളുമായി ഞാൻ ഇടപഴകുമ്പോൾ, അവരെ സാമ്പത്തികമായും ശാരീരികമായും സഹായിക്കുമ്പോഴും സന്തോഷിപ്പിക്കുമ്പോഴും എന്റെ മനസ്സിന് സംതൃപ്തി ലഭിക്കുന്നു. ഞാൻ ദൽഹിയിൽ പഠിച്ചിരുന്ന കാലത്ത് അവിടെയുള്ള അന്ധവിദ്യാലയം സന്ദർശിക്കാറുണ്ടായിരുന്നു. ഒരേയൊരു വൈകല്യം മൂലം അവരുടെ എത്രയോ കഴിവുകൾ നശിച്ചുപോകുന്നത് എനിക്ക് നേരിൽ കാണാൻ കഴിഞ്ഞു. അങ്ങനെ നിർഭാഗ്യത്തിനടിപ്പെട്ട അവരെ സഹായിക്കേണ്ടത് എന്റെ കൂടെ കടമയാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ഇതെന്റെ (ശ്രീയ മുംബയിൽ ഒരു 'സ്പാ' പ്രവർത്തിപ്പിക്കുന്നുണ്ട്. ഇവിടെ ജോലി ചെയ്യുന്നത് അന്ധരാണ്.) കർമ്മമാണെന്ന ബോധവും എനിക്കുണ്ട്. ഈ കർമ്മമാണ് എനിക്ക് സന്തോഷം നൽകുന്നത്. ഞാൻ എന്റെ തൊഴിലിനോടൊപ്പംതന്നെ ഈ സംരംഭത്തെയും ആസ്വദിക്കുന്നുണ്ട്. പക്ഷേ എന്റെ ജീവിതത്തെ മുഴുവൻ അതിനായി ഞാൻ വിട്ടുകൊടുക്കില്ല.

നിങ്ങളുടെ സൗന്ദര്യരഹസ്യം?

എന്റെ സൗന്ദര്യവും ആകർഷണവുമെല്ലാം എന്റെ അമ്മയുടെ സൗന്ദര്യനിർദ്ദേശങ്ങൾ മൂലമോ യോഗപരിശീലനം കൊണ്ടോ വ്യായാമം കൊണ്ടോ മാത്രം ലഭിച്ചതല്ല. ഇത് ആന്തരികമായ സമാധാനത്തിൽ നിന്നും ലഭ്യമായതാണ്. എന്റെ ഈശ്വരവിശ്വാസത്തിൽ നിന്നും എന്റെ തൊഴിലിനോടുള്ള ആത്മാർത്ഥത കൊണ്ടും നേടിയതാണ്.

ആദവ് കണ്ണദാസൻ, ഗായ്

കണ്ണദാസന്റെ പരമ്പരയിൽനിന്ന്

സിനിമാക്കാരുടെ പിൻഗാമികൾ സിനിമയിലേക്ക് വരുന്നത് ഒരു പുതുമയല്ലാതായിരിക്കുന്നു. അഭിനേതാക്കളുടെ മക്കൾ മാത്രമല്ല, സംവിധായകരുടേയും നിർമ്മാതാക്കളുടേയും ടെക്നീഷ്യന്മാരുടേയും മക്കൾ സിനിമയിൽ ക്യാമറയ്ക്ക് മുന്നിൽ താരമായി വിലസാനാണ് ആഗ്രഹിക്കുന്നത്. എ.സി. ദുരൈ എന്ന പുതുമുഖ സംവിധായകന്റെ പൊൻമാലൈ പൊഴുത് എന്ന ചിത്രത്തിൽ നായകനാകുന്നത് ആദവ് കണ്ണദാസനാണ്. പ്രശസ്ത കവിയും ഗാനരചയിതാവുമായിരുന്ന കണ്ണദാസന്റെ പേരക്കുട്ടിയാണ് ആദവ്.

'ജിൽ എൻട്രകാതൽ' സൂര്യയും ജ്യോതികയും ഭൂമികയും അഭിനയിച്ച ചിത്രം. അതിന്റെ രചയിതാവ് ഞാനാണ്. ദുരൈ സ്വയം ഇങ്ങനെ പരിചയപ്പെടുത്തിക്കൊണ്ട് തുടർന്നു. 8 വർഷത്തിനുമുമ്പ് ഞാനെഴുതിയ പ്രണയകഥയാണ് പൊൻമാലൈ പൊഴുത്. പ്രണയവും സന്ധ്യയും ഇരട്ടക്കുട്ടികളെപ്പോലെയാണ്. രണ്ടിനേയും വേർപെടുത്തുക അത്ര എളുപ്പമല്ല. പൂർണ്ണമായും ഒരു പ്രണയകഥ പറഞ്ഞതുകൊണ്ടാണ് പൊൻമാലൈ പൊഴുത് (സുവർണ്ണസന്ധ്യ) എന്ന് നാമകരണം ചെയ്തത്. ആദവിന്റെ നായിക ഗായുവാണ്. ആദവ് സിനിമയിൽ സഹസംവിധായകനായി പ്രവർത്തിച്ചിട്ടുണ്ട്.

www.Mallutribes.com

രാസലീലാംഗ- ഭാവശൃംഗാരം

ആർ.കെ. ദാമോദരൻ

'ഒളുവിന്റെ സ്വന്തം റസിയ'യിലെ 'വേനൽപൂക്കൾ...' എന്ന ഗാനത്തിനുശേഷം രാജൻ ശങ്കരാടിയുടെ ക്ലിയോപാട്ര യിലെ രാസലീലാംഗ... എന്ന യേശുദാസ് ഗാനം ആർ. കെ. ദാമോദരൻ എന്ന ഗാനരചയിതാവിന് ഏറെ പ്രതീക്ഷ നൽകുന്നു. നല്ല സന്ദർഭങ്ങളില്ലായ്മയും സാഹിത്യം വേണ്ടായ്കയും വിഷ്വലുകളുടെ വികൃതഭാവവും നല്ല ഗാനരചനയ്ക്കും അവസരമില്ലാതാക്കുന്നു- ആർ.കെ. തുടർന്നുപറഞ്ഞു.

ഒ.എൻ.വിയും ശ്രീകുമാരൻ തമ്പിയും യൂസഫലിയും ബിച്ചുവും മങ്കൊമ്പും രമേശൻനായരും ഒക്കെ വെറുതെയിരിക്കുന്നത്, അല്ലെങ്കിൽ അവരെ സിനിമയ്ക്കുവേണ്ടാത്തത്, സാഹിത്യം ഞങ്ങൾക്കുവേണ്ടാ എന്ന് പറഞ്ഞ് പുറംതിരിഞ്ഞുനിൽക്കുന്നവരുടെ മനോഭാവംകൊണ്ടാണ് ദക്ഷിണാമൂർത്തി സ്വാമിയും അർജ്ജുനൻമാസ്റ്ററും രാഘവൻമാഷും ജയനും ജോൺസനും വിദ്യാധരനുമൊക്കെ തിരസ്ക്കരിക്കപ്പെടുന്നതും ഇതുകൊണ്ടുതന്നെ. ചലച്ചിത്രഗാനത്തിലൂടെ കവിത, സാധാരണക്കാരന്റെ ചുണ്ടിലിറ്റിച്ച വയലാറിന്റെ ഒക്കെ പാരമ്പര്യം പുലർന്നുകാണാൻ ആഗ്രഹിക്കുന്നതുകൊണ്ട് ഇന്നും ഇനിയും നല്ല ഗാനങ്ങളെഴുതുവാൻ എന്നെപ്പോലെയുള്ളവർ കൊതിക്കുകയാണ്.

ഗാനം

ചിത്രം- ക്ലിയോപാട്ര
ഗാനരചന- ആർ.കെ. ദാമോദരൻ
ആലാപനം- യേശുദാസ്

രാസലീലാംഗ ഭാവശൃംഗാര-
രാധികേ നിന്റെ സ്വന്തം
പ്രേമസംഗീത രാഗസഞ്ചാര
ഗോപികാ വസന്തം
കമനീ... കമനീയ യമുനാനീലത്തിൽ
കൗതുകപൂർണ്ണിമയായ്, നീയെൻ
കൗസ്തുഭമെഞ്ജിമയായ്!

(രാസ...)

രാധേശ്യാമിൻ ബാംസുരിചൂടും
ഗാഥാമധുരം ഞാനല്ലേ
എന്നും യദുവിൻ പ്രണയം തേടും
ഗോപീഹൃദയം നീയല്ലേ
കാംബോജി പോൽ ഹരിസംഗമം
കൊതിയായ് വരില്ലേ
കാളിന്ദിപോൽ ഹരിചന്ദനം
കുളിരാൻ തൊടില്ലേ
എന്നുയിരിൻ ഉടലിൽ
തളിരണിയുമണിമ അനുരാഗം...!

(രാസ.....)

ചാലേ രാവിൻ നീലനികുഞ്ജം
ലീലാലോലം പടരുമ്പോൾ
കണ്ണൻ മായാമോഹവിലോലൻ
പെണ്ണിൻ തൂവെണ്ണ കവരുമ്പോൾ
നിൻ നൂപുരം രാവിൻ തുടിഞ്ചിലും
എൻ താളമാർന്നു
നിൻ പാൽക്കുടം, മെയ് തൈർക്കുടം
എൻനെഞ്ചു ചേർന്നു
വിൺ മനസ്സിൻ വനിയിൽ
മലരണിയുമണിമ അനുരാഗം...!

(രാസ...)

ക്ലിയോപാട്രയിലെ ഗാനരംഗം
ഫോട്ടോ: കാഞ്ചൻ മുള്ളൂർക്കര

www.Mallutribes.com

Now On Stand

മഹിളാരത്നം

മഹിളകൾക്കായി അറിവിന്റെ ലോകം

ഓണപ്പതിപ്പ് 2011

204 പേജുകൾ

വില 20രൂപ

വാങ്ങുക...വായിക്കുക...

R.Krishnaswamy Memorial Bldg, Lekshminada, Kollam 691 013 Tel : 0474- 2750777 & 2750330,
Fax : 2740710, E-Mail : sabdam@vsnl.com

www.malayalamtribes.com



മമ്മൂട്ടിയുടെ സഹോദരീപുത്രൻ അച്ചൂട്ടി

'തസ്ക്കരവീരൻ' എന്ന സിനിമയുടെ ലൊക്കേഷനിൽവച്ച് മമ്മൂട്ടി തന്റെ സഹോദരീപുത്രൻ അച്ചൂട്ടിയെ കണ്ടത് നടനായിട്ടാണ്. തീരെ പ്രതീക്ഷിക്കാതെയായിരുന്നു ആ കണ്ടുമുട്ടൽ എന്നുവേണം പറയുവാൻ. മമ്മൂട്ടിക്കൊപ്പമുണ്ടായിരുന്ന മൂന്നു ചെറുപ്പക്കാരിൽ ഒരാളായി അഭിനയിച്ചുകൊണ്ടിരുന്ന അച്ചൂട്ടിയോടായി മമ്മൂട്ടി ചോദിച്ചു. 'നീ അഭിനയിക്കുമോ?'

അഭിനയിക്കുമെന്നുള്ള മറുപടി ഒരു ചിരിയിലൂടെയായിരുന്നു. അച്ചൂട്ടിക്ക് അഭിനയമോഹമുള്ള കാര്യം മമ്മൂട്ടിക്ക് പക്ഷേ അറിയില്ലായിരുന്നു.

സംസ്ക്കാരം, പ്രവൃത്തി, പെരുമാറ്റം, സ്വഭാവം... തുടങ്ങി ഏതെല്ലാം കാര്യങ്ങളിലൂടെയാണ് നല്ലൊരു നടനാകാൻ കഴിയുക എന്ന കാര്യം അമ്മാവൻ അന്ന് തന്നോട് പറഞ്ഞതായി അച്ചൂട്ടി പറഞ്ഞു.

തനിക്കും അഭിനയം ഒരു മോഹമായിരുന്നുവെന്ന് അച്ചൂട്ടി സൂചിപ്പിച്ചു. 'തസ്ക്കരവീര'നു ശേഷം ആലപ്പി അഷറഫ് സംവിധാനം ചെയ്ത നിന്നിഷ്ടം എന്നിഷ്ടം എന്ന ചിത്രത്തിൽ ശ്രദ്ധേയമായ ഒരു കഥാപാത്രത്തെ അവതരിപ്പിക്കുവാൻ അവസരം ലഭിച്ചു. ഈ കാരക്ടർ തന്റെ അഭിനയജീവിതത്തിന് വഴിത്തിരിവാകുമെന്ന് പ്രതീക്ഷിച്ചിരുന്നു.

ഇവർ വിവാഹിതരായാൽ, വലിയങ്ങാടി, കന്യാകുമാരി എക്സ്പ്രസ് തുടങ്ങിയ സിനിമകളിലും അച്ചൂട്ടി അഭിനയിച്ചിരുന്നു. ഇപ്പോൾ ഹരി അമരവിള സംവിധാനം ചെയ്യുന്ന ലക്കിദർബാർ എന്ന ചിത്രത്തിൽ അശോകവർമ്മ തമ്പുരാൻ എന്നൊരു കഥാപാത്രത്തെ അവതരിപ്പിച്ചുവരുന്നു. അൽപ്പം നെഗറ്റീവ് ടച്ചുള്ള ഈ കാരക്ടറും ശ്രദ്ധേയമായിരിക്കും.

അച്ചൂട്ടി ഇതിനകം തമിഴ് സിനിമയിലും അഭിനയിച്ചുകഴിഞ്ഞു. രണ്ട് തമിഴ് ചിത്രങ്ങളിൽ വ്യത്യസ്തമായ കഥാപാത്രങ്ങൾ ചെയ്തുകഴിഞ്ഞ അച്ചൂട്ടിക്ക് മലയാളത്തിൽ മുൻനിരയിലെത്താനാണ് ആഗ്രഹം. ഫോൺ- 09995965790.

രാജയെന്ന അമ്മ

'എന്റെ അഴകർസാമി കുതിരയുടെ കഥ രണ്ട് മണിക്കൂർകൊണ്ട് ഇളയരാജയോട് പറഞ്ഞു. കഥ സശ്രദ്ധം കേട്ട രാജാസാർ ഒരു ഇറാനിചിത്രം കണ്ട ഫീൽ എനിക്ക് നിന്റെ കഥപറച്ചിലിലൂടെ കിട്ടി എന്ന് പറഞ്ഞ് മൂന്ന് പാട്ടുകൾ കംപോസ് ചെയ്തുതന്നു. അതിലൊരു പാട്ട് ഉത്സവപശ്ചാത്തലത്തിലുള്ളതാണ്. പാട്ട് ചിത്രീകരിക്കുന്ന അവസരത്തിൽ ഇതിലൽപ്പം മാറ്റം വരുത്തിയിരുന്നെങ്കിൽ കുറച്ചുകൂടി നന്നാകില്ലേ എന്നെനിക്ക് തോന്നി. പക്ഷേ ഇത്രയും സീനിയറായ അദ്ദേഹത്തോട് എന്റെ അഭിപ്രായം എങ്ങനെതുറന്നുപറയുമെന്ന ഒരു അങ്കലാപ്പുണ്ടായി. എതായാലും കാര്യം ഒന്നു ചർച്ച ചെയ്യാമെന്നു കരുതി അദ്ദേഹത്തിന്റെ സ്റ്റുഡിയോയിൽ പോയി. എന്നെ കണ്ട നിമിഷം അദ്ദേഹം ഇങ്ങോട്ടു ചോദിച്ചു- ഞാൻ നിന്നെ പ്രതീക്ഷിച്ചിരിക്കയായിരുന്നു. ആ ഉത്സവപ്പാട്ട് ഒരു പതിവ് ശൈലിയിലായിപ്പോയി അല്ലേ. നമുക്കതിലൊരു മാറ്റം വരുത്തിയാലോ? അക്ഷരാർത്ഥത്തിൽതന്നെ ഞാൻ ഞെട്ടിപ്പോയി. സംഗീതത്തിന്റെ മാന്ത്രികന് മനുഷ്യമനസ്സ് വായിക്കാനുള്ള ശക്തിയുമുണ്ടെന്ന് തോന്നി. സംവിധായകൻ ശുചീന്ദ്രൻ തന്റെ വിചിത്ര അനുഭവം രാജാസാറിന്റെ മുന്നിൽതന്നെ തുറന്നുവച്ചു.

'എനിക്കിത്തരം ഉൾവിളി ഉണ്ടാകുന്നത് ഇതാദ്യമായല്ല. എന്നോടൊപ്പം പ്രവർത്തിച്ച ഒരു നൂറു സംവിധായകർക്കെങ്കിലും ഇങ്ങനത്തെ അനുഭവമുണ്ടായിട്ടുണ്ട്. സിന്ധുഭൈരവിയുടെ കഥാസന്ദർഭങ്ങൾ കെ. ബാലചന്ദർസാർ പറഞ്ഞപ്പോൾ 'നാനൊരു ചിന്ത് കാവടിചിന്ത്' എന്ന് ഞാൻ മൂളിപ്പാടാൻ തുടങ്ങി. കെ. ബാലചന്ദർ ഒന്നമ്പരന്നു. അദ്ദേഹത്തിന്റെ ഡയറി തുറന്നു. തലേദിവസം അതേ പാട്ട് ഞാൻ മൂളിയ അതേ വരികൾ അദ്ദേഹം അതിലെഴുതിയിരുന്നു. 'ഇതെങ്ങനെ നീ അറിഞ്ഞു?' ബാലുസാർ എന്നോടു ചോദിച്ചു. സംഗീതത്തിൽ ഒരമ്മയുടെ സ്ഥാനമാണെനിക്ക്. കുഞ്ഞാവശ്യപ്പെടാത്തതും അവനാവശ്യമുള്ളതുമായ കാര്യങ്ങൾ അറിഞ്ഞു നൽകുന്ന അമ്മ. ചോദിക്കുന്നതുമാത്രം കൊടുക്കുന്ന ഒരു യന്ത്രമല്ല' ശുചീന്ദ്രന് രാജസതസിദ്ധമായ രീതിയിൽ മറുപടി നൽകി.

ശുചീന്ദ്രൻ, ഇളയരാജ

www.Mallutribes.com

വേണ്ടിവന്നാൽ നീന്തൽ വേഷത്തിലും

പൂർവ്വികം തമിഴകമാണെങ്കിലും ഷമ്മു ജനിച്ചതും വളർന്നതും അമേരിക്കയിൽ. പക്ഷേ മാതൃഭാഷ നാവിൻതുമ്പത്ത് സരളമായി തത്തിക്കളിക്കുന്നു. മലയൻ, മാത്തിയോശി എന്നിവയാണ് ഷമ്മുവിന്റെ പ്രദർശനത്തിനെത്തിയ സിനിമകൾ. ഈ സിനിമകളിലെ ശാലീന വേഷങ്ങളൊന്നും തന്നെ തുണച്ചില്ല എന്നതുകൊണ്ട് തന്റെ ഗ്ലാമറസ്സായ കുറെ സ്റ്റില്ലുകൾ പത്രമോഫീസുകളിലേക്ക് മെയിൽ ചെയ്തുകൊണ്ടിരിക്കയാണ് ഷമ്മു. ഗ്ലാമറായി അഭിനയിക്കുന്നതിൽ തെറ്റൊന്നുമില്ലെന്ന് കരുതുന്ന ഷമ്മു ഇനി ഗ്രാമീണ പെൺകുട്ടിവേഷം വേണ്ട എന്ന ഉറച്ച തീരുമാനത്തിലാണ്. അതിന്റെ ഫലമായിട്ടാണ് ഗ്ലാമർ ഫോട്ടോകൾ പുറത്തുവിട്ടിരിക്കുന്നത്. കാണുന്നവർക്ക് അറപ്പുളവാക്കുന്ന രീതിയിൽ അഭിനയിക്കരുത്. കഥയ്ക്ക് ആവശ്യമെങ്കിൽ സിമ്മിംഗ് ഡ്രസ്സ് ധരിച്ചും അഭിനയിക്കാൻ തയ്യാറാണെന്ന് ഷമ്മു തന്റെ നയം വ്യക്തമാക്കുന്നു.

എന്തുകൊണ്ടാണ് അവസരങ്ങൾ ഷമ്മുവിനെതേടി എത്താത്തത് എന്നു ചോദിച്ചാൽ ഉടൻ മറുപടിയും കിട്ടുന്നു.

'മാസത്തിൽ അഞ്ചു കഥകളെങ്കിലും ഞാൻ കേൾക്കുന്നുണ്ട്. ഞാൻ അഭിനയിക്കുന്ന അടുത്ത സിനിമ വലിയ രീതിയിലുള്ള പ്രോജക്റ്റായിരിക്കണം എന്നതുകൊണ്ട് കുറെ ചെറിയ ചെറിയ ഓഫറുകൾ ഞാൻ നിരസിച്ചു. ഇപ്പോൾ ഞാൻ പടമൊന്നുമില്ലാതെ വീട്ടിലിരിക്കുന്നുവെങ്കിൽ അതിനു കാരണം ഈ പറഞ്ഞതാണ്. മറ്റുള്ളവർക്ക് ഇതൊരു അഹങ്കാരമായി തോന്നാം.' അങ്ങനെകരുതുന്നവർ അങ്ങനെ തന്നെ കരുതട്ടെ. പയ്യെ തിന്നാൽ പനയും തിന്നാം എന്നല്ലേ ചൊല്ല്. ഞാൻ കാത്തിരിക്കാൻ തയ്യാറാണ്. എന്റെ കാത്തിരിപ്പിന് ഫലം കിട്ടുമെന്നും നല്ല അവസരങ്ങൾ എന്നെ തേടി എത്തുമെന്നുള്ള ആത്മവിശ്വാസവും എനിക്കുണ്ട്- ഷമ്മുവിന്റെ കണ്ണുകളിൽ ആത്മവിശ്വാസത്തിന്റെ തിരയിളക്കം.

തമിഴ്നടിയായതുകൊണ്ട് താൻ അവഗണിക്കപ്പെടുന്നുവെന്നൊന്നും ഷമ്മു കരുതുന്നില്ല. സംവിധായകരുടെ കഥയ്ക്കും കഥാപാത്രത്തിനും താൻ അനുയോജ്യയാവണമല്ലോ. അതിനനുസരിച്ചല്ലേ അവസരം കിട്ടൂ. തനിക്ക് അനുയോജ്യമായ കഥാപാത്രം തന്നെ തേടിയെത്തുമെന്ന പ്രതീക്ഷയിലാണ് ഷമ്മു.

അജയ്

ഷമ്മു

www.Malutribes.com

എന്റെ നായകന്മാർ

വിക്രമിന്റെ ദൈവത്തിരുമകൾ എന്ന ചിത്രത്തിൽ വളരെ വ്യത്യസ്തമായ പ്രകടനം കാഴ്ചവച്ചിരിക്കുന്ന അനുഷ്ക്ക പറയുന്നത്- തികച്ചും വ്യത്യസ്തമായ കഥാംശമുള്ള ചിത്രമാണ് ദൈവത്തിരുമകൾ. ആ ചിത്രത്തിൽ ബുദ്ധിമാന്ദ്യം സംഭവിച്ച ഒരച്ഛനും അയാളെ ജീവനുതുല്യം സ്നേഹിക്കുന്ന അഞ്ച് വയസ്സുകാരിയായ മകളുമാണ് കേന്ദ്രകഥാപാത്രങ്ങൾ. മറ്റു കഥാപാത്രങ്ങൾ ഈ രണ്ട് കഥാപാത്രങ്ങളെ സപ്പോർട്ട് ചെയ്യുന്നവരാണ്. ചിത്രത്തിലെ രണ്ട് നായികമാരിൽ ഒരാളല്ലേ നിങ്ങളെന്ന് ആക്ഷേപസ്വരത്തിൽ പറയുന്നവരോട് എനിക്കൊന്നെ പറയാനുള്ളൂ- 'വ്യത്യസ്തമായ പ്രകടനം കഴ്ചവയ്ക്കാൻ പറ്റിയ ഒരു കഥാപാത്രം. അത് ചെയ്യാൻ കഴിഞ്ഞത് ഒരഭിനേത്രി എന്ന നിലയിൽ എന്നെ തൃപ്തിപ്പെടുത്തുന്നു.'

നിങ്ങളുടെ നായകന്മാരെക്കുറിച്ച് ഒന്ന് പറയാമോ?

തീർച്ചയായും. വേട്ടക്കാരനിൽ വിജയ്ക്കൊപ്പം അഭിനയിച്ചപ്പോൾ ഒരു കാര്യം എനിക്ക് വ്യക്തമായി. മിടുക്കും കഴിവുമുള്ള ഈ നടനെ ആരും വേണ്ടത്ര രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ലല്ലോ എന്ന്.

ചെയ്യുന്ന തൊഴിലിനോട് എങ്ങനെയാണ് ആത്മാർത്ഥത വച്ചു പുലർത്തേണ്ടതെന്ന് ഞാൻ പഠിച്ചത് സൂര്യയിൽനിന്നാണ്. തൊഴിലിനോട് 100 ശതമാനം സത്യസന്ധത പുലർത്തുന്ന ഒരഭിനേതാവ്. അതുപോലെതന്നെ ഒരു നല്ല ഭർത്താവ്, ഒരു നല്ല അച്ഛൻ എന്ന നിലയിലും സൂര്യ മാതൃകയാണ്. വിക്രമിനെ സംബന്ധിച്ചിടത്തോളം ഗുഡ് ബിഹേവിയർ എന്തെന്നെനിക്ക് കാണിച്ചുതന്ന സഹപ്രവർത്തകനാണ്. അഭിനയത്തിൽ അസാമാന്യ ഡെഡിക്കേഷനുള്ള വിക്രമിന്റെ പെരുമാറ്റവും ജീവിതരീതിയും അനുകരിക്കപ്പെടേണ്ടതാണ്.

Printed published and owned by Madhu R Balakrishnan for Nana published from R Krishnaswamy Memorial Building, Lekshminada, Kollam 691 013 and printed at Pioneer Press (p) Ltd, Boopathy Buildings, Sivakasi.
Editor: Madhu R. Balakrishnan

www.Mallutribes.com

nilapalace Cashew...
a great favourite
with us

SUN KISSED
KAILAS
CASHEWS



Open a pack today and taste the goodness of sun-kissed cashew.

- Plain
- Dry Roasted & Salted
- Oil Roasted & Salted
- Honey Coated
- Pepper Coated
- Chilli & Garlic Coated

Nila Palace Cashew..fabulous, superior grade, export quality cashew....air cleaned and well packed under good hygienic conditions. 6 delicious flavours are available.

NILA PALACE
INDIAN CASHEW KERNELS

Fully mechanized roasting
Untouched by human hands

CHOLESTEROL FREE

Marketed by:

KAILAS
CASHEW EXPORTS

Cashew Processors, Exporters & Importers
Pezhookonam, Cheerancavu, Kollam-691 505, India.
Ph: +91 474 2482585, 2484567
kailascashew@yahoo.com, kailascashew@sancharnet.in
www.kailascashew.com, Fax: +91 474 2482705

www.Mallutribes.com